# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2020 ജൂൺ വോള്യം: 8 ലക്കം:10

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള

സിഐടിയു സ്ഥാപക ദിനം ആവേശ പൂർവം ആചരിച്ചു



ഹേമലത 05

ചിന്തയുടെ ഒഴുക്കുകൾ ഗതിമാറുമ്പോൾ



മാണിക് സർക്കാർ 09

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയും മോഡി സർക്കാരിന്റെ എണ്ണക്കൊള്ളയും
പി നന്ദകുമാർ 11

അതിഥിത്തൊഴിലാളികൾക്ക് കേരള സർക്കാരിന്റെ ക്ഷേമപദ്ധതികൾ 22

ഗാന്ധിമാർ, മണ്ടേലമാർ, ഇന്നത്തെ രാജാക്കന്മാർ
24 ഗോപാലകൃഷ്ണ ഗാന്ധി

തർക്കം അതിർത്തിയിലോ വിദേശനയത്തിലോ



27 വി ബി പരമേശ്വരൻ

ആഗോള പരിസ്ഥിതി ദിനവും കോവിഡ് 19ഉം



29 ജോസ് ടി എബ്രഹാം

'ദി ഇക്കണോമിസ്റ്റ്'ന്റെ വിലാപം
36

# മോഡി സർക്കാർ രാജ്യത്തെ വിൽക്കുന്നു

കോവിഡ് പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് രാജ്യത്തിന്റെ "സ്വാശ്രയത്വം" ലക്ഷ്യം വെക്കുന്നുവെന്നാണ്, പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. പാക്കേജിൽ പ്രഖ്യാപിച്ച പദ്ധതികൾ രാജ്യത്തെ സ്വാശ്രയത്വത്തിലേക്ക് നയിക്കുമെന്ന് കേന്ദ്ര സർക്കാർ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ സർക്കാർ പ്രഖ്യാപിച്ച ഓരോ നടപടിയും രാജ്യത്തിന്റെ സ്വാശ്രയത്വം തകർക്കുന്നതും പൊതുമേഖലയെ നിശ്ശേഷം തകർക്കുന്നതുമാണ്.

കാർഷിക മേഖലയിൽ മൂന്ന് ഓർഡിനൻസുകൾ കേന്ദ്ര സർക്കാർ ഇറക്കി. അവശ്യവസ്തു നിയമം ഭേദഗതി ചെയ്തു. കാർഷിക ഉല്പന്നങ്ങൾ ന്യായവിലക്ക് സർക്കാർ സംഭരിച്ച്, ആശ്വാസവിലക്ക് ജനങ്ങൾക്ക്  നൽകുന്ന പരിപാടി, ദുർബലമാക്കുന്നതാണ് മേൽ നടപടി. ഭക്ഷ്യ ധാന്യങ്ങൾ ഉൾപ്പെടെ അവശ്യവസ്തുക്കൾ സംഭരിച്ച് പൂഴ്ത്തിവെച്ച് കൃത്രിമമായി വിലക്കയറ്റം സൃഷ്ടിച്ച് ജനങ്ങളെ കൊള്ളയടിക്കാൻ കോർപറേറ്റുകൾക്ക് അവസരം ലഭിച്ചു. ദരിദ്ര ചെറുകിട കർഷകരെ തകർത്ത്  വൻകിട അഗ്രി ബിസിനസുകാർക്ക്  കാർഷിക മേഖല തീറെഴുതപ്പെടും.

സ്വയം പര്യാപ്തത സ്വാതന്ത്ര്യസമര സേനാനികളുടെ സ്വപ്നമായിരുന്നു. ഈ സ്വപ്നം സാക്ഷാൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പൊതുമേഖലാ വ്യവസായങ്ങൾ ആരംഭിച്ചത്. ഭക്ഷ്യസ്വയംപര്യാപ്തത, വിലകുറഞ്ഞ മരുന്നുകൾ ലഭ്യമാക്കുക എന്നിവയെല്ലാം രാഷ്ട്രത്തിന്റെ പരിപാടികളായിരുന്നു.

മോഡി സർക്കാർ "സ്വയം പര്യാപ്തത"യുടെ പേര് തന്നെ ഒഴിവാക്കി, രാജ്യത്തെ വിദേശരാജ്യങ്ങൾക്കും വിദേശ മൂലധനശക്തികൾക്കും കീഴ്പ്പെടുകയാണ്. പ്രതിരോധ ഉല്പന്ന മേഖല പോലും സ്വകാര്യവല്ക്കരിക്കുന്നു. കൽക്കരി ഖനന മേഖലയിൽ 100 ശതമാനവും പ്രതിരോധ ഉല്പന്ന നിർമാണ മേഖലയിൽ 74 ശതമാനവും എഫ്ഡിഐ അനുവദിച്ചു. പൊതുമേഖലയാകെ സ്വകാര്യവൽക്കരിക്കുകയാണ്. ഡിഫൻസ്, കൽക്കരി, വ്യോമയാനം, വൈദ്യുതി, ബഹിരാകാശ ഗവേഷണം, ആണവ ഊർജം, ധനകാര്യമേഖല, വാർത്താ വിനിമയം എന്നീ മേഖലകളെല്ലാം സ്വകാര്യ മേഖലക്ക് നൽകാൻ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ദേശീയ ഉൽപാദനശേഷിയെ പൂർണമായ വിദേശ നാടൻ കുത്തകകൾക്ക്  അടിയറ വെച്ചിട്ടാണ് മോഡി സ്വയം പര്യാപ്തതയെക്കുറിച്ച് വീമ്പടിക്കുന്നത്. കോൺഗ്രസ് ഭരണകാലത്ത്, "സ്വദേശി ജാഗരൺ മഞ്ച്" എന്ന പ്രസ്ഥാനമുണ്ടാക്കി, സ്വകാര്യവൽക്കരണത്തെ എതിർത്തിരുന്ന സംഘപരിവാർ ഇപ്പോൾ രാജ്യത്തെയാകെ സ്വകാര്യവൽക്കരിക്കാൻ നേതൃത്വം നല്കുന്നു. ഈ രാജ്യദ്രോഹത്തെ ശക്തമായെതിർക്കാൻ തൊഴിലാളികളെ ഒറ്റക്കെട്ടായി രംഗത്തിറക്കണം.





# സിഐടിയു സ്ഥാപക ദിനം ആവേശ പൂർവം ആചരിച്ചു



ഹേമലത

ജൂൺ മൂന്നിന് ചേർന്ന കേന്ദ്ര ട്രേഡ് യൂണിയനുകളുടെ യോഗം സംയുക്ത സമരങ്ങൾ ശക്തിപ്പെടുത്താൻ തീരുമാനിച്ചു. രാജ്യവ്യാപകമായി ജൂലായ് മൂന്നിന് പ്രതിഷേധ ദിനം ആചരിക്കാനും ആ യോഗം തീരുമാനിച്ചു. കേന്ദ്രസർക്കാരിന്റെ ദേശവിരുദ്ധ, ജനവിരുദ്ധ, തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ നിസ്സഹകരണനിഷേധ സമരത്തിനും തീരുമാനമായി. ഈ സമരരൂപത്തിന് ഉടൻ രൂപം നൽകും.

മെയ് 30 സിഐടിയു സ്ഥാപക ദിനം ആണ്. 2020 മെയ് മുപ്പതിന് സിഐടിയു അമ്പത് വർഷം പൂർത്തിയാക്കി. സമരങ്ങളുടെയും ത്യാഗങ്ങളുടെയും തൊഴിലാളി ഐക്യത്തിനു വേണ്ടിയുള്ള പോരാട്ടങ്ങളുടെയും വർഗ ചൂഷണങ്ങൾക്കെതിരെയുള്ള ഐക്യസമരങ്ങളുടെയും അമ്പതാണ്ടാണ് പിന്നിട്ടത്

സുവർണ ജൂബിലി വർഷം അവിസ്മരണീയമാക്കാൻ ഒരു വർഷം നീളുന്ന പ്രവർത്തന പരിപാടികൾ നടത്താനാണ് സിഐടിയു തീരുമാനിച്ചത്. രാഷ്ട്രീയമായും പ്രത്യയശാസ്ത്രപരമായും സിഐടിയുവിന്റെ ശക്തി വർധിപ്പിക്കുക, ഐക്യപ്രക്ഷോഭങ്ങൾ ശക്തിപ്പെടുത്തുക എന്നിവയിൽ ഊന്നിയാണ് ഈ പ്രവർത്തനങ്ങൾ.

സുവർണ ജൂബിലി ആഘോഷങ്ങളുടെ പരിസമാപ്തി കൊൽക്കത്തയിൽ നടത്താനാണ് തീരുമാനിച്ചത്. സിഐടിയു രൂപീകരണം നടന്നത് ഈ നഗരത്തിലാണ്. സമാപന പരിപാടികൾക്കുശേഷം സിഐടിയു ജനറൽ കൗൺസിൽ ചേരാനും രാജ്യമെമ്പാടും റാലികൾ, സെമിനാറുകൾ, യോഗങ്ങൾ എന്നിവ സംഘടിപ്പിക്കാനും തീരുമാനിച്ചിരുന്നു. എന്നാൽ ലോക്ഡൗൺ മൂലം ഇതൊന്നും നടത്താൻ കഴിയാത്ത സ്ഥിതി സംജാതമായിരിക്കുന്നു.

വൻതോതിൽ ജനങ്ങളെ അണിനിരത്തുന്നതിനുള്ള സാധ്യതകൾ പരിമിതപ്പെട്ടതോടെ, സുവർണ ജൂബിലി വർഷത്തിന് മറ്റൊരു തരത്തിൽ പരിസമാപ്തി കുറിക്കാൻ സിഐടിയു സെക്രട്ടേറിയറ്റ് തീരുമാനിച്ചു. രാജ്യം മുഴുവൻ ലക്ഷക്കണക്കിന് കൊടികൾ ഉയർത്താനും മനുഷ്യച്ചങ്ങലകൾ സംഘടിപ്പിക്കാനും സിഐടിയു ആഹ്വാനംചെയ്തു. കുറച്ചുപേർ കൂടുതൽ സ്ഥലങ്ങളിൽ പരസ്പരം തൊടാതെയും പ്ലക്കാഡും കൊടികളും ഉയർത്തിയും പരിപാടികൾ സംഘടിപ്പിച്ചു. സമകാലിക സംഭവഗതികളോടുള്ള സിഐടിയു നിലപാട് വിശദീകരിച്ചും സംയുക്ത സമരങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യം സംഘടനയുടെ താഴെ തട്ടിൽ വരെ വിശദീകരിച്ചും കഴിയാവുന്ന ഇടങ്ങളിലെല്ലാം ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിക്കാൻ സംസ്ഥാന കമ്മിറ്റികളോട് നിർദേശിച്ചു. സിഐടിയുവിന്റെ അമ്പതാം വർഷം, ഇന്ത്യയിൽ ആദ്യമായി ഒരു ദേശീയ ട്രേഡ് യൂണിയൻ രൂപീകരിച്ചതിന്റെ നൂറാം വർഷം, തൊഴിൽ നിയമങ്ങളെ നിർവീര്യമാക്കൽ, 20 ലക്ഷം കോടി എന്ന വഞ്ചന എന്നീ വിഷയങ്ങളിലും ക്ലാസുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

പുതിയ വർത്തമാനകാല സാഹചര്യം വിശകലനംചെയ്യാനും അത് മുന്നോട്ടുവയ്ക്കുന്ന വെല്ലുവിളികളും, ഈ നിർണായക സാഹചര്യത്തിൽ തൊഴിലാളിവർഗത്തിന്റെ മുന്നിലുള്ള അടിയന്തര ദൗത്യങ്ങളും എന്തെന്ന് കണ്ടെത്താനുമായി 2020 മെയ് 15ന് ചേർന്ന സിഐടിയു സെക്രട്ടേറിയറ്റിന്റെ സമ്പൂർണ യോഗമാണ് ഈ തീരുമാനങ്ങൾ കൈക്കൊണ്ടത്. സിഐടിയു സെന്ററിൽ നിന്ന് അയച്ചുനൽകിയ കുറിപ്പിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് അംഗങ്ങൾ ഏകകണ്ഠമായി ഈ ധാരണകളിലെത്തി.

- ലോക്ഡൗൺ മൂലം തൊഴിലാളികൾക്ക്, പ്രത്യേകിച്ച് കുടിയേറ്റത്തൊഴിലാളികൾക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ജീവിതം ദുസ്സഹമായിരിക്കുന്നു. രാജ്യത്തിന്റെ സമ്പത്ത് സൃഷ്ടിക്കാൻ ഈ തൊഴിലാളികൾ അത്യന്താപേക്ഷിതമാണ്. അവരാണ് രാജ്യത്തിന്റെ ജിഡിപി സൃഷ്ടിക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്നത്.

കഠിനാധ്വാനംചെയ്തുകിട്ടുന്ന വേതനം കൊണ്ട് അന്തസ്സോടെ ജീവിച്ചവർ പൊടുന്നനെ കുടിയൊ

ഴിക്കപ്പെട്ടു, ദാനധർമങ്ങളിൽ അഭയം തേടേണ്ടിവ ന്നു. അടുത്ത ഭക്ഷണം എവിടെ എങ്ങനെ ലഭിക്കു മെന്നറിയാതെ അവർ വലഞ്ഞു. ലക്ഷക്കണക്കിന് തൊഴിലാളികൾ കുടുംബത്തോടൊപ്പം ചേരാനാ യി കാൽനടയായും സൈക്കിളുകളിലും നൂറുകണ ക്കിന് കിലോമീറ്ററുകൾ താണ്ടേണ്ടി വന്നു. ഭാവി യെപ്പറ്റിയോ തൊഴിലിനെപ്പറ്റിയോ ജീവിതത്തെ പ്പറ്റിത്തന്നെയോ ഒരു നിശ്ചയവുമില്ലാത്ത യാത്ര. കാർഷിക മേഖല മുമ്പെങ്ങുമില്ലാത്ത പ്രതിസന്ധി നേരിടുമ്പോൾ എന്തു തൊഴിൽ ലഭിക്കുമെന്നും എങ്ങനെ ജീവിക്കുമെന്നും ഒരു രൂപവുമില്ല അവർ ക്ക്. സർക്കാരിൽ നിന്നോ നീതിപീഠങ്ങളിൽനിന്നോ എന്തെങ്കിലും സഹായം ലഭിക്കുമെന്ന ഒരു പ്രതീക്ഷ യും അവർക്കില്ല.

• തൊഴിലാളികൾക്ക് കിട്ടിക്കൊണ്ടിരുന്ന നിയമപ രിരക്ഷ പൂർണമായും നശിപ്പിക്കാനുള്ള അവസര മായാണ് മോഡി നയിക്കുന്ന ബിജെപി സർക്കാർ ഈ അവസരം കാണുന്നത്. ജനവിരുദ്ധവും തൊ ഴിലാളിവിരുദ്ധവുമായ നവലിബറൽ അജൻഡ ശക്തമായി മുന്നോട്ടു കൊണ്ടുപോകാനാണ് സർ ക്കാരിന് താൽപര്യമെന്ന് തെളിയിക്കുന്നതാണ് ലോ ക്ഡൗണിന് ശേഷമുള്ള സംഭവവികാസങ്ങൾ തെ ളിയിക്കുന്നത്. സംസ്ഥാന സർക്കാരുകൾ തിടുക്ക പ്പെട്ടു തൊഴിൽസമയം കൂട്ടുന്നതിനായി തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുകയാണ്. പ്രധാനമന്ത്രി കാര്യാലയത്തിന്റെ അറിവും സമ്മതവുമില്ലാതെ ഇക്കാര്യങ്ങൾ നടക്കില്ലെന്നുറപ്പാണ്. ഇതിന് അപ വാദം കേരളത്തിലെ എൽഡിഎഫ് സർക്കാർ മാ ത്രമാണ്. തൊഴിലാളി വിരുദ്ധമായ ഒരു നിയമപരി ഷ്കരണത്തിനും തയ്യാറല്ലെന്ന് കേരള സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

•തൊഴിലാളികളോട് വിവിധ പാർട്ടികൾക്കുള്ള സമീപനവും ഈ അവസരത്തിൽ വ്യക്തമായി. ബിജെപി സർക്കാരിന്റെ തൊഴിലാളിവിരുദ്ധ നയ ങ്ങളെ ഒരു പ്രധാന രാഷ്ട്രീയ പാർടിയും ഇതുവരെ എതിർത്തിട്ടില്ല. സമാനമായ സമീപനമാണ് പഞ്ചാ ബിലെയും രാജസ്ഥാനിലെയും കോൺഗ്രസ് സർ ക്കാരുകളിലും ബിജെഡി ഭരിക്കുന്ന ഒഡിഷയിലെ യും സർക്കാരുകൾ കൈക്കൊണ്ടത്. പാർലമെ ന്റിൽ തൊഴിൽനിയമത്തിന് സിഐടിയു ദേശീയ സെക്രട്ടറിയായ എളമരം കരീം മുന്നോട്ടുവച്ച ഭേദ ഗതികൾ വോട്ടിനിട്ടപ്പോൾ ഈ പാർടികൾ സമാ നസമീപനമാണ് തുടർന്നത്. തൊഴിലാളികളുടെ അടിസ്ഥാന അവകാശങ്ങൾക്കുവേണ്ടി നിലകൊ ണ്ടത് ഇടതുപക്ഷ പാർടികൾ മാത്രമാണ്.

• ഈ മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയെ നേരി ടാൻ ബിജെപി സർക്കാർ നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് നിയമം പ്രയോഗിക്കുകയാണ് ചെയ്ത ത്. അതുവഴി പൗരാവകാശങ്ങൾ അടിച്ചമർത്താ നും വിമതശബ്ദങ്ങൾ ഇല്ലാതാക്കാനും എല്ലാ പൗ രന്മാരെയും നിരീക്ഷത്തിനു കീഴിലാക്കാനും ശ്രമി ക്കുന്നു. ലോക്ഡൗണിൽ ജനങ്ങൾ വലയുമ്പോൾ രാഷ്ട്രീയ അധികാരം ഏകീകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

• 'ഇപ്പോഴില്ലെങ്കിൽ ഒരിക്കലുമില്ല' എന്ന സമീപ നമാണ് ഈ അവസരത്തിൽ സർക്കാർ സ്വീകരി ക്കുന്നത്. ചില ഉപദേശകരുടെ നിർദേശപ്രകാരം നവലിബറൽ നയങ്ങൾ ഏറ്റവും തീവ്രമായി അടി ച്ചേൽപ്പക്കാനും ഈ അവസരം വിനിയോഗിക്കുന്നു. അധ്വാനിക്കുന്ന കോടിക്കണക്കിന് മനുഷ്യരുടെ സഹനങ്ങളും വേദനകളും സർക്കാർ പരിഗണി ക്കുന്നേയില്ല. മുതലാളിത്ത വ്യവസ്ഥയുടെ എല്ലാ നൃശംസതകളും ക്രൂരതകളും അതിന്റെ ഏറ്റവും നീ ചമായ രീതിയിൽ ജനങ്ങൾക്കുമുന്നിൽ നഗ്നമാക്ക പ്പെട്ടിരിക്കുന്നു.

• മുതലാളിത്തത്തിന്റെ ക്രൂരതയും മൃഗീയതയും വൈരൂപ്യവും നീതിരാഹിത്യവും ജനങ്ങൾക്കുമു മ്പാകെ തുറന്നുകാട്ടണം. ബൂർഷ്വാ രാഷ്ട്രീയ പാർ ടികളിൽ ജനങ്ങൾക്കു വിശ്വാസം നഷ്ടപ്പെട്ടിരിക്കു ന്നു. തൊഴിൽനഷ്ടമാകട്ടെ, വേതന നഷ്ടമാകട്ടെ, വരുമാന നഷ്ടമാകട്ടെ, കുടിയിറക്കപ്പെടൽ ആക

ട്ടെ, ആരോഗ്യരക്ഷാ സംവിധാനങ്ങളുടെ അഭാവമാകട്ടെ, എല്ലാം സർക്കാരുകളുടെ നയവുമായും രാഷ്ട്രീയവുമായും ഈ നയങ്ങളെ നിർണയിക്കുന്ന ആ രാഷ്ട്രീയവുമായും ബന്ധപ്പെടുത്തണം. ബദൽ നയങ്ങൾ ജനങ്ങൾക്കു മുമ്പാകെ അവതരിപ്പിക്കുകയും സംയുക്ത സമരങ്ങളുടെ ശക്തി അവരെ ബോധ്യപ്പെടുത്തുകയും ആ ഐക്യ സമരങ്ങൾക്കു രൂപം നൽകുകയും വേണം. നവലിബറൽ നയങ്ങളെയും മുതലാളിത്ത വ്യവസ്ഥയെയും തുറന്നുകാട്ടുന്നതിന് നമ്മുടെ ബൗദ്ധികവും പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ എല്ലാ ശക്തിയും കെട്ടഴിച്ചുവിടണം.

• ആർഎസ്എസ്സിനെയും അതിന്റെ വർഗീയ കൂട്ടാളികളുടെയും വിഭാഗീയ ഗൂഢപദ്ധതികളെക്കുറിച്ചും എല്ലാ തലത്തിലുമുള്ള സിഐടിയു പ്രവർത്തകർ ജാഗ്രത പാലിക്കണം. വർഗീയ വിഭാഗീയ പ്രവർത്തനങ്ങളുടെ മുന്നണിയിലാണ് ഇത്തരം സംഘടനകൾ ഉള്ളത്. എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളെയും അധ്വാനിക്കുന്ന മനുഷ്യരെയും ഏകോപിപ്പിച്ച് സമരങ്ങളെ നിഷേധത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും ഉയർന്ന തലങ്ങളിലേക്ക് ഉയർത്തണം. അതിനാകണം നമ്മുടെ മുൻഗണന.

## അനുഭവങ്ങൾ

* ലോക്ഡൗൺ കാലത്തെ രണ്ടുമാസം സംഘടന ഏറ്റെടുത്ത വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ സിഐടിയു സെക്രട്ടേറിയറ്റിന് സമ്പന്നമായ അനുഭവങ്ങളാണ് സമ്മാനിച്ചത്. വിവിധ കമ്മിറ്റികൾ രാജ്യമൊട്ടുക്കു നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലൂടെ തൊഴിലാളികളിലും ജനങ്ങളിലും ഐക്യദാർഢ്യ ബോധം കൊണ്ടുവരാനായത് സുപ്രധാന നേട്ടമായി സിഐടിയു കാണുന്നു. തൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെയും വിവിധ പ്രതിഷേധ പരിപാടികളിൽ പങ്കാളികളാക്കാൻ സാധിച്ചു. സിഐടിയു സ്വതന്ത്രമായും ബഹുജന സംഘടനകളുടെ പിന്തുണയോടെയുംമറ്റു ട്രേഡ് യൂണിയനുകളുമായി ചേർന്നും നടത്തിയ പരിപാടികളിൽ ലക്ഷക്കണക്കിന് തൊഴിലാളികളാണ് സംബന്ധിച്ചത്. രാജ്യത്തെ നാനൂറിലേറെ ജില്ലകളിലെ നാൽപ്പതിനായിരം മുതൽ അറുപതിനായിരം വരെ സ്ഥലങ്ങളിൽ യൂണിയൻ ഓഫീസുകൾ, തൊഴിലിടങ്ങൾ, തെരുവുമൂലകൾ, മട്ടുപ്പാവുകൾ, വീട്ടുമുറ്റങ്ങളിലുമായി വൻതോതിൽ തൊഴിലാളികളും കുടുംബാംഗങ്ങളും സംബന്ധിച്ചു.പ്രാദേശികമായ നിരിവധി ജനങ്ങളും സംബന്ധിച്ചു. ആരംഭഘട്ടത്തിൽ സിഐടിയു ദുരിതാശ്വാസം നൽകിയ കുടിയേറ്റത്തൊഴിലാളികളിൽ വലിയ പങ്കും നമ്മുടെ പരിപാടികളിൽ ഭാഗഭാക്കായി. പിന്നീടുള്ള പരിപാടികളിൽ അതാതു പ്രദേശങ്ങളിലെ തൊഴിലാളികൾ യൂണിയൻ ഓഫീസുകളിലും തൊഴിലിടങ്ങളിലും പ്രവർത്തനങ്ങളിൽ സംബന്ധിച്ചു. പങ്കാളിത്തത്തിൽ ഒരു കുറവും വന്നിട്ടില്ലെന്നതാണ് ഏറ്റവും പ്രധാനകാര്യം.

* ഈ വിലയിരുത്തലുകളുടെയും അനുഭവങ്ങളുടെയും പശ്ചാത്തലത്തിൽ, സംയുക്ത സമരങ്ങൾ നിഷേധത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും നിലയിലേക്ക് ഉയർത്തണമെന്ന പതിനാറാം സമ്മേളനത്തിന്റെ തീരുമാനം സിഐടിയു സെക്രട്ടേറിയറ്റ് ഉയർത്തിപ്പിടിക്കുന്നു.

* സിഐടിയുവിന്റേതിന് സമാനവിലയിരുത്തൽ തന്നെയാണ് സംയുക്തവേദിയുടെ ഭാഗമായ കേന്ദ്ര ട്രേഡ് യൂണിയനുകൾക്കും വ്യവസായ ഫെഡറേഷനുകൾക്കും. ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദിയുടെ ആഹ്വാനമനുസരിച്ച് മെയ് 22ന് നടത്തിയ പ്രതിഷേധ ദിനാചരണത്തിന് തൊഴിലാളിവർഗത്തിൽനിന്ന് വമ്പിച്ച പിന്തുണയാണ് ലഭിച്ചത്. മഹാരാഷ്ട്ര പോലുള്ള സംസ്ഥാനങ്ങളിൽ 22 യൂണിറ്റുകളിലായി രണ്ടു മണിക്കൂർ സമരം നടത്തി. കർണാടക, ആന്ധ്രപ്രദേശ് തുടങ്ങിയ ചില സംസ്ഥാനങ്ങളിൽ ദുരിതാശ്വാസം ആവശ്യപ്പെട്ട് ആയിരക്കണക്കിന് തൊഴിലാളികൾ സമരം നടത്തി. ശാരീരിക അകലം പാലിച്ചുകൊണ്ടും ലോക്ഡൗൺ പ്രോട്ടോക്കോളുകൾ പാലിച്ചുകൊണ്ടുമായിരുന്നു ഈ സമരങ്ങൾ.

* ഈ പശ്ചാത്തലത്തിലാണ് സിഐടിയുവിന്റെ സ്ഥാപകദിനം മെയ് 30ന് ആചരിച്ചത്. എല്ലാ സം



സ്ഥാന ഘടകങ്ങളിൽനിന്നുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ലെങ്കിലും ഏറ്റവും വിപുലമായി സിഐടിയു സുവർണ ജൂബിലി ആചരിക്കപ്പെട്ടിട്ടുണ്ട്. പല സംസ്ഥാനങ്ങളിലും പ്രവർത്തകർ വീടുകൾ അലങ്കരിച്ചും കേക്കു മുറിച്ചുമൊക്കെയാണ് സിഐടിയു സുവർണജൂബിലി ആഘോഷിച്ചത്. മറ്റുചിലർ തൊഴിലിടങ്ങളിലും യൂണിയൻ ഓഫീസുകളിലും തെരുവുകളിലുമെല്ലാം സിഐടിയുവിന്റെ കൊടികൾ ഉയർത്തിയും സർക്കാരുകളുടെ നവലിബറൽ അജൻഡ ചെറുത്തുതോൽപ്പിക്കുമെന്ന നിശ്ചയദാർഢ്യത്തോടെ പ്ലക്കാഡുകൾ ഉയർത്തിയും ജൂബിലി ആഘോഷം നടന്നു. തൊഴിൽനിയമങ്ങളിൽ വെള്ളം ചേർക്കുന്നതിനെതിരെ പ്രതിഷേധമുയർത്തിയ തൊഴിലാളികൾ, തങ്ങൾ കാലങ്ങളായി നേടിയെടുത്ത അവകാശങ്ങൾ അടിയറവയ്ക്കില്ലെന്നും പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാൻ അനുവദിക്കില്ലെന്നും ദൃഢമായി പ്രഖ്യാപിച്ചു. ലഭിച്ച റിപ്പോർട്ടുകൾ അനുസരിച്ച് സിഐടിയു സ്ഥാപക ദിനം രാജ്യത്തെ നാനൂറു ജില്ലകളിലെ അരലക്ഷത്തോളം കേന്ദ്രങ്ങളിൽ നടന്ന പരിപാടികളിൽ നാലുലക്ഷത്തിലേറെ തൊഴിലാളികൾ കുടുംബസമേതം പങ്കെടുത്തു.

* ജൂൺ ഒന്നിന് ഓൺലൈനായി ചേർന്ന സിഐടിയു സെക്രട്ടേറിയറ്റ് യോഗം സിഐടിയു പതിനാറാം സമ്മേളനത്തിന്റെ മുദ്രാവാക്യം ഊന്നിപ്പറഞ്ഞു. അഖിലേന്ത്യ കർഷകത്തൊഴിലാളി യൂണിയൻ ജൂൺ നാലിന് ആഹ്വാനം ചെയ്ത പ്രതിഷേധദിന പരിപാടിയുടെ ഭാഗമായുള്ള ഐക്യദാർഢ്യ പരിപാടികളിൽ ഭാഗഭാക്കാകാൻ ആഹ്വാനം ചെയ്തിരുന്നു. മെയ് 15ന്റെ യോഗം അംഗീകരിച്ച കുറിപ്പിന് വ്യാപകമായ പ്രചാരണം നൽകാനും അവ പ്രാദേശിക ഭാഷകളിലേക്ക് മൊഴിമാറ്റാനും തീരുമാനിച്ചു. മൊത്തം സംഘടനയിലെ താഴെ തട്ടിൽവരെ ധാരണ ഉണ്ടാക്കാൻ ഇതുവഴി സാധിക്കണം.

* ബിജെപി സർക്കാരിന്റെ തൊഴിലാളിവിരുദ്ധവും ജനവിരുദ്ധവും ദേശവിരുദ്ധവുമായ നയങ്ങൾക്കെതിരെയുള്ള സമരം ശക്തമാക്കാൻ ജൂൺ മൂന്നിന് ചേർന്ന കേന്ദ്ര ട്രേഡ് യൂണിയനുകളുടെ യോഗം തീരുമാനിച്ചു. തൊഴിലാളികളെ പിരിച്ചുവിടുന്നതിനും വേതനം വെട്ടിക്കുറയ്ക്കുന്നതിനും തൊഴിൽസമയം കൂട്ടുന്നതിനും തൊഴിൽനിയമങ്ങൾ തൊഴിലാളി വിരുദ്ധമായി പരിഷ്കരിക്കുന്നതിനും എതിരെയാവണം സമരങ്ങൾ. ഒപ്പം കുടിയേറ്റത്തൊഴിലാളികളുടെ വിഷയങ്ങളിലും പ്രത്യേകം ശ്രദ്ധനൽകണം. കുടിയേറ്റത്തൊഴിലാളികൾക്ക് 7500 രൂപ മാസംതോറും പണമായി നൽകുക, ആറുമാസം സൗജന്യ റേഷൻ അനുവദിക്കുക, ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്ട് ഫലപ്രദമായി നടപ്പാക്കുക, എല്ലാ കുടിയേറ്റത്തൊഴിലാളികളെയും റജിസ്റ്റർ ചെയ്യുക, തൊഴിലുറപ്പുനിയമത്തിന്റെ പരിധിയിൽ എല്ലാ കുടിയേറ്റത്തൊഴിലാളികളെയും ഉൾപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ ശക്തമായി ഉയർത്താനും യോഗം തീരുമാനിച്ചു.

* ഈ ആവശ്യങ്ങൾ ഉന്നയിച്ച് ജൂലായ് മൂന്നിന് രാജ്യവ്യാപകമായി പ്രതിഷേധ ദിനം ആചരിക്കാനും യോഗം തീരുമാനിച്ചു. കേന്ദ്രസർക്കാരിന്റെ ദേശവിരുദ്ധവും ജനവിരുദ്ധവും തൊഴിലാളി വിരുദ്ധവുമായ നയങ്ങൾക്കെതിരെ നിസ്സഹകരണ നിഷേധ സമരങ്ങൾക്ക് ഉടൻ തന്നെ മൂർത്ത രൂപം നൽകാനും യോഗം തീരുമാനിച്ചു. ■



# ചിന്തയുടെ ഒഴുക്കുകൾ ഗതിമാറുമ്പോൾ



മാണിക് സർക്കാർ

2008 മുതൽ മുതലാളിത്തലോകം ഒരു പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുന്നു; അതിന്റെ അടിസ്ഥാന കാരണം നവലിബറൽ മുതലാളിത്ത വ്യവസ്ഥയാണ്.

ഈ പ്രതിസന്ധിയിൽ പെട്ടുഴലുന്ന മുതലാളിത്തം അതിൽ നിന്ന് കരകയറാൻ പരമാവധി ശ്രമിക്കുന്നു. മുമ്പുണ്ടായ ഇത്തരം പ്രതിസന്ധികളിൽ നിന്നും വ്യത്യസ്തമായി, അതിനായി അവർ പയറ്റിയ തന്ത്രങ്ങളൊക്കെയും പരാജയപ്പെട്ടു. പണം മാത്രം നയിക്കുന്ന നവലിബറൽ ക്രമത്തിന്റെ പൊള്ളത്തരവും കുറവുകളും ഇത് തുറന്നുകാണിച്ചു.

ഈ പശ്ചാത്തലത്തിൽ, കൊറോണ വൈറസ് മഹാമാരിയുടെ അതിവേഗത്തിലുള്ള വ്യാപനം ഒരു വെള്ളിടിവെട്ടിയതുപോലെയാണ് വന്നുപെട്ടിരിക്കുന്നത്. അത് ഒറ്റയടിക്ക് ലോകത്തെ തളർത്തിക്കളയുന്ന സാമ്പത്തിക മാന്ദ്യത്തിലേക്ക് തള്ളിവിടുകയും മുതലാളിത്തത്തിന്റെ മനുഷ്യത്വമില്ലായ്മയും വഞ്ചനയും തെളിയിക്കുകയും ചെയ്തു. കൊറോണവൈറസിന്റെ മാരകമായ ആക്രമണം ലോകത്തെ തകർക്കുന്നുവെന്നതിൽ സംശയമില്ല. ഇത് അസംഖ്യം മനുഷ്യജീവിതങ്ങൾ കവർന്നെടുക്കുക മാത്രമല്ല, നമ്മുടെ ഭൂമിയിലെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ജീവിതത്തെ സാരമായി ബാധിക്കുകയും ചെയ്തു. എന്നിരുന്നാലും, ഈ നാശത്തിന്റെ വലിയൊരു പങ്ക് മനുഷ്യനിർമിതവും ലോകത്തിന്റെ മിക്കഭാഗങ്ങളിലും ഇന്ന് നിലനിൽക്കുന്ന സാമൂഹികവ്യവസ്ഥയുടെ പ്രതിഫലനവുമാണ്.

കോവിഡ് 19 ഭീഷണിയെ നേരിടാൻ അവശ്യം വേണ്ടിയിരുന്നത്, ഓരോ രാജ്യത്തും ഫലപ്രദമായ ഒരു പൊതുജനാരോഗ്യസംവിധാനം ഉണ്ടായിരിക്കുക എന്നതായിരുന്നു. എന്നാൽ സമ്പന്നമെന്നു വീമ്പിളക്കുന്ന മിക്കവാറും എല്ലാ വികസിത മുതലാളിത്ത രാജ്യങ്ങളും ആരോഗ്യസംരക്ഷണത്തെ ലാഭമുണ്ടാക്കാനുള്ള ഒരു സംരംഭമാക്കി മാറ്റി. പൊതുമേഖലയിലെ സംവിധാനങ്ങൾ കുറയ്ക്കുകയും, അതുവഴി തങ്ങളുടെ ജനങ്ങളെ സംരക്ഷിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തു. ഈ രാജ്യങ്ങളൊക്കെ തങ്ങളുടെ ആരോഗ്യവിദ്യാഭ്യാസ സംവിധാനങ്ങൾ സ്വകാര്യ മൂലധനത്തിനു കൈമാറി. മനുഷ്യന്റെ ക്ഷേമത്തിനും വികാസത്തിനുമായി ഈ രണ്ട് സുപ്രധാനവും അടിസ്ഥാനപരവുമായ ഘടകങ്ങൾ സാർവത്രികമാക്കാനുള്ള ഉത്തരവാദിത്തം നവലിബറലിസം ഉപേക്ഷിച്ചു. ആഗോളവൽക്കരണം എന്നാൽ എല്ലാ മേഖലകളിലെയും ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ലാഭം വർദ്ധിപ്പിക്കൽ എന്നിവയായി മാറി. സോവിയറ്റ് യൂണിയന്റെ പതനത്തിനുശേഷം ഈ ജനവിരുദ്ധ നയങ്ങൾ പ്രബലമായി.

കോവിഡ് മഹാമാരിയും ഈ രാജ്യങ്ങളിലെ ഭരണാധികാരികളുടെ പ്രതികരണവും വ്യവസ്ഥയുടെ മനുഷ്യത്വരഹിതവും ചൂഷണപരവുമായ സ്വഭാവം വ്യക്തമാക്കുന്നു. ലോകത്തിലെ ഏറ്റവും ശക്തമായ മുതലാളിത്ത രാജ്യമായ അമേരിക്കൻ ഐക്യനാടുകൾ ഇതിന്റെ ഭീകരമായ ഒരു ചിത്രമാണ്. വൻകിട ബിസിനസുകാർ നടത്തുന്ന ആരോഗ്യമേഖല യുഎസിനുണ്ട്; എന്നാൽ, പൊതുജനാരോഗ്യ സംവിധാനം നാമമാത്രമാണ്. ചെലവേറിയ സ്വകാര്യ ഇൻഷുറൻസ് ജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ ലഭ്യമാക്കുന്നത് മുടക്കുന്നു. ലോകത്ത് ഏറ്റവും കൂടുതൽ കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യതും (ഏകദേശം 2 ദശലക്ഷം), ഏറ്റവും കൂടുതൽ മരണങ്ങൾ (ഒരു ലക്ഷത്തിലധികം) നടന്നതുമായ രാജ്യം എന്ന





ചീത്തപ്പേര് യു എസ്സിനുണ്ട്. മികച്ച വൈദ്യസഹായവും സാങ്കേതികവിദ്യയുമുള്ള ഒരു രാജ്യത്ത് ഇത് സംഭവിക്കാം എന്നത് മുതലാളിത്തത്തിന്റെ ഗുരുതരമായ കുറ്റമാണ്. മനുഷ്യരേക്കാൾ മുൻഗണന ലാഭത്തിനു കൊടുത്തതുകൊണ്ടാണ് ഇത് സംഭവിച്ചത്.

പൊതുജനാരോഗ്യത്തിലൂടെയും പൊതുപ്രവർത്തനത്തിലൂടെയും കോവിഡ് പാൻഡെമിക്കിനെ ഫലപ്രദമായി കൈകാര്യം ചെയ്ത സോഷ്യലിസ്റ്റ് രാജ്യങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമാണ് ഇത്. ചൈന, വിയറ്റ്നാം, ക്യൂബ എന്നിവയെല്ലാം ഒരു സോഷ്യലിസ്റ്റ് സംവിധാനം വരുത്തുന്ന വ്യത്യാസത്തിന് ഉദാഹരണങ്ങളാണ്. യുഎസിന്റെ മോശം റെക്കോർഡിന് വിരുദ്ധമായി, വിയറ്റ്നാമിൽ വൈറസ് മൂലം മരണമൊന്നുമില്ല.

ഒരു സോഷ്യലിസ്റ്റ് രാഷ്ട്രം ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ വിപണിയുടെ ഉലച്ചിലുകൾക്ക് വിട്ടുകൊടുക്കില്ല പ്രത്യേകിച്ച്, ആരോഗ്യവും വിദ്യാഭ്യാസവും. ജനക്ഷേമം മുൻനിറുത്തി ആസൂത്രണത്തിലൂടെ സമ്പദ്വ്യവസ്ഥയുടെ വിവിധ മേഖലകളിലേക്ക് വിഭവങ്ങൾ അനുവദിക്കുന്നതിൽ ഭരണകൂടം പങ്കുവഹിക്കുന്നു. സാമ്പത്തികനിയന്ത്രണങ്ങളും ഉപരോധങ്ങളും കാരണം വലിയ പ്രതിസന്ധികൾ നേരിടേണ്ടി വരുമ്പോഴും ക്യൂബ ഒരിക്കലും ഈ തത്ത്വങ്ങൾ ഉപേക്ഷിച്ചിട്ടില്ല. അതുകൊണ്ടാണ് ക്യൂബയിൽ മാതൃകാപരമായ ഒരു പൊതുജനാരോഗ്യവിദ്യാഭ്യാസ സമ്പ്രദായമുള്ളത്.

പകർച്ചവ്യാധിയുടെ നാലുമാസത്തിനുശേഷം, ലോകമെമ്പാടുമുള്ള ആളുകൾക്ക് മുതലാളിത്തവും സോഷ്യലിസവും ഈ സാഹചര്യത്തെ എങ്ങനെ നേരിട്ടുവെന്ന് വ്യക്തമായി കാണാൻ കഴിയും. ഇതിനകം തന്നെ വർദ്ധിച്ചുവരുന്ന അസമത്വങ്ങളും സാമൂഹ്യക്ഷേമനടപടികളുടെ അഭാവവും മൂലം ബുദ്ധിമുട്ടുന്ന മുതലാളിത്ത രാജ്യങ്ങളിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം, അവരുടെ ജീവിതത്തിൽ നാശം വിതച്ച മഹാമാരി നിലവിലെ വ്യവസ്ഥിതിയ്ക്കുള്ളിൽ അവർക്ക് നീതിയും സമത്വവും ലഭിക്കില്ലെന്ന് സ്ഥിരീകരിക്കുകയാണ്. അവരുടെ മുന്നിലുള്ളത് ജീവനോപാധികളുടെ നഷ്ടവും, കുടുംബത്തിൽ ദാരിദ്ര്യവുമാണ്.

ഇത് ജനങ്ങളുടെ, പ്രത്യേകിച്ച് അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെയും യുവതലമുറയുടെയും ചിന്താഗതിക്ക് ഒരു ഉലച്ചിൽവരുത്താൻ ഇടയായിട്ടുണ്ട്. ഒരു കറുത്തവർഗക്കാരനെ വംശവെറിയുടെ പേരിൽ പോലീസുകാർ കൊലപ്പെടുത്തിയതിനെതിരെ അമേരിക്കയിൽ വ്യാപകമായി നടന്ന പ്രതിഷേധത്തിൽ നിന്ന് അവർ ഇനിയും ചവിട്ടേറ്റുകിടക്കാൻ തയാറാകില്ല എന്ന് വ്യക്തം.

ലോകമെമ്പാടും, ഭരണവർഗങ്ങൾ അവരുടെ ചൂഷണവ്യവസ്ഥയെ ബാധിക്കുന്ന പ്രതിസന്ധികളെ മറികടക്കാൻ ജനങ്ങൾക്ക്മേൽ ഭാരം ചുമത്തി അവരുടെ അവകാശങ്ങൾ വെട്ടിക്കുറയ്ക്കാൻ ശ്രമിക്കും. ഇത് അധ്വാനിക്കുന്ന ജനങ്ങൾ എതിർക്കുകയും ചെറുക്കുകയും ചെയ്യുന്ന ഒന്ന് തന്നെയാണ്. എന്നാൽ, മറ്റൊരു ലോകം സാധ്യമാണ് എന്ന അവബോധം വളരുകയാണെങ്കിൽ ഈ പ്രതിരോധത്തിന്റെ സ്വഭാവത്തിൽതന്നെ ഗുണപരമായ വ്യത്യാസങ്ങൾ വരും.

ചിന്തയുടെ ഈ ഗതിമാറ്റത്തിന് ഭൗതികവ്യത്യാസങ്ങൾ വരുത്താനുള്ള ശക്തി കൈവരണമെങ്കിൽ കൂട്ടായ പ്രവർത്തനവും സംഘാടനവും ആവശ്യമാണ്. സമൂഹത്തിലെ എല്ലാ പുരോഗമന, ഇടതുപക്ഷ ശക്തികളുടെയും മുന്നിലുള്ള ദൗത്യം അതാണ്. സുധീരമായ ചിന്താഗതികൾക്കും പ്രസ്ഥാനം കെട്ടിപ്പടുക്കാനുള്ള നൂതനമാർഗങ്ങൾക്കുമായി സാഹചര്യം ഉറക്കെ ആവശ്യപ്പെടുന്നു. ■

# കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയും മോഡി സർക്കാരിന്റെ സ്വാശ്രയ നയവും എണ്ണക്കൊള്ളയും

പി നന്ദകുമാർ

**1848**ൽ എഴുതിയ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയും ഇന്ന് ഇന്ത്യയിൽ മാസ്ക് ഇട്ട് നടത്തുന്ന എണ്ണക്കൊള്ളയും തമ്മിൽ എന്ത് ബന്ധം? മുതലാളിത്ത വ്യവസ്ഥയെ അപഗ്രഥിച്ച് കൊണ്ട് മാർക്സ് ചൂണ്ടിക്കാണിച്ചത് ഇങ്ങനെയാണ്. "ലോകകമ്പോളത്തെ ചൂഷണം ചെയ്യുന്നതിലൂടെ ബൂർഷാസി ഓരോ രാജ്യത്തിലെയും ഉല്പാദനത്തിനും ഉപഭോഗത്തിനും ഒരു സാർവലൗകിക സ്വഭാവം നൽകിയിട്ടുണ്ട്. പ്രതിലോമ വാദികളെ വളരെയേറെ വേദനിപ്പിച്ച് കൊണ്ട് വ്യവസായത്തിന്റെ കാൽകീഴിൽ നിന്ന് അത് നിലയുറപ്പിച്ചിരുന്ന ദേശീയ അടിത്തറയെ ബുർഷാസി വലിച്ചു മാറ്റി. എല്ലാ പരമ്പരാഗത വ്യവസായങ്ങളെയും അത് നശിപ്പിച്ചു. അഥവാ പ്രതിദിനം നശിപ്പിച്ചു വരികയാണ്. തൽസ്ഥാനം പുതിയ വ്യവസായങ്ങൾ ഏറ്റെടുക്കുന്നു. അവ ഏറ്റെടുക്കേണ്ടത് എല്ലാ പരിഷ്കൃതരാജ്യങ്ങൾക്കും ഒരു ജീവന്മരണ പ്രശ്നമായി തീരുന്നു. ഈ പുതിയ വ്യവസായങ്ങൾ ഉപയോഗിക്കുന്ന അസംസ്കൃത സാധനങ്ങൾ തദ്ദേശീയമല്ല. അതിവിദൂര പ്രദേശങ്ങളിൽ നിന്നും കൊണ്ടുവരുന്നവയാണ്. അവയുടെ ഉല്പന്നമാകട്ടെ അതത് നാട്ടിൽ മാത്രമല്ല ലോകത്തിന്റെ ഏത് കോണിലും ഉപയോഗിക്കപ്പെടുന്നുണ്ട്."

മോദിയുടെ സ്വാശ്രയത്തിൽ ഊന്നിയ നയം എന്ന പ്രചാരണം തികച്ചും വഞ്ചനയാണെന്ന് തെളിയിക്കുന്നതാണ് സംഭവങ്ങൾ. 1984 ൽ രാജീവ് ഗാന്ധി ഇന്ത്യൻ പാർലമെന്റിൽ നടത്തിയ പ്രസംഗത്തിൽ പെട്രോളിയം ഉല്പന്നങ്ങളുടെ കാര്യത്തിൽ ഇന്ത്യ സ്വയംപര്യാപ്തതയിലേക്ക് നീങ്ങുന്നു എന്ന് പറയുകയുണ്ടായി. ഇന്ത്യ പൊതുമേഖലയിൽ വളത്തിയെടുത്ത ONG യും IOC യും BPCL,HP യും എല്ലാം വളർന്ന് പന്തലിച്ച് വരുമ്പോഴാണ് ഗോദാവരി തീരത്ത് ONGC കണ്ടെത്തിയ എണ്ണപ്പാടങ്ങൾ അമ്പാനിയുടെ റിലയൻസ് കമ്പനിയെ ഏല്പിക്കുന്നത്. തുടന്ന് അവർ നടത്തിയ എണ്ണ കൊള്ള കുപ്രസിദ്ധമാണല്ലോ. GASWARS 'Crony Capitalisam And The Ambanis' എന്ന പുസ്തകകത്തിൽ പരൻജോയ് ഗുഹ താക്കൂർത്തെ കൊള്ള നല്ലവണ്ണം പുറത്ത് കൊണ്ടുവന്നിട്ടുണ്ട്.'

നവലിബറൽ നയങ്ങൾ എണ്ണക്കമ്പനികൾക്ക് നല്ല അവസരം നൽകുകയും ചെയ്തു. സ്വകാര്യവൽക്കരണം ശക്തിപ്പെട്ടതോടെ റിലയൻസും, എസ്സാറും, ഷെല്ലും എല്ലാം തടിച്ച കൊഴുത്തു. റിലയൻസിനു വൻ റിഫൈനറി കൈവശമുള്ളതിനാൽ കൊള്ളലാഭം കണ്ടമാനം കൂടി. ഇറക്ക് മതിയാണ്






ആഭ്യന്തര ഉല്പാദനത്തെക്കാൾ ഇപ്പോൾ കുടുതൽ ലാഭലഭ്യത എന്ന് മനസ്സിലാക്കി ഗോദാവരി മേഖല മെല്ലെ കയ്യൊഴിയുന്ന മട്ടിലാണ്. കുറഞ്ഞ ചിലവിൽ റിഫൈൻ നടത്താൻ സൗകര്യമുള്ളതിനാൽ വൻ ലാഭത്തിൽ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയുന്നു. ഇന്ന് 108 ൽ പരം രാജ്യങ്ങളിലേക്ക് റിലയൻസ് കമ്പനിയുടെ വിവിധങ്ങളായ പെട്രോളിയം ഉല്പന്നങ്ങൾ കയറ്റി അയക്കുന്നുണ്ട്. ഇവരുടെ താല്പര്യമാണല്ലോ മോദി സർക്കാർ സംരക്ഷിക്കുന്നത്. അതോടൊപ്പം സർക്കാർ ഖജനാവിലേക്ക് പണം കണ്ടെത്തലും. 2 ലക്ഷത്തിലധികം കോടി രൂപയാണ് തീരുവ വർദ്ധിപ്പിച്ചതിലൂടെ സർക്കാരിനു ലഭിച്ചത്.

ഇന്ത്യയുടെ എണ്ണ ഇറക്ക് മതിയിൽ 60 ശതമാനവും പശ്ചിമ ഏഷ്യൻ രാജ്യങ്ങളിൽ നിന്നാണ്. എണ്ണ വിലയിൽ ഒരു ഡോളറിന്റെ ഇടിവ് വന്നാൽ ഇന്ത്യക്ക് ലാഭിക്കാൻ കഴിയുന്ന ത് 3000 കോടി രൂപയാണ്. ഇപ്പോൾ 40 ഡോളറിൽ എത്തി നിൽക്കയാണ് ക്രൂഡ് ഓയിൽ വില. ഇത്ര വിലയിടിഞ്ഞിട്ടും ആഭ്യന്തര മാർകറ്റിൽ വില കുറക്കാൻ തയ്യാറാകാത്തത് എണ്ണക്കമ്പനികളുടെ കൊള്ളക്ക് അവസരം ഉണ്ടാക്കി കൊടുക്കലും, ഇന്ത്യാ ഗവൺമെന്റിന്റെ ധനക്കമ്മി കുറക്കുന്നതിന് വഴിയൊരുക്കലുമാണ്.

അതിനാണ് പാവപ്പെട്ടവന്റെ പിച്ചചട്ടിയിൽ നിന്നു കയ്യിട്ട് വാരുന്നത്. കടത്ത് കൂലിയിൽ വരുന്ന വർദ്ധനവും അത് വഴി വരുന്ന വിലക്കയറ്റവും, ഉല്പാദനച്ചിലവ് കൂട്ടുന്നതും, സാധാരണക്കാരന്റെ യാത്രാച്ചിലവ് വർദ്ധിക്കുന്നതും, തൊഴിലും കൂലിയും നഷ്ടപ്പെടുന്നതും ഒന്നും തന്നെ മോദി സർക്കാരിന് പ്രശ്നമല്ല. കോവിഡ് കാലത്തെ ഈ കൊള്ളക്കെതിരെ ശക്തമായ പ്രതിഷേധം ഉയർത്തിയത് ഇടത് പക്ഷവും ട്രേഡ് യൂനിയൻ സംഘടനകളുമാണ്. ഇന്ത്യയിലെ പ്രധാന പ്രതിപക്ഷമായ കോൺഗ്രസ് പെട്രോളിയം വിലക്കയറ്റ പ്രശ്നത്തിൽ ശരിയായ സമീപനം കൈക്കൊണ്ട് ദേശവ്യാപക പ്രക്ഷോഭത്തിനു തയ്യാറായിട്ടില്ല. വാചകങ്ങൾക്കപ്പുറം ഈ വിഷയത്തിൽ ശക്തമായ സമീപനം എടുക്കാൻ കോൺഗ്രസ്സിനു കഴിയുകയില്ല.

അവരും നവലിബറൽ നയത്തിന്റെ വക്താക്കളാണ്. കേരളത്തിലെ പ്രതിപക്ഷമാണെങ്കിൽ സംസ്ഥാന സർക്കാരിനെ അസ്ഥിരപ്പെടുത്താനുള്ള തിരക്കലാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവിന്നെതിരെ ഇന്നത്തെ പരിമിധികൾക്കകത്ത് നിന്ന് കൊണ്ടു തന്നെ പ്രക്ഷോഭ സമരങ്ങൾ ഉയർത്തിക്കൊണ്ടു വരേണ്ടതുണ്ട്. ■



### പുതിയ സാഹചര്യം

# നമ്മുടെ തന്ത്രവും അടിയന്തര ദൗത്യങ്ങളും

കോവിഡ് 19 മഹാമാരിയും രാജ്യവ്യാപക ലോക്ഡൗണും ഒരു പുതിയ സാഹചര്യമാണ് സൃഷ്ടിച്ചിരിക്കുന്നത്. 2020 മെയ് 15ന് നടന്ന സിഐടിയു സെക്രട്ടേറിയറ്റ് യോഗം സിഐടിയു സെന്റർ തയ്യാറാക്കിയ കരടിനെ അടിസ്ഥാനമാക്കി ഈ പുതിയ സാഹചര്യത്തെക്കുറിച്ച് ചർച്ച ചെയ്തു. ഈ സാഹചര്യം തൊഴിലാളി വർഗത്തിന് മുന്നിൽ വയ്ക്കുന്ന വെല്ലുവിളികളെക്കുറിച്ച് യോഗത്തിൽ ഏകകണ്ഠമായ ഒരു ധാരണയുണ്ടാക്കുകയും വെല്ലുവിളികൾ ചെറുക്കാനുള്ള ഫലപ്രദമായ തന്ത്രങ്ങളാവിഷ്കരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

വർത്തമാനകാല സാഹചര്യങ്ങളെ സിഐടിയു സെക്രട്ടേറിയറ്റ് മനസ്സിലാക്കിയതിനെക്കുറിച്ചും അത് മറികടക്കാൻ ഈ ധാരണയുടെ അടിസ്ഥാനത്തിൽ നമ്മൾ സ്വീകരിക്കേണ്ട തന്ത്രങ്ങളും അടിയന്തരദൗത്യങ്ങളെക്കുറിച്ചുമാണ് ഈ കുറിപ്പ്:

## പുതിയ സാഹചര്യങ്ങളുടെ പ്രധാന സവിശേഷതകൾ ഇവയാണ്.

### • തൊഴിൽനഷ്ടം

സിഎംഇഐ കണക്കുകൂട്ടുന്നത് സംഘടിത മേഖലയിലും അസംഘടിത മേഖലയിലും 14 കോടി പേർക്ക് തൊഴിൽനഷ്ടപ്പെടുമെന്നാണ് കണക്കുകൂട്ടിയത്. എല്ലാ മേഖലയിലും പ്രവർത്തിക്കുന്ന കുടിയേറ്റ തൊഴിലാളികളെയാണ് ഇത് ഏറ്റവും കൂടുതൽ ബാധിച്ചത്. ലക്ഷക്കണക്കിന് തൊഴിലാളികൾ ഭാര്യക്കും മക്കൾക്കുമൊപ്പം ഉള്ളതും കെട്ടിപ്പെറുക്കി തോളിലും തലയിലും വച്ച് ആയിരക്കണക്കിന് മൈലുകൾ കാൽനടയായി യാത്ര തുടരുകയാണ്. പട്ടിണികൊണ്ടും അപകടത്തിൽപ്പെട്ടും നൂറുകണക്കിനാളുകൾ മരിച്ചുവീണു. വീട്ടിലെത്തും മുമ്പ് മരിച്ചു വീഴുന്ന സ്ഥിതി വിവരണാതീതമാണ്. തൊഴിലാളികളെ പിരിച്ചുവിടരുതെന്നും അവരുടെ വേതനം കുറയ്ക്കരുതെന്നും താമസസ്ഥലത്തുനിന്ന് ഇറക്കിവിടരുതെന്നുമുള്ള സർക്കാരിന്റെ നിർദേശങ്ങളും മുന്നറിയിപ്പുകളും ഏട്ടിലെ പശുവായി.

### • എല്ലാ മേഖലയിലെയും തൊഴിലാളികളുടെ ദൈന്യം

രാജ്യത്തിന് സമ്പത്തുസൃഷ്ടിക്കുന്നതിലും രാജ്യത്തിനു സേവനം ഉറപ്പുവരുത്തുന്നതിലും രാജ്യത്തിന് ജിഡിപി ഉണ്ടാക്കുന്നതിലും ഈ തൊഴിലാളികൾ അത്യന്താപേക്ഷിതമാണ്. മാന്യമായി ജീവിച്ചവരും കഠിനാധ്വാനത്തിലൂടെ ലഭിക്കുന്ന ഉപജീവനമാർഗം അഭിമാനത്തോടെ സ്വീകരിക്കുകയും ചെയ്യുന്ന തൊഴിലാളികൾ പെട്ടെന്ന് ഭവനരഹിതരും പട്ടിണിക്കാരുമായി. ദാനധർമങ്ങളെ മാത്രം ആശ്രയിച്ചു കഴിയാൻ അവർ നിർബന്ധിതരായി. അടുത്ത ഭക്ഷണപ്പൊതി തനിക്കു കിട്ടുമെന്ന് പ്രതീക്ഷിച്ച് കഴിയുകയാണവർ. ഇത് കുടിയേറ്റത്തൊഴിലാളികളുടെ മാത്രം ഗതികേടല്ല. അസംഘടിത മേഖലയിലെ ലക്ഷക്കണക്കിന് തൊഴിലാളികളുടെ സ്ഥിതിയും വ്യത്യസ്തമല്ല. സ്വന്തം കുടുംബാംഗങ്ങളുടെ സ്വാസ്ഥ്യം തേടിയും അവരെ ആശ്വസിപ്പിക്കാൻ വേണ്ടിയും ലക്ഷക്കണക്കിന് സൈക്കിളുകളിലുമായി വീടുകളിലേക്ക് പോകുന്ന കുടിയേറ്റ തൊഴിലാളികൾക്ക് തങ്ങളുടെ തൊഴിലിന്റെയും ജീവിതത്തിന്റെയും ഭാവിയെക്കുറിച്ച് ഒരു നിശ്ചയവുമില്ല. കാർഷിക മേഖല പ്രതിസന്ധിയായതുമൂലം കൃഷിയെ ആശ്രയിച്ച് ജീവിക്കാനാകുമോ എന്ന കാര്യവും അനിശ്ചിതത്വത്തിലാണ്. നീതിപീഠം അടക്കമുള്ള എല്ലാ ഭരണസംവിധാനങ്ങളിൽ നിന്നും അവർക്ക് അർഹമായ അവകാശങ്ങളും നീതിയും ലഭിക്കാതായിരിക്കുന്നു. രാജ്യം ഭരിക്കുന്നവർ തന്നെയാണ് അവരെ ഇങ്ങനെയൊരു ദുരവസ്ഥയിലേക്ക് തള്ളിവിട്ടതെന്ന കാര്യം ലജ്ജാവഹമാണ്.

## തൊഴിലാളികളുടെ നിയമപരമായ സംരക്ഷണം ഇല്ലാതാക്കാനുള്ള ധൃതി

ലോക്ഡൗൺ പ്രഖ്യാപിച്ചതിന് ശേഷം തൊഴിലാളി

കളും അധ്വാനിക്കുന്ന മറ്റ് ജനവിഭാഗങ്ങളും അങ്ങേയറ്റം പ്രയാസകരമായ ദുരിതങ്ങൾ നേരിടുന്ന സാഹചര്യത്തിൽ ഈ അവസ്ഥയെ കൃത്യമായ മുതലെടുത്ത് ജനവിരുദ്ധവും തൊഴിലാളി വിരുദ്ധവും ദേശവിരുദ്ധവുമായ നവലിബറൽ നയങ്ങൾ നടപ്പാക്കാനുള്ള മോഡി സർക്കാരിന്റെ ഗൂഢവും ആസൂത്രിതവുമായ ശ്രമങ്ങളാണ് തുടങ്ങിയത്. ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഗുജറാത്ത്, അസം, കർണാടക, ത്രിപുര എന്നീ സംസ്ഥാനങ്ങളിലെ ബിജെപി സർക്കാരുകളും രാജസ്ഥാൻ, പഞ്ചാബ് എന്നിവിടങ്ങളിലെ കോൺഗ്രസ് സർക്കാരും ഒഡിഷയിലെ ബിജെഡി സർക്കാരും നവലിബറൽ നയങ്ങൾ നടപ്പാക്കാൻ വേണ്ടി വിജ്ഞാപനങ്ങളും ഓർഡിനൻസുകളും പുറത്തിറക്കിയത് പ്രധാനമന്ത്രി കാര്യാലയത്തിന്റെ അറിവോടെതന്നെയാവണം. ബിജെപി സർക്കാരുകൾക്കു തൊട്ടുപിന്നാലെയാണ് മറ്റു സർക്കാരുകൾ വിജ്ഞാപനങ്ങളും ഓർഡിനൻസുകളും പ്രഖ്യാപിച്ചത്. ഒന്നാം മോഡി സർക്കാരിന്റെ കാലത്തും സമാനമായ കാര്യങ്ങൾ സംഭവിച്ചു. തൊഴിൽ നിയമങ്ങളിൽ ഭേദഗതി വരുത്തില്ലെന്ന് പ്രഖ്യാപിച്ച കേരളത്തിലെ എൽഡിഎഫ് സർക്കാർ മാത്രമാണ് ഇതിന് കടകവിരുദ്ധമായി പ്രവർത്തിച്ച് തൊഴിലാളികൾക്കൊപ്പം നിന്നത്.

**• ഭരണവർഗ പാർടികളുടെ സമീപനം**

ഇത് സർക്കാരുകളുടെ സമീപനം മാത്രമല്ല. തൊഴിലാളികളോടുള്ള രാഷ്ട്രീയ പാർടികളുടെ സമീപനത്തിലെ വ്യത്യാസവും ഈ ലോക്ഡൗൺ കാലത്തിന്റെ അതീവ ശ്രദ്ധയിലേക്കു കൊണ്ടുവന്നു. ഈ തൊഴിലാളി വിരുദ്ധ സമീപനങ്ങളെ എതിർക്കാൻ പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ പാർടിയും രംഗത്തുവന്നില്ല. ഈ നയങ്ങളെ എതിർക്കാനും തൊഴിലാളി സമരങ്ങളെ നിരന്തരമായി പിന്തുണയ്ക്കാനും തയ്യാറായത് ഇടതുപക്ഷ പാർട്ടികൾ മാത്രമാണ്. കോഡ് ഓൺ വെയ്ജ് ബില്ലിനെ രാജ്യസഭയിൽ എതിർക്കാൻ ഇടതുപക്ഷ എംപിമാരും പ്രതിപക്ഷ നിരയിലെ മൂന്നു പേരും മാത്രമാണ് ഉണ്ടായിരുന്നത്. സിഐടിയു ദേശീയ സെക്രട്ടറി എളമരം കരീം എംപി രാജ്യസഭയിൽ അവതരിപ്പിച്ച ഭേദഗതികളെ അവർ മാത്രമാണ് പിന്തുണച്ചത്.

**• ഏകാധിപത്യം**

കേന്ദ്രത്തിലെ ബിജെപി സർക്കാർ ഈ മഹാമാരിയെ നേരിടാൻ കേന്ദ്ര ബിജെപി സർക്കാർ നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റിന് ആക്ട് ഉപയോ



ഗിക്കുന്നത് വാസ്തവത്തില സംസ്ഥാനങ്ങൾക്കു മേൽ കുതിരകയറാനുള്ള അധികാരം സ്വായത്ത മാക്കാനാണ്.

അതുവഴി പൗരാവകാശങ്ങൾ അടിച്ചമർത്താനും വിമതശബ്ദങ്ങളെ ഇല്ലാതാക്കാനും പൗരന്മാരെ നിരീക്ഷണത്തിൻ കീഴിലാക്കാനും സെൻസർഷിപ്പ് അടിച്ചേൽപ്പിക്കാനുമാണ് ശ്രമം. ലോക്ഡൗൺ മറയാക്കി രാഷ്ട്രീയാധികാരം ഏകീകരിക്കാനും ലാഭം കുന്നുകൂട്ടാനുമാണ് നീക്കം.



**• വഞ്ചനയുടെ പാക്കേജുകൾ**

ധനമന്ത്രി അഞ്ചുഘട്ടമായി പ്രഖ്യാപിച്ച 20 ലക്ഷം കോടി രൂപയുടെ പാക്കേജുകൾക്കുപിന്നിൽ ചതിയുണ്ടെന്ന് പകൽ പോലെ വ്യക്തമാണ്. വിദേശത്തും സ്വദേശത്തുമുള്ള തങ്ങളുടെ കോർപ്പേറ്റ് യജമാനന്മാരെ സേവിക്കുകയാണ് പാക്കേജിനു പിന്നിലെ യഥാർഥ ലക്ഷ്യമെന്ന് വെളിപ്പെട്ടിരിക്കയാണ്. ലോക്ഡൗൺ അനിവാര്യമാണെങ്കിലും ആയിരക്കണക്കിന് മനുഷ്യരുടെ ജീവൻ യഥാസമയം രക്ഷിക്കാനുള്ള ഒരു ശ്രമവും കേന്ദ്രസർക്കാർ നടത്തിയിട്ടില്ല. അനിവാര്യമായി ചെയ്യേണ്ട ടെസ്റ്റുകൾ നടത്താതെയും ക്വാറന്റൈൻ, ഐസൊലേഷൻ സംവിധാനങ്ങൾ ഒരുക്കാതെയും ഒരു ആരോഗ്യ പ്രതിസന്ധിയെ നേരിടാനുതകും വിധം ആരോഗ്യമേഖലയെ ശക്തിപ്പെടുത്താനും കേന്ദ്രസർക്കാൻ നടപടിയെടുത്തില്ല. ഇക്കാര്യങ്ങളെ പൂർണമായും അവഗണിച്ച ഇന്ത്യ ഏറ്റവും കുറച്ച് ടെസ്റ്റുകൾ മാത്രം നടത്തിയ രാജ്യങ്ങളുടെ ശ്രേണിയിലാണ്. എന്നാൽ തൊഴിലാളിവർഗത്തിന്റെയും അധ്വാനിക്കുന്ന മറ്റു ജനവിഭാഗങ്ങളുടെ കടുത്ത ചെറുത്തുനിൽപ്പുമൂലം രാജ്യത്ത് പൂർണമായി നടപ്പിൽവരുത്താൻ കഴിയാതിരുന്ന നവലിബറൽ അജൻഡകൾ ഓരോന്നായി നടപ്പാക്കാനുള്ള സുവർണാവസരമായാണ് ഈ ലോക്ഡൗൺ സാഹചര്യത്തെ ബിജെപി സർക്കാർ ദുരുപയോഗിക്കുന്നത്.

**• ലോക്ഡൗൺ മറയാക്കി നവലിബറൽ കാര്യപരിപാടികൾ**

നമ്മൾ പലയാവർത്തി പരാമർശിച്ചതുപോലെ സർക്കാരിന്റെ നിരാശാജനകമായ ഈ നടപടികൾ എല്ലാം സാമ്പത്തിക ഭാരം പൂർണമായും തൊഴിലാളികളുടെ ചുമലിലേക്ക് മാറ്റാനും ഭരണവർഗത്തിന്റ ലാഭം സംരക്ഷിക്കാനും വേണ്ടിയാണ്. മഹാമാരിക്ക് മുമ്പേ തന്നെ തുടങ്ങിയതാണ് ഈ ശ്രമങ്ങൾ. ലോക്ഡൗൺ സാഹചര്യം മുതലെടുത്ത് ഈ അജൻഡ് അതിതീവ്രമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്പോഴില്ലെങ്കിൽ പിന്നീടൊരിക്കലുമുള്ള എന്നാണ് ഭരണവർഗ സൈദ്ധാന്തികരിൽ ഒരാൾ ഈ സാഹചര്യത്തെ വിശേഷിപ്പിച്ചത്. ഈ സാഹചര്യത്തെ പിടിച്ചെടുത്തുകൊണ്ട് തൊഴിലാ

ളികളുടെ സംഘടിത ശേഷിയെ അടിച്ചമർത്താനും സംഘടിത സമരമെന്ന ഏകായുധത്തെ നിർവീര്യമാക്കി തൊഴിലാളികളെ അടിമത്തത്തിലേക്ക് തള്ളിവിടാനുമാണ് ഭരണവർഗത്തിന്റെ ആഹ്വാനം. മുതലാളിത്തത്തിന്റെ ഈ ക്രൂരതയും മൃഗീയതയും അതിന്റെ എല്ലാ വിരൂപമായ അർഥത്തിലും ജനങ്ങൾക്കു മുമ്പിൽ പ്രകടമായിരിക്കയാണ്.

• **ആത്മനിർഭർ ഭാരത് (?)**

ഘോഷിക്കപ്പെട്ട ഒരു പേരുള്ളതും അതേസമയം തെറ്റിദ്ധാരണാജനകവുമായ ഉത്തേജന ആശ്വാസപാക്കേജ് അഞ്ചു ദിവസം കൊണ്ട് ധനമന്ത്രി പ്രഖ്യാപിച്ചതിൽ കേന്ദ്രസർക്കാരിന്റെ നിരാശ പ്രകടമായിരുന്നു. പൂർണമായും കേന്ദ്രസർക്കാരിന്റെ സമഗ്രമായ നവലിബറൽ പരിപാടിയുടെ ഭാഗമായ ആത്മനിർഭർ ഭാരതിലൂടെ സമ്പദ്ഘടനയുടെയും സമൂഹത്തിന്റെയും സകലമേഖലകളുമടക്കം എല്ലാ രാജ്യതാൽപ്പര്യങ്ങളെയും ലേലം വച്ചിരിക്കയാണ്. രാഷ്ട്രത്തിനു പ്രധാന ഊന്നൽ നൽകകുയാണെന്ന് ധാരണ സൃഷ്ടിച്ച് മുതലാളി വർഗം ലോക്ഡൗൺ സാഹചര്യം മുതലെടുത്ത് പ്രതിപക്ഷത്തിന്റെ ജനാധിപത്യ ഇടം പരിമിതപ്പെടുത്തിക്കൊണ്ട് സംവാദത്തിന്റെ വിമതത്വത്തിന്റെ അന്തരീക്ഷം ഇല്ലാതാക്കുകയാണ്. തൊഴിലിനും ഭൂമിക്കും തൊഴിൽനിയമത്തിന്റ ലംഘനങ്ങളിലുമാണ് (ഇക്കാര്യം പ്രധാനമന്ത്രി തന്നെ നിർദേശിക്കുന്നുണ്ട്) ഈ 20 ലക്ഷം കോടി രൂപയുടെ പാക്കേജ് കണ്ണുവയ്ക്കുന്നത്. തൊഴിലാളികളുടെ അടിസ്ഥാന അവകാശങ്ങൾ ഇല്ലാതാക്കാനും മാന്യമായി ജീവിക്കാനുള്ള മാനുഷികമായ എല്ലാ അവകാശങ്ങളും ചവിട്ടിമെതിക്കാനും ചൂഷകവർഗത്തിന് ശാശ്വതമായി അധികാരം നൽകുന്നതിനാണ് ഈ പാക്കേജ് ലക്ഷ്യം വയ്ക്കുന്നത്. അധ്വാനിക്കുന്ന മനുഷ്യരെ അടിമത്തത്തിലേക്ക് തള്ളിവിടുക, സമ്പൂർണമായ ഏകാധിപത്യഭരണത്തിന് വഴിയൊരുക്കുക എന്നിങ്ങനെയുള്ള സമഗ്രമായ ഒരു രൂപകൽപ്പനയാണ് ഇതിൽ പ്രതിഫലിക്കുന്നത്. ഈ പ്രർത്തനങ്ങൾ അത്രയും രാജ്യത്തിന്റെ സമ്പദ്ഘടനയുടെ സ്വാശ്രയം തകർക്കുന്നതിന് അതുവഴി ഫിനാൻസ് മൂലധനത്തിന് നേട്ടം കൊയ്യാനുമാണ്. ഭൂമിയുടെ കൈകാര്യവും, കാർഷികോപകരണങ്ങളുടെ സംഭരണവും വ്യാപാരവും വിദേശ ഏജൻസികൾ അടക്കമുള്ള വൻകിട ഭൂവുടമകൾക്ക് അനുകൂലമാക്കി മാറ്റുന്നതിനുള്ള ഒരു സമ്പൂർണ മാറ്റത്തിലേക്കാണ് ഈ പാക്കേജ് കണ്ണുവയ്ക്കുന്നത്. തൊഴിൽനിയമങ്ങളുടെ പൂർണമായ നിർമാർജനം, പ്രതിരോധം ധാതു ഇന്ധനഔഷധ രംഗങ്ങളിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും പൊതുസേവനങ്ങളുടെയും ബഹുമുഖ മാർഗത്തിലൂടെയുള്ള സമ്പൂർണമായ സ്വകാര്യവൽക്കരണം എന്നിവയുടെ വേഗം കൂട്ടാനും ഇത് പര്യാപ്താകും. സ്വകാര്യ കോർപറേറ്റ് കമ്പനികളുടെയും വൻ വ്യവസായ ഭീമന്മാരുടെയും വായ്പാ തിരിച്ചടവു കുടിശ്ശികയ്ക്കും നിയമലംഘനങ്ങൾക്കും നിയമസാധുത ലഭിക്കാൻ ഇത് കാരണമാകും.

• **മുതലാളിത്ത വ്യവസ്ഥയുടെ വെളിപ്പെടൽ**

മുതലാളിത്ത വ്യവസ്ഥയുടെ ക്രൂരതയും നൃശംസതയും വൈരൂപ്യവും നീതിരാഹിത്യവുമെല്ലാം ജനങ്ങൾക്ക് മുന്നിൽ ഇന്ന് വെളിപ്പെട്ടിരിക്കുന്നു. തൊഴിൽ നഷ്ടപ്പെട്ട കോടിക്കണക്കിന് തൊഴിലാ



ളികളാണ് നിരാശാഭരിതമായ മനസ്സോടെ വീടുകളിലേക്ക് ആയിരക്കണക്കിന് കിലോമീറ്ററുകൾ താണ്ടുന്നത്. അവർക്ക് ഈ ബൂർഷ്വാ രാഷ്ട്രീയ പാർടികളിൽ വിശ്വാസം നഷ്ടമായിരിക്കുന്നു. തങ്ങളെ ഒരു തരത്തിലും പിന്തുണയ്ക്കാത്ത അത്തരം പാർടികളെ അവർക്ക് വിശ്വാസമില്ല. ജനങ്ങൾക്കു വിശ്വാസമുള്ള ഏക സർക്കാർ കേരളത്തിലെ എൽഡിഎഫ് സർക്കാർ മാത്രമാണ്. അതെ ജനങ്ങളുടെ ഒറ്റപ്പെടലും നിരാശയുമെല്ലാം തങ്ങളുടെ ജനവിരുദ്ധവും തൊഴിലാളി വിരുദ്ധവുമായ അജൻഡ അടിച്ചേൽപ്പിക്കാനുള്ള 'അവസര'മായാണ് ഭരണ വർഗം കാണുന്നത്. പക്ഷേ ഈ സാഹചര്യം ഭരണവർഗത്തെ തുറന്നുകാണിക്കാനുള്ള അവസരമാണെന്ന് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. തൊഴിലാളികളുടെയും അധ്വാനിക്കുന്നവരുടെയും കാഴ്ചപ്പാടിൽ ഭരണവർഗത്തിന്റെ വിശ്വാസ്യത പൂർണമായും നഷ്ടമായിരിക്കുന്നു. സർക്കാരിന്റെ പാദസേവകരായ കോർപറേറ്റ് മാധ്യമങ്ങളാവട്ടെ സർക്കാർ പ്രഖ്യാപിച്ച 20 ലക്ഷം കോടിയുടെ പാക്കേജിനെ സ്തുതിക്കുമ്പോഴും പൊതുജനങ്ങൾക്ക് അവരിലുള്ള വിശ്വാസ്യത നഷ്ടപ്പെടുകയാണ്. മുതലാളിത്ത വ്യവസ്ഥിതിയുടെ സഹജമായ മൃഗീയത തുറന്നുകാട്ടാനും ഈ വ്യവസ്ഥയ്ക്ക് ബദലുണ്ടെന്ന് ബോധ്യപ്പെടുത്തുകയും ചെയ്യേണ്ട സമയമാണിത്. ഇക്കാര്യത്തിൽ നമ്മൾ വിജയിക്കുമെന്ന പൂർണ ആത്മവിശ്വാസത്തോടു കൂടി ഈ ദൗത്യം ഏറ്റെടുക്കേണ്ടതുണ്ട്. ബൗദ്ധികവും പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ എല്ലാ ശേഷിയെയും അണിനിരത്തിക്കൊണ്ട് നവലിബറൽ നയങ്ങളെയും മുതലാളിത്ത വ്യവസ്ഥയെയും തുറന്നുകാട്ടാൻ നമുക്കു കഴിയണം.

## • വിഘടനശക്തികളുടെ കുത്സിത നീക്കങ്ങൾ

മഹാമാരിയുടെ വെല്ലുവിളി നേരിടാൻ ജനങ്ങളുടെ ഐക്യം ആവശ്യമായ ഘട്ടത്തിൽ ആർഎസ്എസ്സും അതിന്റെ തീവ്രവിഷം വഹിക്കുന്ന ബിജെപി അടക്കമുള്ള സംഘടനകളും കോവിഡിനെപ്പോലും വർഗീയവൽക്കരിക്കാനാണ് ശ്രമിക്കുന്നത്. ജനങ്ങളെ മതത്തിന്റെയും ജാതിയുടെയും ഭാഷയുടെയും പ്രദേശത്തിന്റെയും ലിംഗപദവിയുടെയും പേരിൽ ഭിന്നിപ്പിക്കാനുള്ള ഈ വർഗീയ വിഭാഗീയ ശക്തികളുടെ ശേഷി ഒരിക്കലും കുറച്ചു കാണാൻ പാടില്ല. തങ്ങളുടെ കോർപറേറ്റ് യജമാനൻമാർക്കെതിരെ രൂപപ്പെടുന്ന ജനങ്ങളുടെ ഐക്യം ദുർബലമാക്കാൻ അവർ ഏതറ്റം വരെയും. അവരുടെ ഗൂഢതന്ത്രങ്ങൾ





ക്കെതിരെ ജാഗ്രത പാലിക്കുന്നതിനൊപ്പം തൊഴിലാളികളെയും അധ്വാനിക്കുന്ന ജനങ്ങളെയും ഐക്യം ഉറപ്പാക്കാനും ശക്തമാക്കാനുമുള്ള ശ്രമങ്ങൾക്ക് പ്രഥമപരിഗണന നൽകണം.

### അനുഭവങ്ങൾ

രണ്ടുമാസത്തെ ലോക്ഡൗൺ സിഐടിയുവിന് വിപുലമായ അനുഭവങ്ങളാണ് സമ്മാനിച്ചത്. നമ്മുടെ സംഘടനയും കമ്മിറ്റികളും കാഡർമാരും പ്രവർത്തകരുമെല്ലാം സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് നടത്തിയത്.

### അവയിൽ ചിലത്:

- ഐക്യദാർഢ്യം തൊഴിലാളികളിലും അധ്വാനിക്കുന്ന മനുഷ്യരിലും ഐക്യബോധം ഊട്ടിഉറപ്പിക്കാനുള്ള ശേഷി

- ദുരിതാശ്വാസ പ്രവർത്തനം ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകിക്കൊണ്ട് അവരുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ സാധിച്ചു. നമ്മുടെ സാധാരണ ശേഷിക്ക് അപ്പുറത്തുള്ളവയായിട്ടുപോലും പല തൊഴിലാളികൾക്കും അഭയകേന്ദ്രങ്ങൾ സജ്ജമാക്കുന്നതിനും യാത്രാസൗകര്യവും ഭക്ഷണവും ഉറപ്പുവരുത്തുന്നതിനും മറ്റു അവശ്യവസ്തുക്കൾ എത്തിക്കുന്നതിനും സാധിച്ചു. പല സംസ്ഥാനങ്ങളിലും നമ്മുടെ സഹോദര ബഹുജന സംഘടനകളുടെ ശ്രദ്ധേയമായ പങ്കാളിത്തം ഇക്കാര്യങ്ങളിലുണ്ടായി.

- പ്രവർത്തനങ്ങൾ സാധ്യതയും ആ സാധ്യതയെ ഉപയോഗിക്കാനുള്ള ശേഷിയും. തൊഴിലാളികളുടെ രോഷവും അമർഷവും പ്രവർത്തന പദ്ധതിയിലേക്ക് കൊണ്ടുവരാനും അവരുടെയും കുടുംബാംഗങ്ങളുടെയും വികാരമറിയാനും നമ്മുടെ സംഘടനാ സംവിധാനത്തിനു പുറത്തുള്ളവരെപ്പോലും നമ്മുടെ മുദ്രാവാക്യങ്ങൾ ഏറ്റെടുപ്പിക്കാനും നമ്മുടെ കൊടിയേന്താനും സാധിക്കണം. തൊഴിലിടങ്ങളിൽ മാത്രമല്ല ഭവന മേഖലകളിലും അതിന് കഴിയുന്നുണ്ട്. ഏപ്രിൽ 21, മെയ്ദിനം, മെയ് 14 എന്നീ ദിവസങ്ങളിൽ രാജ്യത്താകമാനം മറ്റു ബഹുജന സംഘടനകൾക്കൊപ്പം പലയിടങ്ങളിലും തൊഴിലാളികൾ ദിനാചാരണ പരിപാടികളിൽ പങ്കെടുത്തു. വിവിധ സംസ്ഥാന ഘടകങ്ങളും ഫെഡറേഷനുകളും യൂണിയനുകളും ഇത്തരം പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പ്രാപ്യമല്ലാത്തവരിൽ എത്തിച്ചേരാൻ നമുക്കുള്ള ശേഷിയാണ് ഇത് കാണിച്ചു തരുന്നത്. ഇത് കൂടുതൽ വിപുലമായി തുടർന്നു കൊണ്ടുപോകാനും ഈ സാധ്യത വിനിയോഗിക്കാനുമുള്ള ബോധപൂർവമായ ശ്രമങ്ങൾ നടത്തണം. അടുത്ത ചുവട് പ്രശ്നങ്ങളെ നയങ്ങളുമായി ബന്ധിപ്പിക്കുക; ഈ നയങ്ങളെ നിയന്ത്രിക്കുന്ന രാഷ്ട്രീയത്തെ തുറന്നു കാണിക്കുക എന്ന നയം ബോധപൂർവം നടപ്പിൽ വരുത്തണം.

- നമ്മുടെ എല്ലാ വിനിമയങ്ങളും വിവരങ്ങളുടെ കൈമാറ്റവും ഇക്കാലത്ത് സാമൂഹ്യ മാധ്യമ നെറ്റ് വർക്കുകൾ വഴിയാണ്. സംഘടനയുടെ താഴെ തട്ടിൽ വരെ ഏററവും കുറഞ്ഞ സമയം കൊണ്ടു നമ്മുടെ തീരുമാനങ്ങൾ എത്തിക്കാനും അത് ഫലപ്രദമായി നടപ്പിലാക്കാനും ഇതുവഴി നമുക്കു സാധിക്കുന്നുണ്ട്. കൃത്യമായ മാർഗരേഖ പാലിച്ചുകൊണ്ട് ഈ പ്രവർത്തന

രീതി കുറേക്കൂടി ശക്തിപ്പെടുത്തണം.

■ ഏറ്റവും താഴെ തട്ടിലുള്ള സഖാക്കളുടെ പ്രാതിനിധ്യം യൂണിയൻ പ്രവർത്തനത്തിൽ നമ്മുടെ പ്രവർത്തകരുടെയും സാധാരണ പ്രവത്തകരുടെയും കാഡർമാരുടെയും മുൻകൈയും ഭാവനയും സൃഷ്ടിപരതയുമെല്ലാം കെട്ടഴിച്ചു വിടണം. പ്രവർത്തനത്തിൽ അവരുടെ നേരിട്ടുള്ള പങ്കാളിത്തവും ഉറപ്പാക്കണം. നമ്മുടെ ആഹ്വാനങ്ങളുടെ വിജയത്തിന് ഇവ സുപ്രധാനമാണ്. നേതാക്കളുടെ സാന്നിധ്യം സാധ്യമല്ലാത്ത സാഹചര്യത്തിൽ പ്രവർത്തകർ അവർക്കായി കാത്തിരുന്നില്ല. ഇത്കൂടുതൽ വിപുലവും ശക്തവുമാക്കണം.

---

■ ജനാധിപത്യപരമായ പ്രവർത്തനത്തിനുള്ള ശ്രമങ്ങൾ ലോക്ഡൗൺ ആണെങ്കിലും പല സംസ്ഥാനങ്ങളിൽ മിക്കവാറും സംസ്ഥാനങ്ങളിൽ ഏറെക്കുറെ പതിവായി ചർച്ചകളും യോഗങ്ങളും ഓൺലൈനിൽ സംഘടിപ്പിക്കപ്പെട്ടു. സ്റ്റേറ്റ് സെന്റർ, ഭാരവാഹി, കമ്മിറ്റി തല യോഗങ്ങളാണ് ഇങ്ങനെ നടന്നത്.

---

■ റിപ്പോർട്ട് അയക്കൽ പ്രവർത്തനങ്ങളുടെ ഫോട്ടോസ് അടക്കമുള്ള റിപ്പോർട്ടുകൾ ഗ്രൂപ്പുകളിലേക്ക് ഏറെക്കുറെ സമയം പാലിച്ചുകൊണ്ടു തന്നെ അയക്കാൻ കഴിഞ്ഞു. കൃത്യമായി റിപ്പോർട്ടുകൾ അയക്കുന്നതിൽ പോരായ്മകളുണ്ട്. എന്നാലും ഇത് പരിമിതികൾ മറികടക്കാൻ സാധിക്കണം.

---

■ സംഘടന പല സംസ്ഥാനങ്ങളിലും കുടിയേറ്റത്തൊഴിലാളികളുമായ നിരന്തരം ബന്ധപ്പെട്ട് നമ്മുടെ സംഘടനാ സംവിധാനത്തിൽ കൊണ്ടുവരുന്നതിനുള്ള പ്രാഥമിക ശ്രമങ്ങൾ എന്ന നിലയ്ക്ക് നമ്മുടെ കമ്മിറ്റികൾ രേഖകൾ തയ്യാറാക്കിയിട്ടുണ്ട്. ഇത് സിഐടിയു സെന്ററുമായി പങ്കുവയ്ക്കേണ്ടതാണ്.

■ വിദ്യാഭ്യാസം ചില സംസ്ഥാനങ്ങൾ ഈ ലോക്ഡൗൺ സാഹചര്യത്തെ അടിസ്ഥാന രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ വിഷയങ്ങളിൽ കാഡർമാർക്ക് ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിച്ചു.

**ചുരുക്കത്തിൽ ഈ മഹാമാരിയും ലോക്ഡൗണും നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവന്ന കാര്യങ്ങൾ ഇവയാണ്:**

---

**■ നിലവിലുള്ള ബിജെപി സർക്കാരിന്റെ വർഗ സ്വഭാവം**

കൊറോണ മഹാമാരിയുടെ കാലത്തും അതിനു മുമ്പുതന്നെ ഉണ്ടായ സാമ്പത്തിക മാന്ദ്യത്തിന്റെ കാലത്തും വൻ ബൂർഷ്വാസിയെ പ്രതിനിധാനം ചെയ്യുകയും അന്താരാഷ്ട്ര ഫിനാൻസ് മൂലധനത്തിന്റെ താളത്തിനൊത്ത് തുള്ളുകയും ചെയ്യുന്ന ഭരണവർഗ പാർടികൾ ജനങ്ങളുടെ ക്ഷേമം കോർപറേറ്റുകളുടെ ലാഭത്തിനായി പണയം വയ്ക്കുയാണ് ചെയ്യുന്നത്. അവ കൂടുതൽ കൂടുതൽ ഏകാധിപത്യ സ്വഭാവം കൈവരിക്കുകയും സമൂഹത്തെ ധ്രുവീകരിക്കാനും ജനങ്ങളുടെ ഐക്യം തകർക്കാനും വിഷലിപ്തമായ വർഗീയ ഗൂഢപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യു. രൂക്ഷമാകുന്ന മുതലാളിത്ത പ്രതിസന്ധിയെ മറികടക്കാനും നിലവിലുള്ള വ്യവസ്ഥയിൽ മറുമരുന്നില്ലാത്ത ആ പ്രതിസന്ധിയിൽ നിലനിൽക്കാനുമുള്ള ഭരണവർഗത്തിന്റെ തന്ത്രമായി ഇതിനെ കാണണം.

**■ ഭരണവർഗത്തിന്റെ സ്വഭാവം**

സമ്പദ്ഘടനയിലെ തന്ത്രപരവും നിർണായകവുമായ മേഖലകൾ പ്രകൃതിവിഭവങ്ങളും ആരോഗ്യരക്ഷാ സംവിധാനങ്ങളും തീവ്രമായി സ്വകാര്യവൽക്കാനും തുടർപദ്ധതികൾക്കെതിരെ ഇടതുപക്ഷത്തിൽനിന്നൊഴികെ ഒരു രാഷ്ട്രീയ പാർട്ടിയിൽനിന്നും എതിർപ്പുണ്ടാകുന്നില്ല. മുതലാളിവർഗത്തിനു വേണ്ടി തൊഴിൽനിയമങ്ങൾ അപ്പാടെ പൊളിച്ചെഴുതുമ്പോൾ ഇടതുപക്ഷം മാത്രമാണ് അതിനെതിരെ പ്രതിഷേധിക്കുന്നത്. മറ്റു രാഷ്ട്രീയ പാർടികളെല്ലാം ഇതിൽ അങ്ങേയറ്റം ഉദാസീന മനോഭാവമാണ് പിന്തുടരുന്നത്. തൊഴിലാളികളെ അടിമകളാക്കാനുള്ള പദ്ധതിയെ ഈ മൗനത്തിലൂടെ പിന്തുണയ്ക്കുകയാണ് ഈ പാർടികൾ. ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ തൊഴിൽ സമയം എട്ട് മണിക്കൂറിൽനിന്ന് 12 മണിക്കൂറാക്കി ഉയർത്താനുള്ളതടക്കമുള്ള നീക്കത്തെ അതിനെ എതിർക്കാനുണ്ടായിരുന്ന ഇടതുപക്ഷപാർടികൾ മാത്രമായിരുന്നു. മറ്റെല്ലാ രാഷ്ട്രീയ പാർടികളും അതിനെതിരെ ഒന്നും മിണ്ടിയില്ല.

**■ മുതലാളിത്ത വ്യവസ്ഥയുടെ യഥാർഥ മുഖം**

ഈ മഹാമാരിയും ലോക്ഡൗണും മുതലാളിത്ത വ്യവസ്ഥയുടെ ക്രൂരവും മനുഷ്യത്വവിരുദ്ധവുമായ സ്വഭാവം കൂടുതൽ വെളിപ്പെടുത്തിയരിക്കയാണ്. മഹത്തായ ശാസ്ത്ര സാങ്കതിക നേട്ടങ്ങളും മനുഷ്യവിഭവശേഷിയും എല്ലാം സ്വന്തം നിയന്ത്രണത്തിൽ ഉണ്ടായിട്ടും സമൂഹത്തിന്റെ വികസനം ഉറപ്പാക്കുന്നതിൽ അത് ദയനീയമായി പരാജയപ്പെട്ടു. ഇത് ഭരണസംവിധാനം നിയന്ത്രിക്കുന്ന ഏതെങ്കിലും രാഷ്ട്രീയ ഏജന്റുമാരുടെ മാത്രം പരാജയമല്ല. രാജ്യത്തെ സംഘടിത അസംഘടിത മേഖലകളിലെ അവിഭാജ്യഭാഗമായ കോടിക്കണക്കിന് കുടിയേറ്റത്തൊഴിലാളികൾ ഈ ലോക്ഡൗൺ കാലത്ത് ക്രൂരമായ അടിച്ചമർത്തലുകൾക്കും സഹനങ്ങൾക്കുമാണ് വിധേയമായത്. എല്ലാം നഷ്ടപ്പെട്ട അവർക്ക് പിരിച്ചുവിടപ്പെടുകയോ അവരുടെ വേതനം വെട്ടിക്കുറയ്ക്കപ്പെടുകയോ ചെയ്യുന്നു. വീടുകളിൽനിന്ന് കുടുംബാംഗങ്ങളോടൊപ്പം അവർ തെരുവിലേക്ക് പുറന്തള്ളപ്പെടുന്നു. ഇതെല്ലാം ചെയ്യുന്നത് ഈ മുതലാളിവർഗമാണ്. ഒരു ഘട്ടത്തിൽ അവർക്ക് സ്വന്തം സംസ്ഥാനങ്ങളിലേക്ക് പോകാൻ ആ സംസ്ഥാനങ്ങൾ അനുമതി നൽകുമ്പോൾ ട്രെയിനുകൾ റദ്ദാക്കിക്കൊണ്ട് അവരുടെ മാർഗം മുടക്കുകയാണ് അതേ വ്യവസ്ഥിതിയുടെ നടത്തിപ്പുകാരായ

കേന്ദ്രസർക്കാർ. അവരുടെ യാത്രമുടക്കാൻ ലജ്ജാകരമായ എല്ലാ മാർഗങ്ങളും സ്വീകരിക്കുകയാണ്. മനുഷ്യത്വ ഹീനവും മൃഗീയവുമായ ഈ ചൂഷണങ്ങൾക്കും കുടിയൊഴിപ്പിക്കലുകൾക്കും പിന്നിൽ രാഷ്ട്രീയ ഭേദഗമെന്യെ മുതലാളിവർഗം ഒറ്റക്കെട്ടായി നിലയുറപ്പിച്ചിരിക്കുന്നു.

**മുതലാളിത്ത വ്യവസ്ഥയും സോഷ്യലിസ്റ്റ് വ്യവസ്ഥയും തമ്മിലുള്ള വൈരുദ്ധ്യം**

ഈ മഹാമാരിയും ലോക്ഡൗണും നേരിടുന്നതിൽ സ്വീകരിച്ച സമീപനത്തിന്റെയും കൈക്കൊണ്ട നയങ്ങളുടെയും കാര്യത്തിൽ ബൂർഷ്വാ ഭൂപ്രഭു വർഗത്തിന്റെ പ്രതിനിധികളായ ബിജെപി ഭരിക്കുന്ന കേന്ദ്ര സർക്കാരിനും ഈ വർഗം തന്നെ ഭരിക്കുന്ന വിവിധ സംസ്ഥാനങ്ങളിലെ സർക്കാരുകൾക്കും എൽഡിഎഫ് നേതൃത്വം നൽകുന്ന കേരള സർക്കാരുമായുള്ള വൈരുധ്യം വളരെ പ്രകടമാണ്. ഈ വ്യവസ്ഥ അടിച്ചേൽപ്പിക്കുന്ന ഗുരുതമായ പരിമതികളും മറ്റ് ബുദ്ധിമുട്ടുകളും എല്ലാമുണ്ടെങ്കിലും കേരള സർക്കാർ അധ്വാനിക്കുന്ന ജനങ്ങൾക്കൊപ്പം ഉറച്ചു നിൽക്കുകയും തൊഴിലുടമകൾക്കനുകൂലമായി തൊഴിൽനിയമങ്ങൾ റദ്ദാക്കില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

സിഐടിയു പതിനാറാം സമ്മേളനം രൂപംനൽകിയ ധാരണകളെ പൂർണമായും ശരിവയ്ക്കുന്നതാണ് ഈ വർത്തമാനകാല സാഹചര്യം. എതിർത്തു തോൽപ്പിക്കലിന്റെയും ചെറുത്തുനിൽപ്പിന്റെയും തലത്തിലേക്ക് തൊഴിലാളിവർഗം സംഘടിത സമരങ്ങൾ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. തൊഴിലാളിവർഗത്തിന് പിന്തുടരേണ്ട ശരിയായ പാത ഇതാണ്.

ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ നമുക്കത് ചെയ്യാനാകുമെന്ന ആത്മവിശ്വാസമാണ് ലോക്ഡൗൺ കാലം നമ്മുടെ സഖാക്കൾക്കു നൽകിയത്. നവലിബറൽ നയങ്ങൾ ആരംഭിച്ച കാലത്ത് അതിന്റെ തൊഴിലാളി വിരുദ്ധതയ്ക്കെതിരെ തൊഴിലാളി വർഗത്തെയാകെ ഒരുമിപ്പിക്കാൻ മുൻകൈയെടുത്തുകൊണ്ട് സിഐടിയു ആർജിച്ച ആത്മവിശ്വാസം കൂടതൽ ദൃഢീകരിക്കപ്പെട്ട കാലമാണിത്. അത്തരം സംഘടിത സമരങ്ങളിലൂടെയാണ് ഇന്ത്യയിലെ തൊഴിലാളിവർഗത്തിന് തൊഴിലാളി വിരുദ്ധമായ ഭേദഗതികൾ തൊട്ട് ഇന്ന് നടപ്പാക്കുന്ന തൊഴിൽ നിയമഭേദഗതികൾ വരെയുള്ള ശ്രമങ്ങളെ മുമ്പ് തടഞ്ഞു നിർത്താനായത്.

തൊഴിൽനിയമങ്ങളെ കോഡുകളാക്കാനുള്ള മോഡി നയിക്കുന്ന ബിജെപി സർക്കാരിന്റെ പദ്ധതികൾ 2014ൽ അധികാരമേറ്റതു തൊട്ടു സംഘടിതമായ തൊഴിലാളി സമരങ്ങൾ കൊണ്ടു മാത്രമാണ് കോഡിഫിക്കേഷൻ ഒരെണ്ണത്തിൽ മാത്രമായി പരിമിതപ്പെട്ടത്. പൊതുമേഖലയെ വിറ്റുതുലയ്ക്കാൻ പരമാവധി ശ്രമങ്ങൾ തുടരുന്നുണ്ടെങ്കിലും ബിജെപി സർക്കാരിന് പൂർണമായി വിജയിക്കാനായിട്ടില്ല. കോവഡിനെയും ലോക്ഡൗണിനെയും മറയാക്കി നവലിബറൽ നയങ്ങൾ അതിശക്തമായി നടപ്പാക്കാനുള്ള ബിജെപി സർക്കാരിന്റെ നിരാശാജ



നകമായ ശ്രമങ്ങൾ തൊഴിലാളിവർഗം അനുവദിക്കുകയില്ല. ബിജെപി ഗവൺമെന്റിനെയും ഭരണവർഗത്തെയും ഒരു കാര്യം ഓർമിപ്പിക്കട്ടെ. ഞങ്ങൾ തൊഴിലാളികളാണ്. ഞങ്ങളാണ് ഈ രാജ്യത്തിന് സമ്പത്തുണ്ടാക്കുന്നത്. ഞങ്ങളാണ് രാജ്യത്തെ സംരക്ഷിക്കുന്നത്. ഈ രാജ്യത്തെ സ്വകാര്യതാൽപര്യക്കാർക്ക് അത് വിദേശയാകട്ടെ, സ്വദേശിയാകട്ടെ വിറ്റുതുലയ്ക്കാൻ ഞങ്ങൾ അനുവദിക്കുകയില്ല.

ബിജെപി ഗവൺമെന്റിനും ഭരണവർഗത്തിനും ഞങ്ങൾ മുന്നറിയിപ്പ് നൽകുന്നു. തൊഴിലാളികൾ എന്ന നിലയ്ക്ക് ഞങ്ങൾ ഈ രാജ്യത്തിന് ഒട്ടേറെ സംഭാവന ചെയ്യുവരാണ് ഞങ്ങൾ. ഞങ്ങളുടെ അന്തസ്സും അഭിമാനവും ബലികഴിക്കാൻ ഞങ്ങൾ തയ്യാറല്ല. ഞങ്ങളുടെ അടിസ്ഥാന അവകാശങ്ങൾക്കുമേൽ സ്ഥിരമായി കുതിരകയറാറാൻ ഒരു മുതലാളി ഭൂപ്രഭ സഖ്യത്തിന് അധികാരം നൽകാൻ ഞങ്ങൾ അനുവദിക്കുകയില്ല. അന്തസ്സും അവകാശങ്ങളും ഞങ്ങൾ നേടിയെടുത്തത് നിരന്തരവും സംഘടിതവുമായ സമരങ്ങളിലൂടെയാണ്. അത്തരം സമരങ്ങളിലൂടെ തന്നെ ഞങ്ങൾ അന്തസ്സും അവകാശങ്ങളും സരംക്ഷിക്കും. അതിനെ ആർക്കും തടഞ്ഞു നിർത്താനാവില്ല. ഞങ്ങൾ ഒരുപാടു പേരുണ്ട്. നിങ്ങൾ വളരെക്കുറച്ചും. 1991ൽ കോൺഗ്രസ് സർക്കാർ നവലിബറൽ നയങ്ങൾ അടിച്ചേൽപ്പിച്ചപ്പോഴും ഇപ്പോൾ ബിജെപി സർക്കാർ അത് അങ്ങേയറ്റം തീവ്രസ്വഭാവത്തോടെ നടപ്പാക്കുമ്പോഴും തൊഴിലാളിവർഗത്തിന്റെ സംഘടിത സമരത്തിന് മുൻകൈയെടുത്തതും മുൻകൈയെടുക്കുന്നതും സിഐടിയു തന്നെയാണ്.

മേൽപ്പറഞ്ഞ രാഷ്ട്രീയ ബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ മുതലാളിവർഗ തന്ത്രങ്ങളെ എതിർക്കാനും ചെറുക്കാനും താഴെതട്ടിൽ വരെ ചെന്നെത്തി അധ്വാനിക്കുന്ന മനുഷ്യരെയാകെ സംഘടിത സമരത്തിൽ അണിചേർക്കാൻ സിഐടിയുവിന്റെ ശക്തി ഇനിയും പല മടങ്ങ് ഇരട്ടിക്കണം. ഈ രാഷ്ട്രീയ ധാരണ നമ്മുടെ സംഘടനയുടെ എല്ലാ തലത്തിലൂടെയും വ്യാപിച്ച് താഴെ തട്ടിലെ സിഐടിയു പ്രവർത്തകരിൽ എത്തിയാലേ കൂടുതൽ വലിയ സമരങ്ങൾ കെട്ടഴിച്ചുവിടാൻ സാധിക്കൂ. ഇക്കാര്യം എല്ലാ സംസ്ഥാന ഘടകങ്ങളും ആസൂത്രണം ചെയ്യുമെന്ന് ഉറപ്പുവരുത്തണം.

**ഈ ധാരണയുടെ അടിസ്ഥാനത്തിൽ സിഐടിയു സെക്രട്ടേറിയറ്റ് അടിയന്തരപരിപാടികൾ എന്ന നിലയ്ക്ക് തീരുമാനിച്ച കാര്യങ്ങൾ ഇവയാണ്:**

- ഈ കുറിപ്പ് പ്രാദേശിക ഭാഷകളിലേക്ക് മൊഴിമാറ്റി ഏറ്റവും താഴെ തട്ടിലുള്ള നമ്മുടെ കാഡർമാർക്കും പ്രവർത്തകർക്കും അംഗങ്ങൾക്കും എത്തിക്കുക
- കുടിയേറ്റത്തൊഴിലാളികളിൽ നമുക്കു ബന്ധപ്പെടാവുന്നവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുക, കുടിയേറ്റത്തൊഴിലാളികളിൽ നമുക്ക് ബന്ധമുള്ളവരെയും കുടുംബാംഗങ്ങളെയും നമ്മുടെ പരിപാടികളിലും സമരങ്ങളിലും ഭാഗഭാക്കാക്കുക. അതത് മേഖലകളിൽ അവരെ നമ്മുടെ സംഘടനാ സംവിധാനത്തിന്റെ ഭാഗമാക്കുക.
- ബിജെപി സർക്കാർ പ്രഖ്യാപിച്ച തൊഴിലാളി വിരുദ്ധവും ജനവിരുദ്ധവും ദേശവിരുദ്ധവുമായ നടപടികൾക്കെതിരെയുള്ള നമ്മുടെ എതിർപ്പ് തൊഴിലാളികൾക്കിടയിലെ നേരിട്ടും അല്ലാതെയുമുള്ള പ്രവർത്തനങ്ങളിലൂടെ കൂടതൽ പേരിലെത്തിക്കുക.
- ജനങ്ങൾക്കുനേരെയുള്ള അടിച്ചമർത്തലുകൾ വർധിച്ചതു കണക്കിലെടുത്തും സാധാരണപ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണങ്ങൾ തുടരുന്നത് മാനിച്ചും, ഇപ്പോഴത്തെ കടന്നാക്രമണങ്ങൾ ചെറുക്കാൻ നമുക്ക് നവീനങ്ങളായ ഉപാധികൾ സ്വീകരിക്കണം. സംഘടിത സമരങ്ങൾ തടയാനുള്ള ശ്രമങ്ങളെ ചെറുത്തുതോൽപ്പിക്കാനുള്ള സംവിധാനമൊരുക്കണം. കൂടുതൽ പ്രകടവും നേരിട്ടുള്ളതും വ്യക്തമായ വർഗബോധത്തിന്റെ പരിപ്രേക്ഷ്യത്തിൽ ഊന്നിയതുമായ സമരങ്ങളിലൂടെ നമുക്ക് കടമ്പകൾ മറികടക്കാനാകണം.
- തൊഴിലിടങ്ങളിലും വ്യവസായ യൂണിറ്റുകളിലും ക്ലസ്റ്ററുകളിലും അടക്കം തുറന്ന എല്ലായിടത്തും സംസ്ഥാനത്തിൽ തലത്തിൽ ജൂണിൽ തന്നെ സമരത്തിനുള്ള സാധ്യത തേടണം. സാധ്യമായ ഇടങ്ങളിലെല്ലാം സമര പരിപാടികൾ സംയുക്തമായും സ്വതന്ത്രമായും നടത്തണം.
- വ്യവസായ ഫെഡറേഷനുകളും ഇത്തരം സമരങ്ങൾക്കുള്ള സാധ്യത തേടണം.

**ഓൺലൈൻ ക്ലാസുകൾ എല്ലാ സംസ്ഥാന കമ്മിറ്റികളും മെയ് 26 മുതൽ (1970ൽ നമ്മുടെ സ്ഥാപക സമ്മേളനം ആരംഭിച്ചത് ഈ ദിവസമാണ്) ഇനി പറയുന്ന വിഷയങ്ങളിൽ ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിക്കണം:**

- സിഐടിയുവിന്റെ അമ്പത് സമരവർഷങ്ങളും ഐക്യത്തിനായുള്ള സമരങ്ങളും
- വർത്തമാനകാല സാഹചര്യം, വെല്ലുവിളികളും നമ്മുടെ ദൗത്യങ്ങളും
- 20 ലക്ഷം കോടി രൂപയുടെ വഞ്ചനയുടെ പാക്കേജ്
- തൊഴിൽനിയമങ്ങൾ റദ്ദാക്കലും അതിന്റെ പ്രത്യാഘാതങ്ങളും



# അതിഥിത്തൊഴിലാളികൾക്ക് കേരള സർക്കാരിന്റെ ക്ഷേമപദ്ധതികൾ

## കോവിഡ് പൂർവ കാലം

### തൊഴിലാളികളുടെ എണ്ണവും വിന്യാസവും

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ് ) നടത്തിയ പഠന പ്രകാരം മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള 25 ലക്ഷം തൊഴിലാളികൾ കേരളത്തിലുണ്ട്. ഇത് കൃത്യമായ ഒരു കണക്കല്ല. ഒരു ഏകദേശ അനുമാനമാണ്.

വൻതോതിൽ തൊഴിലാളികൾ കേന്ദ്രീക രിച്ചിരിക്കുന്നത് കണ്ണൂരിലെ വളപട്ടണം, കോഴിക്കോട്ടെ വെള്ളിമാടുകുന്ന്, പാലക്കാട്ടെ കഞ്ചിക്കോട്, പട്ടാമ്പി, എറണാകുളത്തെ പെരുമ്പാവൂർ, വാത്തുരുത്തി, അങ്കമാലി, ആലപ്പുഴയിലെ അരൂർ, കോട്ടയത്തെ പായിപ്പാട്, തിരുവനന്തപുരത്തെ കഴക്കൂട്ടം എന്നിവടങ്ങളിലാണ്.

നേരത്തെ കുടിയേറ്റതൊഴിലാളികളെന്നും പിന്നീട് അന്തർ സംസ്ഥാന തൊഴിലാളികൾ എന്നും ആണ് സംസ്ഥാന സർക്കാർ അവരെ അഭിസംബോധന ചെയ്തിരുന്നെങ്കിൽ ഇപ്പോഴവർ കേരളത്തിന്റെ 'അതിഥിത്തൊഴിലാളി'കളാണ്.

### കേരള കുടിയേറ്റത്തൊഴിലാളിക്ഷേമ സ്കീം

കുടിയേറ്റത്തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതി ആദ്യം നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമ സ്കീം 2010 ആയിരുന്നു തുടക്കം. ഇതിനു തൊട്ടു മുമ്പത്തെ എൽഡിഎഫ് സർക്കാരിന്റെ കാലത്താണ് ഈ പദ്ധതി ആരംഭിച്ചത്. ഇപ്പോഴത്തെ എൽഡിഎഫ് സർക്കാർ പദ്ധതി പരിഷ്കരിച്ച് ആനുകൂല്യങ്ങൾ ഗണ്യമായി ഉയർത്തി.

രജിസ്റ്റർ ചെയ്ത കുടിയേറ്റത്തൊഴിലാളികൾക്ക് നാല് ആനുകൂല്യങ്ങൾ ആണ് നൽകുന്നത്. 25000 രൂപ വരെ അപകട/ ആരോഗ്യ ആനുകൂല്യം, അപകടത്തിൽ മരിച്ചാൽ 2 ലക്ഷം രൂപ കുടുംബത്തിന് നൽകും. കുട്ടികൾക്കും വിദ്യാഭ്യാസത്തിന് അലവൻസ് നൽകുന്നുണ്ട്. അഞ്ചു വർഷം ജോലി പൂർത്തിയാക്കി കഴിഞ്ഞവർക്ക് ടെർമിനേഷൻ ആനുകൂല്യം ആയി 25000 രൂപയും നൽകും.

തൊഴിലാളി മരിച്ചാൽ മൃതദേഹം എംബാം നടത്തി നാട്ടിലേക്ക് വിമാനത്തിൽ അയക്കും.

ഈ ആനുകൂല്യങ്ങൾ ലഭിക്കാൻ തൊഴിലാളി ഈ പദ്ധതിയിൽ റെജിസ്റ്റർ ചെയ്യണം. ഓരോ വർഷവും 30 രൂപ നൽകി അംഗത്വം പുതുക്കണം.

നിർമാണത്തൊഴിലാളി ക്ഷേമ ബോഡിനാണ് ആണ് രജിസ്ട്രേഷൻ ചുമതല. ഇതിനകം 4 ലക്ഷം തൊഴിലാളികൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ആരോഗ്യം

അവാസ് ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരം ഓരോ തൊഴിലാളിക്കും സർക്കാർ എംപാനൽ ചെയ്ത ആശുപത്രികളിൽ 25000 രൂപ വരെ സൗജന്യ ചികിത്സ ലഭ്യമാണ്. തൊഴിലാളി മരിച്ചാൽ 2 ലക്ഷം രൂപ നഷ്ടപരിഹാരം നൽകും.
5,09,363 കുടിയേറ്റത്തൊഴിലാളി കൾ ഈ സ്കീമിൽ അംഗങ്ങളാണ്.



## വിദ്യാഭ്യാസം

കേരളത്തിലുള്ള അതിഥി ത്തൊഴിലാളികൾക്ക് സംസ്ഥാനത്ത് വിദ്യാഭ്യാസം സൗജന്യമാണ്. അതിഥി ത്തൊഴിലാളികൾ കൂടുതലായി കഴിയുന്ന പ്രദേശങ്ങളിൽ ഭാഷാ പ്രശ്നം മറികടക്കാൻ സർവശിക്ഷ അഭിയാൻ സന്നദ്ധ പ്രവത്തകരെ നിയോഗിച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ സംസ്ഥാന സാക്ഷരതാ മിഷൻ തൊഴിലാളികൾക്ക് ഹിന്ദിയും മലയാളവും എഴുതാനും വായിക്കാനും പഠിപ്പിക്കുന്നുണ്ട്.

## പാർപ്പിടം

തൊഴിലാളികൾക്ക് ഉചിതമായ പാർപ്പിടം ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ "അപ്ന ഘർ" പദ്ധതി തുടങ്ങി. പദ്ധതിയിലെ ആദ്യ സമുച്ചയം പാലക്കാട് ആരംഭിച്ചു. ഭക്ഷണം കഴിക്കാനും ഭക്ഷണം ഉണ്ടാക്കാനും വസ്ത്രം അലക്കാനും, കുളിക്കാനും ഉറങ്ങനുമുള്ള മികച്ച ഇടങ്ങൾ അപ്ന ഘർ പദ്ധതിയുടെ ഭാഗമായി ഉണ്ട്. തീയണക്കാ നും മഴവെള്ളം ശേഖരിക്കാനും സൗകര്യം ഉണ്ട്. ഡീസൽ ജനറേറ്റർ, 24 മണിക്കൂറും പ്രവർത്തിക്കുന്ന സെക്യൂരിറ്റി, സിസിടിവി സൗകര്യങ്ങളും അപ്ന ഘറിൽ ഒരുക്കിയിട്ടുണ്ട്. പെരുമ്പാവൂർ, കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിലും ഇത്തരം താമസസ്ഥലം ഉടൻ സജ്ജമാക്കും.

## കോവിഡ് 19 ന് ശേഷം

കോവിഡ് 19 പൊട്ടിപ്പുറപ്പെട്ട ശേഷം സംസ്ഥാനത്തെ അതിഥി ത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ സജീവമായ ഇടപെടലാണ് നടത്തിയത്. ഹെൽത്ത് സ്ക്രീനിങ്, ഭക്ഷണവും ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കൽ, ഹെൽപ് ഡസ്ക് ആരംഭിക്കൽ എന്നിവയിലൂടെ അതിഥി ത്തൊഴിലാളികളുടെ ആശങ്ക പരിഹരിക്കാൻ സാധിച്ചു. അവരെ സ്വദേശങ്ങളിൽ എത്തിക്കാനും നടപടി സ്വീകരിച്ചു. കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെട്ട ശേഷം തൊഴിൽ വകുപ്പിനെ അവശ്യ സർവീസ് ആയി സർക്കാർ പ്രഖ്യാപിച്ചു. കുടിയേറ്റ തൊഴിലാളികളുടെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ലേബർ കമ്മീഷണറുടെ കീഴിൽ പ്രത്യേകസംഘത്തെ നിയമിച്ചു. കുടിയേറ്റ തൊഴിലാളികൾക്ക് വേണ്ടി പ്രത്യേകമായി 14 ജില്ലകളിലും ലേബർ ഓഫീസർമാരുടെ കീഴിൽ കോൾ സെൻററുകൾ തുറന്നു
കുടിയേറ്റ തൊഴിലാളികളുടെ ഫോൺ കോൾ അറ്റൻഡ് ചെയ്യാനായി ഭാഷാ പ്രാവീണ്യമുള്ള ആളുകളെ നിയോഗിച്ചു.

കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ജില്ലാ, താലൂക്ക്, പ്രാദേശിക തലങ്ങളിൽ ത്രിതല കമ്മിറ്റിക്ക് രൂപം നൽകി. ജില്ലകളിൽ കളക്ടർമാരും താലൂക്ക് തലത്തിൽ തഹസിൽദാർമാരും പ്രാദേശികതലത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ സെക്രട്ടറിമാരും ആയിരുന്നു കമ്മിറ്റികൾക്ക് നേതൃത്വം നൽകിയത്.

താമസസൗകര്യം ഒരുക്കാൻ എല്ലാ ജില്ലകളിലും ക്യാമ്പുകൾ തുറന്നു. ആവശ്യമുള്ളവർക്ക് സാമൂഹിക അടുക്കളയിൽനിന്ന് ഭക്ഷണവും ലഭ്യമാക്കി.

..4,34,280 അതിഥി ത്തൊഴിലാളികൾക്കായി സംസ്ഥാനത്തുടനീളം 21,556 ക്യാമ്പുകൾ പ്രവർത്തിച്ചു. ഈ ക്യാമ്പുകളിൽ അവർക്ക് വിനോദത്തിനായി ടെലിവിഷൻ സെറ്റുകൾ സജ്ജമാക്കിയിരുന്നു. തൊഴിലാളികളുടെ മാനസിക ആരോഗ്യം സംരക്ഷിക്കാൻ കൗൺസിലർമാരുടെ സേവനവും ഉറപ്പുവരുത്തി. നൽകുന്ന സൗകര്യങ്ങളെക്കുറിച്ച് തൊഴിലാളികൾക്ക് അവരുടെ ഭാഷകളിൽ വാട്സ്ആപ്പ് ആപ്പ് സന്ദേശങ്ങളും നൽകിക്കൊണ്ടിരുന്നു ശ്രമിക്ക് ട്രെയിനുകൾ ഓടാൻ ആരംഭിച്ചപ്പോൾ സ്വദേശത്തേക്ക് മടങ്ങാൻ താല്പര്യമുള്ളവരെ ആസൂത്രിതമായ രീതിയിൽ തിരിച്ചയക്കാൻ സാധിച്ചു. യാത്രയിലുടനീളം കഴിക്കാനുള്ള ഭക്ഷണവും വെള്ളവും നൽകിയാണ് അവരെ തിരിച്ചയച്ചത്.

കുടിയേറ്റ തൊഴിലാളികളുമായി ആയി ബന്ധപ്പെട്ട കോവിഡ് 19 കാലത്ത് അത് നടത്തിയ പ്രവർത്തനങ്ങളിൽ സിഐടിയു പ്രവർത്തകരുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു എന്നതും ശ്രദ്ധേയമാണ്.■





# ഗാന്ധിമാർ, മണ്ടേലമാർ, ഇന്നത്തെ രാജാക്കന്മാർ

ഗോപാലകൃഷ്ണ ഗാന്ധി

മഹാത്മാഗാന്ധിയെയോ, നെൽസൺ മണ്ടേലയെയോ, മാർട്ടിൻ ലൂതർ കിങ്ങ് ജൂനിയറിനെയോ അവരുടെ അധിക്ഷേപം ഏറ്റുവാങ്ങാതെ ഇന്ന് നമുക്ക് ആഘോഷിക്കാനാവില്ല.

അൽപ്പം വ്യത്യസ്തതയോടെയാണെങ്കിലും അവരെല്ലാം ഇങ്ങനെ പറയും.' ഞങ്ങളെ ആഘോഷിക്കാൻ / ആദരിക്കാനാണ് നിങ്ങൾ ഒത്തുകൂടിയിരിക്കുന്നതെങ്കിൽ ഇപ്പോൾ തന്നെ അത് നിർത്തിവക്കണം. ഞങ്ങൾക്കൊപ്പം ചിന്തിക്കാനാണ് എത്തിയതെങ്കിൽ  ഞങ്ങൾക്ക് ചെവി തരുക. ഞങ്ങളോടല്ല, ഞങ്ങളുടെ പേരുപറഞ്ഞ് നടക്കുന്നവരെയുമല്ല കേൾക്കേണ്ടത്. നിങ്ങളുടെ മന:സാക്ഷിയോടാണ്. ഞങ്ങൾ അങ്ങനെയാണ് ചെയ്തിരുന്നത്. ഞങ്ങൾ നോക്കിയത് ഞങ്ങൾക്കു മുമ്പേ കടന്നു പോയ വീരനായകൻമാരെയും നായികമാരെയുമാണ്. അവരുടെ വാർഷികങ്ങൾ ഞങ്ങൾ ആഘോഷിച്ചു. അത് നമുക്കു ചുറ്റുമുള്ള ലോകത്തെ വ്യക്തമായി കാണാനും വരും കാലത്തിന്റെ ആവശ്യം രൂപപ്പെടുത്താനുമായിരുന്നു. ഇൻഡ്യ ഇന്നൊരു സ്വതന്ത്ര രാഷ്ട്രമാണ്. കോളനിവൽകൃത ലോകമിന്നില്ല. ദക്ഷിണാഫ്രിക്കയിലെ മൂർച്ചയേറിയ വർണവിവേചനത്തിന്റെ മുറിവേൽപ്പിക്കുന്ന ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞു കഴിഞ്ഞു. അമേരിക്കൻ സിവിൽ അവകാശനിയമത്തോടെ അടിമത്തം ഭൂതകാലത്തിന്റെ കുപ്രസിദ്ധമായ ഒരേടായി മാറി. സമീപ കാലം വരെ ബസ്സിൽ ഇഷ്ടമുള്ള സീറ്റിൽ ഇരിക്കാൻ അവകാശമില്ലാതിരുന്ന ജനവിഭാഗത്തിൽ നിന്ന് ബാരാക്ക് ഒബാമ എന്ന പ്രഗൽഭനായ ഒരാളെ അമേരിക്ക പ്രസിഡന്റായി തെരഞ്ഞെടുത്തു. ഇൻ ഡ്യക്കാരെ, ദക്ഷിണാഫ്രിക്കക്കാരെ, അമേരിക്കക്കാരെ, നിങ്ങളിന്നു സംതൃപ്തിയോടെ കഴിയുന്ന ജനതയാണോ?

ആകാംക്ഷയും വേദനയും നിറഞ്ഞ ശബ്ദത്തിൽ അവരിങ്ങനെ ചോദിക്കും. നമുക്കെല്ലാം അതിന്റെ ഉത്തരം അറിയാം.

### അത്യാർത്തി പൂണ്ട ഒരു സംസ്കാരം

ഇൻഡ്യയും ദക്ഷിണാഫ്രിക്കയും അമേരിക്കയും മാത്രമല്ല, ലോകമാകെ വിഷലിപ്തമായ കോവിഡ് 19 എന്ന ലോക വൈറസിന്റെ പിടിയിലാണ്. എന്നാൽ യഥാർത്ഥത്തിൽ നാം ഭൂമിയിലെ വിഭവങ്ങളാകെ, ഭൂമിയിലെ ജീവി വംശങ്ങളെയാകെ വാണിജ്യ ലാഭത്തിനായി വേട്ടയാടുന്ന അത്യാർത്തി പൂണ്ട ഒരു സംസ്കാരത്തിന്റെ പിടിയിലുമാണ്. ഇന്ന് ഓരോ സിറ്റിയിലും ടൗണിലും ഒരു വന്യ ജീവികമ്പോളമുണ്ട്. അതിലും പ്രധാനമായി ,പാവപ്പെട്ടവർക്കിടയിൽ മാത്രമല്ല, നാം ഓരോരുത്തരുടെയുള്ളിലും ജീവിതത്തോട് ഒരുതരം ശൂന്യതാ ബോധം കടന്നു വന്നിരിക്കുന്നു. പുതിയ കൊറോണാ വൈറസ് മൈക്രോബിന്റെ ഉന്നതി മനുഷ്യന്റെ ഉൽപ്പത്തിയിൽ നിന്ന് വ്യത്യസ്തമല്ല. അത് ഹിരോഷിമയിലും നാഗസാക്കിയിലും കുതിച്ചുയർന്ന ഭീമൻ ചിറകുകളോ അവിടെ ചാരം മൂടിയ തീക്കനലുകളോ സൃഷ്ടിച്ച മാനുഷികാഘാതത്തിൽ നിന്ന് വ്യത്യസ്തവുമല്ല. വൈറസിന്റെ ഇരകൾ ബോംബിന്റെ ഇരകൾക്ക് സമാനമാണ്. ഇരകളെല്ലാം നിരപരാധികളായ മനുഷ്യജീവികളാണ്. അവർ പ്രാന്തവൽക്കരിക്കപ്പെട്ട പരമസാധുക്കളായ മനുഷ്യരാണെന്ന് നിസ്സംശയം പറയാം.

ചൈനയുടെ അതാര്യ പ്രവർത്തന രീതി അല്ലെങ്കിൽ പ്രകൃതിയുടെ അചേതന പ്രവർത്തനം എന്നിവയെയും മനുഷ്യവംശത്തിലെ ശക്തരായവർ ബോധപൂർവം നടത്തുന്ന കൊള്ളയെയും പഴിക്കുന്നതിൽ കാര്യമില്ല. അതൊന്നും പ്രകൃതി നമുക്കു മേൽ അടിച്ചേൽപ്പിക്കുന്നതല്ല. നാം ആദരിക്കേണ്ട, പരിപാലിക്കേണ്ട വസ്തുക്കൾക്കു മേൽ അധീശത്വം പുലർത്തി നാം തന്നെ അവ നശിപ്പിക്കയാണ്. മൃഗങ്ങളിൽ നിന്ന് പകരുന്ന മഹാമാരികൾ തികച്ചും പൈശാചികമായ ‘ ,അപ്രതീക്ഷിത സൃഷ്ടികളാണ്.





ന്യൂക്ളിയർ, കെമിക്കൽ, ബയോളജിക്കൽ ആയുധങ്ങളുപയോഗിച്ച് രാജ്യങ്ങൾ ജനങ്ങളെ ഭേദ്യം ചെയ്യുന്ന രീതിയുടെ തുടർച്ചയാണിത്. ആൽബർട്ട് ലുട്ടൂലിയുടെയും നെൽസൺ മണ്ടേലയുടെയും ദക്ഷിണാഫ്രിക്ക, ഭേദ്യം ചെയ്യലിനെതിരെയുള്ള ഐക്യരാഷ്ട്ര സഭയുടെ കൺവൻഷൻ എന്തെങ്കിലും എതിർപ്പോ സംശയങ്ങളോ ഇല്ലാതെ അംഗീകരിക്കയും ഒപ്പു വക്കുകയും ചെയ്തിട്ടുണ്ട്. അബ്രഹാംലിങ്കന്റെയും മാർട്ടിൻ ലൂതർ കിങ്ങ് ജൂനിയറിന്റെയും അമേരിക്കയും അൽപ്പം ആശങ്കയോടെയാണെങ്കിലും അങ്ങനെ ചെയ്തിട്ടുണ്ട്. ടാഗോറിന്റെയും മഹാത്മാഗാന്ധിയുടെയും ഇൻഡ്യ ഭേദ്യം ചെയ്യലിനെതിരെയുള്ള കൺവൻഷൻ ഒപ്പു വച്ചെങ്കിലും അംഗീകരിച്ചിട്ടില്ല. ഇതെക്കുറിച്ച് എന്താണ് ഗാന്ധിക്കും ടാഗോറിനും പറയാനുണ്ടാവുക? പൂർണമായി റദ്ദാക്കാതെ അത് തുടരുകയാണ്. ഒരു രാജ്യത്തിന് പ്രജകളെ ഭേദ്യം ചെയ്യണം എന്നത് അത്ര വിലയേറിയ ഒന്നാണോ? ജോർജ് ഫ്ളോയിഡിന്റെ മരണ രോദനം 'എനിക്ക് ശ്വസിക്കാനാവുന്നില്ല' മാർട്ടിൻ ലൂതർ കിങ്ങ് ജൂനിയറിന്റെ 'എനിക്കൊരു സ്വപ്നമുണ്ട്' എന്ന വാക്കുകളുടെ എതിർ ഭാഗത്ത് നിൽക്കുന്നു. ഫ്ളോയിഡ് ഈ വാക്കുകൾ ഉതിർക്കുമ്പോൾ ലോകമാകെ മാസ്കിലൂടെ ശ്വസിക്കയാണ്. ശ്വാസം ഉള്ളിലേക്കെടുക്കുന്നത് ഭയപ്പാടോടെയാണ്. നാം തന്നെ വരുത്തി വച്ച പ്രതിസന്ധിയിൽ മനുഷ്യന്റെ ഉൽപ്പത്തിയെപ്പറ്റിയുള്ള മരവിപ്പിക്കുന്ന, നിരാശാഭരിതമായ ചിത്രം ഇവിടെ അനാവരണം ചെയ്യപ്പെടുകയാണ്.

### വീട്ടിലേക്കൊരു നീണ്ട നടത്തം

പീറ്റർ മാറ്റിസ് ബർഗിൽ വച്ച് 1893 ജൂൺ 7 ന് രാത്രിയാണ് ഗാന്ധിയെ ട്രെയിനിൽ നിന്ന് പുറത്തേക്ക് തള്ളിയിട്ടത്. ആ ട്രെയിൻ യാത്ര കൊളോണിയൽ ചരിത്രത്തിന്റെ ഗതി തന്നെ മാറ്റിമറിച്ചു. ഇന്ന് ട്രെയിൻ (മാധ്യമ) തലക്കെട്ടുകൾ പിടിച്ചെടുത്തിരിക്കുന്നു. അത് മറ്റൊരു രീതിയിലാണെന്നു മാത്രം. ആരെയെങ്കിലും ഒരാളെ പുറത്തേക്കെറിഞ്ഞല്ല , ലക്ഷങ്ങളെ അതിന്നുള്ളിലേക്ക് തള്ളിക്കയറ്റിയാണ്. അവരെല്ലാം കുടിയേറ്റ തൊഴിലാളികളാണ്. ദക്ഷിണാഫ്രിക്കയിൽ ഗാന്ധിയെന്ന തികഞ്ഞ കുടിയേറ്റക്കാരനെപ്പോലെ. ഒരു വ്യത്യാസമുണ്ട്. മറ്റൊരു രാജ്യത്തിൽ വക്കീലായ അദ്ദേഹത്തിന് നിശ്ചിതമായ ഒരു വരുമാനമുണ്ടായിരുന്നു. ഇവിടെ കുടിയേറ്റ തൊഴിലാളികൾ ജീവിതമാർഗം കൊട്ടിയടക്കപ്പെട്ടവരാണ്. വൈറസ് വ്യാപനം തടുക്കാൻ രാജ്യത്ത് ലോക്ക് ഡൗൺ അടിച്ചേൽപിച്ചതിനെ തുടർന്ന് സ്വന്തം രാജ്യത്തെ വിദൂരമായ കോണിൽ നിന്നും മറ്റൊരു കോണിലേക്ക് യാത്ര ചെയ്യുന്നവരാണ്. സമൂഹത്തിലെ ഉന്നത വിഭാഗത്തിൽ പെട്ടവരെ സംബന്ധിച്ചിടത്തോളം ലോക്ക് ഡൗൺ എന്നാൽ വീട്ടിലെ താമസം, സിനിമ കാണൽ, ഭക്ഷണമുണ്ടാക്കുക, തിന്നുക,വീട്ടിൽ തന്നെ വ്യായാമം ചെയ്യുക, പരസ്പരം ഒരു മീറ്റർ അകലം പാലിക്കുക എന്നിവയാണ്.

ഈ അഭയാർത്ഥി ലക്ഷങ്ങൾക്കാകട്ടെ അത് പൊടുന്നനെ ഉണ്ടായ വരുമാന സ്തംഭനം, തൊഴിൽ നഷ്ടം അരക്ഷിതത്വം ആദിയായവയും. മാത്രമല്ല ഇടുങ്ങിയ പരിമിതമായ സ്ഥലത്ത് അവരെ ഒന്നിച്ചു കൂട്ടിയപ്പോൾ ദീർഘനേരം അവരുടെയെല്ലാം ശ്വാസവും ഉച്ഛ്വാസവും കൂടിക്കലരുന്നു. മുന്നിൽ മറ്റു മാർഗമില്ലാതെ അവർ നടക്കുകയാണ്. എത്ര ദൂരം എന്ന് അവർക്ക് ചിന്തിക്കാനാവില്ല. എങ്ങനെയും വീട്ടിലെത്തണം.എന്നിട്ടോ? ലോക്ക് ഡൗൺ വ്യവസ്ഥകൾ ലംഘിക്കുന്നു എന്നു പറഞ്ഞ് അവരെ തിരിച്ചോടിക്കുന്നു. ഈ മനുഷ്യജീവികൾക്ക് വീട്ടിലെത്തിയാലേ 'സ്റ്റേ ഹോം' സാധ്യമാകൂ എന്ന് വേണ്ടപ്പെട്ടവരുടെ തലയിൽ വെളിച്ചം തെളിയും വരെ അത് തുടർന്നു. ട്രെയിനുകൾ തയാറാക്കി. ധാരാളം ആളുകൾക്കു വേണ്ടി ഏതാനും ട്രെയിനുകൾ. സാമൂഹ്യ അകലം പാലിക്കുന്നതിന്റെ നേരെ വിപരീതം. 80 കുടിയേറ്റ തൊഴിലാളികൾ ട്രെയിനിൽ മരിച്ചത് രോഗ ബാധ കൊണ്ടോ പട്ടിണി കൊണ്ടോ അല്ലെന്ന റെയിൽവെയുടെ ഭാഷ്യം ഞാൻ വിശ്വസിക്കുന്നു. അവരെ ഞാൻ വിശ്വസിക്കാം. പക്ഷെ സർക്കാർ അവർ എങ്ങനെ മരിച്ചു എന്ന സത്യം പറയണം. റെയിൽവെ പോലും ഇവർ മരിച്ചില്ല എന്ന് പറഞ്ഞിട്ടില്ല. ■



# " സഖാവെ എന്നു തന്നെ വിളിക്കും"
# "ലാൽസലാം എന്നു തന്നെ അഭിവാദ്യം ചെയ്യും"



തപൻ സെൻ

മാധ്യമങ്ങൾ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്ത ഒരു വാർത്ത നിങ്ങളുടെയെല്ലാം ശ്രദ്ധയിൽ പെട്ടിരിക്കും. ആസാം സംസ്ഥാനത്താകെ പൗരത്വ ഭേദഗതി (CAA) നിയമത്തിനെതിരെ നടന്ന പ്രക്ഷോഭത്തിൽ പങ്കെടുത്ത് പ്രതിഷേധം നടത്തിയവരെ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി (NIA) അറസ്റ്റു ചെയ്തിരിക്കുന്നു.

മെയ് 29 ന് അറസ്റ്റ് ചെയ്തവർക്കെതിരെ ചുമത്തിയ ചാർജ് ഷീറ്റിൽ NIA ഇപ്രകാരം പറയുന്നു . ഇതിലൊരാൾ ഫേസ് ബുക്കിൽ ലെനിന്റെ ഫോട്ടോ അപ് ലോഡ് ചെയ്തു. ചിലർ കൂട്ടുകാരെ സഖാക്കളെ എന്ന് അഭിസംബോധന ചെയ്തു, ലാൽസലാം എന്ന് അഭിവാദ്യം ചെയ്തു.

മാത്രമല്ല, സോഷ്യലിസത്തിനൊരു മുഖവുര (An Introduction to Socialism) കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എന്നീ പുസ്തകങ്ങൾ അവരിൽ നിന്നും പിടിച്ചെടുത്തു എന്നും റിപ്പോർട്ട് പറയുന്നു

ഇവർ മാവോയിസ്റ്റ്കളാണ് എന്നതിന് തെളിവാണ് ഇവയെന്നും NIA പറയുന്നു

ഈ നീക്കത്തിനു പിന്നിലെ ലക്ഷ്യം, കേഡറുകളെ, മുൻനിര പ്രവർത്തകരെ, സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ, പ്രത്യേകിച്ച് ഇടതുപക്ഷ ചായ്‌വുള്ള തൊഴിലാളി പ്രസ്ഥാനങ്ങളിലുള്ള ഉശിരുള്ള തൊഴിലാളികളെ ഭീഷണിപ്പെടുത്തുക എന്നതല്ലാതെ മറ്റൊന്നുമല്ല. ലാൽസലാം വിളിക്കാനും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പോലുള്ള പുരോഗമന സാഹിത്യം കൈവശം വക്കാനുമുള്ള നമ്മുടെ അവകാശം നിഷേധിക്കാൻ ആർക്കുമാവില്ല. ഇതൊന്നും വിചാരണ ചെയ്യപ്പെടേണ്ട കുറ്റവുമല്ല. തൊഴിലാളി വർഗ്ഗ വും ട്രേഡ് യൂണിയനുകളും മോഡി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ, ജന വിരുദ്ധ, ദേശവിരുദ്ധ നവലിബറൽ അജണ്ടകൾക്കെതിരെ നടത്തുന്ന പ്രക്ഷോഭത്തെ ഇത്തരം നടപടികളിലൂടെ അമർച്ച ചെയ്യാമെന്ന് മോഡി നേതൃത്വം നൽകുന്ന സർക്കാരും, ബി ജെ പിയും, NIA യും കരുതുന്നുണ്ടാവാം. അതാണ് ലക്ഷ്യമെങ്കിൽ അവർക്ക് തെറ്റിയിരിക്കുന്നു എന്ന് പറയേണ്ടി വരും. ലോക്ക് ഡൗൺ നിലനിൽക്കുന്ന ഘട്ടത്തിലാണ് ഇത്തരം ഹീനമായ, അപലപനീയമായ നടപടികൾക്ക് ബിജെപി സർക്കാർ മുതിർന്നിട്ടുള്ളത്. തൊഴിലാളികൾക്കും ഇതര ജനവിഭാഗങ്ങൾക്കും മേൽ ഏതുവിധേനയും തങ്ങളുടെ നവലിബറൽ അജണ്ട അടിച്ചേൽപ്പിക്കാനുള്ള, ദേശ, വിദേശ, വൻ കോർപ്പറേറ്റ് കൾക്കും ഭൂപ്രഭുക്കൾക്കും രാജ്യം തന്നെ വിൽക്കാനുള്ള, തൊഴിലാളികളെ അടിമ സമാനമായ സ്ഥിതിയിലേക്ക് തള്ളിനീക്കാനുള്ള വെറി പിടിച്ച നീക്കമാണ് ഇവിടെ പ്രതിഫലിക്കുന്നത് .

തൊഴിലാളി വർഗ്ഗം ഇത്തരം വിരട്ടുകൾക്കും ഭീഷണികൾക്കും വഴങ്ങാൻ പോകുന്നില്ല എന്ന പാഠം ഈ സർക്കാരിനെ പഠിപ്പിച്ചേ തീരൂ.

നമ്മുടെ പതിനാറാം സമ്മേളനം ആഹ്വാനം ചെയ്തതുപോലെ നാം ഇതിനെ എതിർക്കും. നേരിടുകയും ചെയ്യും. നമ്മുടെ താഴെ തട്ടിലുള്ള എല്ലാ കമ്മിറ്റികളും വ്യവസായ ഫെഡറേഷനുകളും എല്ലാ തലത്തിലുമുള്ള അഫിലിയേറ്റഡ് സംഘടനകളും ഈ നടപടിയെ വെല്ലുവിളിച്ച് രാജ്യമെമ്പാടും പ്ളക്കാർഡുകളിലൂടെ, ബാനറുകളിലൂടെ, ചുവരെഴുത്തുകളിലൂടെ, സോഷ്യൽ മീഡിയയിലൂടെ സഖാവെ എന്നും ലാൽസലാം എന്നും വ്യാപകമായി അഭിസംബോധന ചെയ്ത് വൻ പ്രചാരണം സംഘടിപ്പിക്കാൻ ആഹ്വാനം ചെയ്യുന്നു



# തർക്കം അതിർത്തിയിലോ വിദേശനയത്തിലോ

**യുദ്ധം ഒന്നിനും പരിഹാരമാർഗമല്ല. 1962 ലെ യുദ്ധം അതാണ് പഠിപ്പിച്ചത്**

**വി ബി പരമേശ്വരൻ**

നാൽപ്പത്തഞ്ച് വർഷത്തിന് ശേഷം ആദ്യമായി ചൈനയുമായുള്ള യഥാർഥ നിയന്ത്രണ രേഖയിൽ(എൽഎസി) ഇന്ത്യൻ സൈനികർക്ക് ജീവൻ നഷ്ടമായത് ആശങ്കയുളവാക്കുന്ന വാർത്തയാണ്.

രണ്ടുമാസമായി എൽഎസി അശാന്തമായിരുന്നു. കിഴക്കൻ ലഡാക്കിലും സിക്കിമിലെ നക്കുലായിലുമാണ് ചൈനീസ് സേന കടന്നു കയറിയതെന്നാണ് മാധ്യമ റിപ്പോർട്ടുകൾ. സമീപകാല ചരിത്രത്തിൽ ആദ്യമായാണ് വ്യത്യസ്ത പ്രദേശങ്ങളിൽ ഒരേ സമയം ചൈനയുടെ സൈനിക നീക്കമുണ്ടായത്. അതുകൊണ്ട് തന്നെ ഗൗരവത്തോടെ മാത്രമേ ഈ നീക്കത്തെ സമീപിക്കാനാകൂ.

പാകിസ്ഥാനുമായുള്ള നിയന്ത്രണ രേഖ(എൽഒസി)യിൽ നിന്നും വ്യത്യസ്തമാണ് ചൈനയുമായുള്ള എൽഎസി. എൽഎസി സംബന്ധിച്ച് വ്യക്തമായ അതിർത്തി രേഖപ്പെടുത്തുകയോ ഭൂപടങ്ങൾ പരസ്പരം കൈമാറുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് തന്നെ എൽഎസി സംബന്ധിച്ച് ഇരു രാഷ്ട്രങ്ങളുടെയും കാഴ്ചപ്പാടുകളും സമീപനങ്ങളും വ്യത്യസ്തമാണ്. ഈ അവ്യക്തത തന്നെയാണ് 2013 ൽ ഡെസ്പാങ് താഴ്വരയിലും 2014 ൽ ചുമാറിലും 2017 ൽ ദോക്‌ലാമിലും ഉണ്ടായ തർക്കത്തിന് കാരണമായത്. അതാണിപ്പോൾ കിഴക്കൻ ലഡാക്കിലും ആവർത്തിക്കപ്പെടുന്നത്. സൈനിക തലത്തിലും നയതന്ത്ര തലത്തിലും നടത്തിയ ചർച്ചകളിലൂടെ ഈ ഒരോ പ്രതിസന്ധിയും ഇരുരാഷ്ട്രങ്ങളും മറികടന്നു. ഇപ്പോഴത്തെ പ്രതിസന്ധിക്കും പരിഹാരം അതുതന്നെയാണ്. യുദ്ധം ഒന്നിനും പരിഹാരമാർഗമല്ല. 1962 ലെ യുദ്ധം അതാണ് പഠിപ്പിച്ചത്.

ലോകരാഷ്ട്രീയത്തിൽ അമേരിക്കയുടെ വിശ്വാസ്യത നാൾക്കുനാൾ നഷ്ടപ്പെടുകയാണ്. ചൈനയാകട്ടെ പ്രധാനശക്തിയായി ഉയരുകയും ചെയ്യുന്നു. ഇതിന്റെ പ്രതിഫലനമാണ് ദക്ഷിണ ചൈനാ



കടലിൽ കാണുന്നത്. സ്വന്തം താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ചൈന ഏതറ്റംവരെയും പോകുമെന്ന് വിയത്നാം, ഫിലിപ്പീൻസ്, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളുമായുള്ള സമീപകാല തർക്കങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഭൗമരാഷ്ട്രീയം ചൈനയ്ക്ക് അനുകൂലമായി മാറ്റാനുള്ള ശ്രമം ബീജിങ്ങിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നു. കോവിഡ് മഹാമാരി അതിന് വേഗം കുറച്ചിട്ടുണ്ടെങ്കിലും.

അതോടൊപ്പം തന്നെ ഇന്ത്യയുടെ വിദേശനയത്തിലുള്ള മാറ്റവും ചൈന അസ്വസ്ഥതയോടെയാണ് വീക്ഷിക്കുന്നത്. ഒരു കാലത്ത് 'ഇന്ത്യ ചീനി ഭായ് ഭായ്' എന്ന മുദ്രാവാക്യം മുഴങ്ങിക്കേട്ടിരുന്നു. എന്നാൽ ഇന്ന് 'ഇന്ത്യ ചീനി ബൈയ് ബൈയ്' എന്ന മുദ്രാവക്യം ഉയർത്തുന്നതിലാണ് രാജ്യം ഭരിക്കുന്ന കക്ഷിക്കും മുഖ്യപ്രതിപക്ഷ കക്ഷിക്കും താൽപ്പര്യം എന്ന് തോന്നുന്നു. 1960 ൽ പ്രധാനമന്ത്രി നെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൗഎൻ ലായിയും തമ്മിൽ അതിർത്തി പ്രശ്നം പരിഹരിക്കുന്നതിന്റെ വക്കിലെത്തിയിരുന്നെങ്കിലും അന്ന് അതിന് തടയിട്ടത് ഹിന്ദുത്വവാദികളും കോൺഗ്രസിനകത്തെ ഹിന്ദുത്വ പക്ഷപാതികളുമായിരുന്നു.





നെഹ്റുവിന്റെ ചേരിചേരാ നയം ഉപേക്ഷിച്ച് ഇന്ത്യ പൂർണമായും അമേരിക്കയുടെ പക്ഷത്തേക്ക് ചാഞ്ഞത് ഉഭയകക്ഷി ബന്ധത്തെയും ബാധിച്ചു. കോൺഗ്രസ് സർക്കാരാണ് അമേരിക്കൻ വിധേയത്വമാർന്ന വിദേശനയത്തിന് തുടക്കമിട്ടതെങ്കിൽ അത് പൂർവാധികം ശക്തമാക്കിയത് ബിജെപി സർക്കാരുകളാണ്. ഈ അമേരിക്കൻ അനുകൂല വിദേശനയത്തിന്റെ സത്ത ചൈനീസ് വിരുദ്ധതയുമാണ്. ജപ്പാനും ഓസ്ട്രേലിയയും അമേരിക്കയും ഇന്ത്യയും ചേർന്ന ക്വാഡ് സഖ്യം ഉദാഹരണം. ദക്ഷിണ ചൈന കടലിൽ ചൈനയുടെ സ്വാധീനം തടയാൻ മാത്രം അമേരിക്ക രൂപീകരിച്ച സഖ്യമാണിത്. ചൈനയെ ഒഴിവാക്കി ഇന്ത്യയെ ജി ഏഴിൽ അംഗമാക്കുമെന്ന് ഏകപക്ഷീയമായി അമേരിക്ക പ്രഖ്യാപിച്ചതും ഇന്ത്യ അത് ഉടൻ അംഗീകരിച്ചതും മറ്റൊന്ന്. ചൈനയുടെ ബെൽറ്റ് റോഡ് പദ്ധതിയെയും ചൈന–പാക് സാമ്പത്തിക ഇടനാഴിയെയും ഇന്ത്യ ശക്തമായി എതിർക്കുന്നു.

എറ്റവും അവസാനമായി ചൈനയിൽ നിന്നുള്ള വിദേശനിക്ഷേപം തടയുന്ന സമീപനവും ഇന്ത്യ കൈക്കൊണ്ടു. ചൈന വിരുദ്ധതയാണ് ഇന്ത്യൻ വിദേശനയത്തിന്റെ മുഖമുദ്ര എന്ന് തോന്നിപ്പിക്കും വിധമാണ് മോഡി സർക്കാർ കരുക്കൾ നീക്കിയത്. ചൈനയുടെ പ്രകോപനത്തിന് ഇതും കാരണമായിരിക്കാം. അതിനാൽ ഇന്ത്യക്ക് യോജിച്ചത് ചൈനയോടും അമേരിക്കയോടും തുല്യ അകലം പാലിച്ചുള്ള വിദേശനയമാണെന്ന് മുൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് എം കെ നാരായണൻ നിരീക്ഷിക്കുകയുണ്ടായി. സൈനികശേഷി കാട്ടി അതിർത്തി പ്രശ്നവും ഉഭയകക്ഷി പ്രശ്നവും പരിഹരിക്കാൻ കഴിയുമെന്ന് കാണുന്നത് മൗഢ്യമായിരിക്കും. പരസ്പരം സംഭാഷണങ്ങളിലൂടെ മാത്രമേ ഇരുരാഷ്ട്രങ്ങളും തമ്മിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ. ■



# ആഗോള പരിസ്ഥിതി ദിനവും കോവിഡ് 19 ഉം



**ജോസ് ടി എബ്രഹാം**

കോവിഡ്19 മഹാമാരി ലോകത്ത് 75 ലക്ഷത്തിലധികം പേരെ പിടികൂടുകയും 4 ലക്ഷത്തോളം പേരുടെ മരണത്തിനു കാരണമാവുകയും ചെയ്തു (ജൂൺ 15 ന്റെ കണക്ക്) ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ രോഗം ഇപ്പോഴും പടർന്നു പിടിച്ചു കൊണ്ടിരിക്കുകയാണ്. അമേരിക്കയിൽ ജോർജ് ഫ്ളോയിഡ് എന്ന കറുത്തവർഗ്ഗക്കാരൻ, പോലീസ് പിടലിയിൽ മുട്ടു കാലമർത്തി ക്രൂരമായി കൊലപ്പെടുത്തുകയും അതേ തുടർന്ന് ലോകമാകെ വലിയ പ്രതിഷേധം നടന്നു കൊണ്ടിരിക്കുകയുമാണ്. ഈ സംഭവങ്ങൾ ലോകത്തെയാകെ പിടിച്ചുലച്ചു കൊണ്ടിരിക്കുന്നതിന്റെ മധ്യത്തിൽ നിന്നു കൊണ്ടാണ് ജൂൺ 5 ആഗോള പരിസ്ഥിതി ദിനം നാം ആചരിച്ചത്.

പരിസ്ഥിതി പ്രവർത്തകരും, വിദ്യാർത്ഥികളും യുവാക്കളും ശാസ്ത്രജ്ഞരും ഭരണകർത്താക്കളും നയരൂപീകരണക്കാരും, യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് ഉൾപ്പെടെയുള്ളവരും പരിസ്ഥിതി സംരക്ഷണത്തിനായി പലവിധ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്താൻ പ്രചാരണങ്ങളും നടത്തി.

1974 മുതൽ ആഗോള പരിസ്ഥിതി ദിനാചരണം യുഎൻ ന്റെ നേതൃത്വത്തിൽ നടക്കുകയാണ്. എല്ലാവർക്കും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അനേകം ചർച്ചകൾ നടക്കുകയും പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യും. എന്നാൽ ഇപ്പോഴും "വഞ്ചി തിരുനക്കരെ തന്നെ" എന്നതാണ് സ്ഥിതി.

### പരിസ്ഥിതി ദിനം ചരിത്രം

1974 ൽ പരിസ്ഥിതി ദിനം ആചരിച്ചു തുടങ്ങിയ വർഷം യുഎൻ പ്രമേയമായി എടുത്തത് "ഒരു ഭൂമി മാത്രം" (Only one earth) എന്ന പ്രമേയമായിരുന്നു. ഭൂമി ഒന്നുമാത്രമേയുള്ളൂ അതിനെ സംരക്ഷിച്ചില്ലെങ്കിൽ മനുഷ്യനുൾപ്പെടെയുള്ള ഒരു ജീവിക്കും നിലനിൽക്കാൻ കഴിയില്ല എന്നാണത് സൂചിപ്പിച്ചത്. 2010 ലെ പരിസ്ഥിതി ദിന പ്രമേയം 'അനേകം ജീവികൾ, ഒരു ഭൂഗോളം, ഒരു ഭാവി' എന്നതായിരുന്നു. ഭൂമിയിൽ അനേകം ജീവിഗണങ്ങൾ (Species) ഉണ്ട്. എന്നാൽ ഈ ജിവജാലങ്ങൾക്കെല്ലാം കൂടി ഒരേ ഒരു ഗ്രഹം "ഭൂമി" മാത്രമെയുള്ളൂ. അതിനാൽ തന്നെ എല്ലാ ജീവജാലങ്ങളും ഭൂമിയെ ആശ്രയിച്ചാണ് നിൽക്കുന്നത്. 2011 ലെ പരിസ്ഥിതി ദിന പരിപാടികൾക്ക് ഇന്ത്യയാണ് ആതിഥ്യം നൽകിയത്. 1987 മുതൽ 'ജൂൺ അഞ്ച്' പരിസ്ഥിതി ദിനത്തിന് ആതിഥ്യ നൽകുന്നത് ഓരോ രാജ്യങ്ങളാണ്. 2011 ലെ പരിസ്ഥിതി ദിന പ്രമേയം "വനങ്ങൾ പ്രകൃതി നിന്റെ സേവനത്തിനായി (Forests- Nature at your service)എന്നതായിരുന്നു. പരിസ്ഥിതിയെയും പ്രകൃതിയെയും സംരക്ഷിക്കുന്നതിൽ വനത്തിന്റെ പ്രാധാന്യമാണ് 2011 ൽ യുഎൻ എടുത്തുകാട്ടിയത്. 2013 ലെ പ്രമേയം ഭക്ഷണവും പരിസ്ഥിതിയും സംബന്ധിച്ചായിരുന്നു. "ചിന്തിക്കൂ ഭക്ഷിക്കൂ സംരക്ഷിക്കൂ" (Think -Eat-Save) എന്നായിരുന്നു പ്രമേയം. ആലോചനയോടെ പ്രകൃതിയെ രക്ഷിക്കുന്ന തരത്തിൽമിതമായി പാഴാക്കാതെ വേണം ഭക്ഷണം കഴിക്കേണ്ടതും ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യേണ്ടതും എന്നാണ് സൂചന. 130 കോടി ടണ്ണിലധികം ഭക്ഷണമാണ് ഓരോ വർഷവും പാഴാക്കപ്പെടുന്നത്. അത് ലോകത്തെ 8.7 കോടി ദരിദ്രരായ ജനവിഭാഗങ്ങൾക്ക് ആവശ്യമായ ഭക്ഷണത്തിന് തുല്യമാണ്. ഭക്ഷ്യവസ്തുക്കൾ പാഴാകാതിരിക്കുന്നതിലൂടെ തന്നെ ഹരിതഗ്രഹ വാതകങ്ങളുടെ ബഹിർഗമനം വളരെയധികം കാണാൻ കഴിയും.

2014 ലെ പ്രമേയം "നിങ്ങളുടെ ശബ്ദമാണുയർത്തേണ്ടത്. സമുദ്രനിരപ്പല്ല" (Rice your voice not the sea) എന്നതായിരുന്നു. പരിസ്ഥിതി നാശവും ഹരിത ഗ്രഹവാതകങ്ങളുടെ ബഹിർഗമനവും



ആഗോള താപനം വലിയ തോതിൽ ഉയർത്തുകയും സമുദ്രത്തിലെ ജലനിരപ്പുയരാൻ കാരണമാകുകയും ചെയ്യുന്നു. സമുദ്രജലനിരപ്പുയരുന്നത് പല ദ്വീപു രാഷ്ട്രങ്ങൾക്കും സുമുദ്രതീരത്തെ വൻ നഗരങ്ങൾക്കും ഭീഷണിയായി കഴിഞ്ഞിട്ടുണ്ട്. 2018 ൽ പ്രമേയമായെടുത്തത് പ്ലാസ്റ്റിക് മൂലമുണ്ടാകുന്ന മലിനീകരണവും 2019 ലെ പ്രമേയം വായുമലിനീകരണവുമായിരുന്നു.

## 10 ലക്ഷം ജീവജാലങ്ങൾ വംശനാശം നേരിടുന്നു.

2020 ൽ പരിസ്ഥിതിദിന പ്രമേയമായി എടുത്തിരിക്കുന്നത് "ജൈവവൈവിധ്യ"മാണ് (Bio Diversity) ജൈവ വൈവിധ്യം സംരക്ഷിക്കേണ്ടത് ഒരു അടിയന്തിര വിഷയമായി ഇപ്പോൾ വന്നിട്ടുണ്ട്. ബ്രസീലിലെ ആമസോൺ കാടുകളിലെ കാട്ടുതീയും അമേരിക്കയിലെ കാലിഫോർണിയയിലും ആസ്ട്രേലിയയിലും പടർന്നു കാട്ടുതീയും കിഴക്കനാഫ്രിക്കയിലും പാകിസ്ഥാനിലും ഇന്ത്യയിലും ഉണ്ടായ ഭീകരമായ വെട്ടുക്കിളി ശല്യവും ഇപ്പോൾ ലോകമാകെ പടർന്നുകൊണ്ടിരിക്കുന്ന കോവിഡ് 19 വൈറസും ജൈവവൈവിധ്യം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് മനുഷ്യരാശിയെ ഓർമിപ്പിക്കുന്നു.

ഭൂഗോളത്തിലെ 10 ലക്ഷത്തിലധികം ജീവിവർഗങ്ങൾ വംശനാശത്തിലേക്കു പോയ്ക്കൊണ്ടിരിക്കുകയാണെന്ന് ഒരു യുഎൻ പാനൽ റിപ്പോർട്ട് പറയുന്നു. കഴിഞ്ഞ ദശാബ്ദങ്ങളെക്കാൾ അതിവേഗമാണ് ഇക്കാലത്ത് ഭൂമിയിലെ ജീവജാലങ്ങൾക്ക് നാശമുണ്ടായിക്കൊണ്ടിരിക്കുന്നത്. കാർഷിക വൃത്തിയാണ് പരിസ്ഥിതിക്ക് ഏറ്റവും ആഘാതമുണ്ടാകുന്ന ഒരു പ്രവൃത്തി. ജീവജാലങ്ങളുടെ നാശം പരിസിഥിതിക്കു മാത്രമല്ല മനുഷ്യന്റെ ഭൂമിയിലെ നിലനിൽപ്പിനും ഭീഷണിയാണ്. 15000 ത്തിലധിം പഠനങ്ങളും പല സർക്കാരുകളുടെയും റിപ്പോർട്ടുകളും ആദിവാസികളിൽ നിന്നുമെല്ലാം വിവിരങ്ങൾ ശേഖരിച്ചാണ് യുഎൻ പാനൽ അവരുടെ നിഗമനങ്ങളിൽ എത്തിയത്.

തേനീച്ച, ചിത്രശലഭങ്ങൾ തുടങ്ങിയ ജീവികൾ പരാഗണം നടത്തുന്നതിലൂടെയാണ് ലോകത്തെ സസ്യലതാതികൾ പ്രത്യുല്പാദനം നടത്തുന്നത്. അതിൽ തന്നെ തേനീച്ചകൾ പരാഗണത്തിന് വലിയ രൂപത്തിൽ സഹായിക്കുന്ന ജീവികളാണ്. യുഎൻ ഏജൻസിയായ ഫുഡ് ആന്റ് അഗ്രിക്കൾച്ചറൽ ഓർഗനൈസേഷൻ (Food And Agricultual Organisation) കണ്ടെത്തിയത് ലോകത്തെ ഭക്ഷ്യോത്പാദനത്തിന്റെ മൂന്നിലൊന്നും ആശ്രയിക്കുന്നത് തേനീച്ചയുടെ പരാഗണ പ്രക്രിയയെ ആണെന്നാണ്. ലോകത്ത് 20,000 ത്തിൽ പരം ഇനം തേനീച്ചകളുണ്ട്. അതിൽ കൂടുതലും കാട്ടു തേനീച്ചകളാണ്.

പല ഇനം തേനീച്ചകളും ചിത്രശലഭങ്ങളും കിളികളും മനുഷ്യന്റെ പ്രകൃതിയിലെ ഇടപെടൽ മൂലം വംശനാശത്തിന്റെ വക്കിലാണ്. പലതും നശിച്ചു കഴിഞ്ഞു. കൃഷിയിൽ വ്യാപകമായ കീടനാശിനികളുടെ ഉപയോഗം, വളവും മറ്റും ഉപയോഗിച്ച് ഭൂമിയുടെ സ്വാഭാവികത നഷ്ടപ്പെടുത്തുന്നത് കടുത്ത രീതിയിൽ പരിസ്ഥിതി നശിപ്പിക്കുന്ന രീതിയിലുള്ള കൃഷി. വാണിജ്യാടിസ്ഥാനത്തിൽ കാലികളെയും കോഴികളെയും വളർത്തുന്നതാണ്. വാണിജ്യാടിസ്ഥാനത്തിലുള്ള ഏകവിള (Nano Crop) കൃഷി എല്ലാം ജീവജാലങ്ങൾക്ക് വലിയ നാശമാണ് വരുത്തുന്നത്. ഇത് ആത്യന്തികമായി കൃഷിയെത്തന്നെ നശിപ്പിക്കുകയും ഭക്ഷ്യസുരക്ഷക്കു തന്നെ ഭീഷണിയാവുകയും ചെയ്യും. 2018 ൽ യൂറോപ്യൻ യൂണിയൻ



തേനീച്ചകൾക്കു നാശമുണ്ടാക്കുന്ന മൂന്നു തരം കീടനാശിനികൾക്ക് ഭാഗിക നിരോധനം ഏർപ്പെടുത്തിയിരുന്നു. വായുമലിനീകരണം മൂലം തേനീച്ചകൾക്ക് കൃത്യമായി പൂക്കളെ കണ്ടെത്തി തേൻ ശേഖരിക്കുന്നതിനും അതിലൂടെ പരാഗണം നടത്തുന്നതിനും തടസമാകുന്നുണ്ടെന്ന് പഠനങ്ങളിൽ നിന്നും കണ്ടെത്തി. യൂറോപ്യൻ യൂണിയൻ തേനീച്ചകളെ സംരക്ഷിത ജീവികളിൽ (Protedced Spects) പെടുത്തിയിട്ടുണ്ട്. 2017 മെയ് യുഎൻ ലോക തേനീച്ച ദിനമായും പ്രഖ്യാപിച്ചിട്ടുണ്ട്.

ഭൂഗോളത്തിലെ 75% കരയും 60% കടലും മനുഷ്യന്റെ ഇടപെടൽ മൂലം കാര്യമായ മാറ്റത്തിനു വിധേയമായിക്കഴിഞ്ഞു. മനുഷ്യന്റെ ഇടപെടലിൽ ഏറ്റവും പ്രധാനം നേരത്തെ സൂചിപ്പിച്ചതുപോലെ ഭക്ഷ്യോല്പാദനമാണ്. കൃഷിയും കാലികൃഷിയും ഭൂമിയിലെ കരയുടെ 33% വും ശുദ്ധജലസ്രോതസുകളുടെ 75% വും കയ്യേറിക്കഴിഞ്ഞു. കൃഷിയിൽ തന്നെ കുത്തക കൃഷിയാണ് പരിസ്ഥിതിക്ക് ഏറ്റവും വലിയ ഭീഷണി ഉയർത്തുന്നത്. പരമ്പരാഗത കൃഷിരീതികൾ പരിസ്ഥിതിക്ക് വലിയ നാശം ഉണ്ടാക്കുന്നു.

പാരിസ്ഥിതിക പ്രശ്നങ്ങളുടെ ചുരുക്കം ചില മാനങ്ങൾ മാത്രമാണ് ഇവിടെ പരിശോധിച്ചത്. ഈ കോളത്തിൽ മുൻപ് പലപ്പോഴും പരാമർശിച്ചിട്ടുള്ളതുപോലെ ആത്യന്തിക വിശകലനത്തിൽ ഒരു കാര്യം വ്യക്തമാകും. മനുഷ്യരാശിയുടെ മാത്രമല്ല ഭൂമിയിലെ ജീവജാലങ്ങളുടെ നാശത്തിനു കാരണമാകുന്ന പാരിസ്ഥിതിക പ്രതിസന്ധിയുടെ മൂലകാരണം കിടക്കുന്നത് മുതലാളിത്ത ഉല്പാദന വിതരണ സംവിധാനത്തിലാണ്.



ലാഭകണ്ണിലൂടെ മാത്രം കൃഷിയെയും ഭൂമിയിലെ ധാതുക്കളെയും ജലത്തെയും വായുവിനെയും എല്ലാം നോക്കുമ്പോൾ അത് കച്ചവട വസ്തുവായി മാറുമ്പോൾ, ഒരു പിടി ആളുകൾ സ്വത്തു സ്വരുക്കൂട്ടാനുള്ള ചരക്കായി പ്രകൃതിയെയും അതിലെ എല്ലാ പ്രക്രിയയെയും ഉപയോഗിക്കുമ്പോൾ പരിസ്ഥിതി നാശം എന്ന മഹാവിപത്ത് ഒഴിവാക്കാൻ കഴിയാത്ത ഒരു പ്രതിഭാസമായി മാറും. എത്ര പാരിസ്ഥിതി ദിനങ്ങളും തേനീച്ച ദിനങ്ങളും ആഘോഷിച്ചാലും ഈ വ്യവസ്ഥിതിക്കുള്ളിൽ നിന്ന് ഈ മഹാവിപത്തിനെ കൈകാര്യം ചെയ്യാൻ കഴിയില്ല. മുതലാളിത്തം സാമ്രാജ്യത്വമായി രൂപം പ്രാപിക്കുകയും പ്രാദേശിക കമ്പോളങ്ങൾ ലോക കമ്പോളമായി മാറുകയും ചെയ്തതിന്റെ ഒരു മറുവശമാണ് കോവിഡ് 19 പോലെയുള്ള മഹാമാരികൾ. ആഗോളതലത്തിൽ വ്യാപിച്ചുകിടക്കുന്ന ഉല്പാദന വിതരണ ശൃംഖലകൾ ആഗോളതലത്തിൽ പ്രകൃതിയെയും മനുഷ്യനെയും ചൂഷണം ചെയ്യുമ്പോൾ പരിസ്ഥിതിയിലും ജീവജാലങ്ങളിലും എല്ലാം അതിന്റെ പ്രതിഫലനം സ്വാഭാവികമായി ഉണ്ടാകും. കൃഷി ഒരു വ്യവസായമായി മാറുകയും ഓരോ പ്രദേശത്തിന്റെ സ്വഭാവിക പരിസ്ഥിതിയെയും അതിന്റെ സന്തുലിതാവസ്ഥയെ തകിടം മറിക്കുകയും ചെയ്യുമ്പോൾ അതിനോടുള്ള പ്രകൃതിയുടെ ഒരു പ്രതികരണമാണ് വിഷലിപ്തമായ രോഗം പരത്തുന്ന വൈറസുകളുടെയും ബാക്ടീരിയകളുടെയും ഉദിച്ചുയരൽ.

ഇവ പലതരത്തിലുള്ള ഉല്പാദന വിതരണ ശൃംഖലകളിലൂടെ ലോകമാകെ പടരുകയും ചെയ്യും. കാലിവളർത്തലിലും മറ്റും അധികരിച്ച രീതിയിൽ ആന്റീബയോട്ടിക്കുകൾ ഉപയോഗിക്കുന്നത് പ്രതിരോധിക്കാൻ കഴിയാത്ത "സൂപ്പർബഗ്സ്" (ടൗുല്യ യൗഴ) ഗണത്തിൽപ്പെട്ട ബാക്ടീരിയകൾ ഉണ്ടാകാൻ കാരണമായിക്കൊണ്ടിരിക്കുകയാണ്.

സമൂഹത്തെയാകെ അതിന്റെ വ്യവഹാരങ്ങളെ വിപ്ലവകരമായി പുന:സംഘടിപ്പിക്കാതെ നമുക്കു മുന്നോട്ടു പോകാൻ കഴിയില്ല എന്ന് അനുദിനം വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. കോവിഡ് 19 പ്രതിസന്ധിയും അത് കൂടുതൽ തെളിയിക്കുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥക്കു മേൽക്കൈയുള്ള രാജ്യങ്ങളിൽ മാത്രമാണ് കോവിഡ് 19 നെ കുറെയെങ്കിലും പ്രതിരോധിച്ചത് എന്നതും ഈ അവസരത്തിൽ ഓർമ്മിക്കേണ്ടതാണ്. ■



# വലതുപക്ഷപ്രചാരണത്തിന് തലവച്ച് കൊടുക്കരുത്

**സുബിൻ ഡെന്നീസ്**

143 കോടി ജനങ്ങളുള്ള ചൈനയിൽ 4,634 കൊറോണ മരണങ്ങൾ. അതും മുമ്പ് തിരിച്ചറിഞ്ഞിട്ടില്ലാതിരുന്ന ഒരു വൈറസിനെ നേരിടുന്നതിനിടെ. പക്ഷേ ചൈന പരാജയമാണു പോലും.

8.4 കോടി (ചൈനയുടെ പതിനേഴിൽ ഒന്ന്) ജനങ്ങളുള്ള ജർമ്മനിക്ക് ചൈനയുടെ അനുഭവത്തിൽ നിന്നും പഠിക്കാനുള്ള സമയമുണ്ടായിരുന്നു. പക്ഷേ അവിടെ മരണങ്ങൾ ചൈനയുടെ ഇരട്ടിയോളം 8,844. പക്ഷേ ജർമ്മനി വൻ വിജയമാണു പോലും. അതെങ്ങനെയാണാവോ?

കഴിഞ്ഞ ഏതാനും ആഴ്ചകളായിട്ടുള്ള ഒരു ട്രെൻഡ് ആണ്, ജനസാന്ദ്രത തീരെക്കുറഞ്ഞതും വനിതാ നേതാക്കൾ ഭരിക്കുന്നതുമായ ചില സമ്പന്ന മുതലാളിത്ത രാജ്യങ്ങളുടെ പേരു പറഞ്ഞിട്ട് ഈ രാജ്യങ്ങളൊക്കെ കൊറോണാ വൈറസിനെ പ്രതിരോധിക്കുന്നതിൽ വൻ വിജയം ആണെന്ന് അവകാശപ്പെടുന്ന ലേഖനങ്ങൾ മുതലാളിത്ത അനുകൂല മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്.

ചിലർ ആഞ്ഞുപിടിച്ചു ഷെയർ ചെയ്യുന്ന ഒരു ലേഖനം പറയുന്നത്, പ്രതിസന്ധിയോട് ജർമ്മനിയുൾപ്പെടെയുള്ള രാജ്യങ്ങൾ സ്വീകരിച്ചത് "ഏറ്റവും മികച്ചതും, കാര്യക്ഷമവും, സഹാനുഭൂതിയുള്ളതും, ഫലപ്രദവുമായ പ്രതികരണ മാർഗ്ഗങ്ങളായിരുന്നു" എന്നാണ്. അടിപൊളി.

"സഹാനുഭൂതി"യുണ്ട് എന്ന് അവകാശപ്പെടുന്ന ജർമ്മൻ ചാൻസലർ ആംഗെലാ മെർക്കലിന്റെ കാലത്തു തന്നെയാണ് ജർമ്മനി ഗ്രീസിന്റെ മേൽ അതിക്രൂരമായ ഔസ്റ്റെരിറ്റി (ചെലവുചുരുക്കൽ, സ്വകാര്യവൽക്കരണം, പെൻഷൻ വെട്ടിക്കുറയ്ക്കൽ ഇത്യാദി) നയങ്ങൾ അടിച്ചേൽപ്പിച്ച് ആ രാജ്യത്തെ നശിപ്പിക്കാൻ നേതൃത്വം കൊടുത്തത്. എന്നിട്ടുപോലും ഗ്രീസിൽ എത്രയാണെന്നോ മരണസംഖ്യ? 183. പക്ഷേ ജർമ്മനി വൻവിജയമാണത്രേ.

ദുരിതത്തിലായ നിരവധി യൂറോപ്യൻ രാജ്യങ്ങളിലെ ജനങ്ങളെ സഹായിക്കാൻ യൂറോപ്യൻ സെൻട്രൽ ബാങ്ക് കയ്യയച്ച് സഹായിക്കണം എന്ന് വ്യാപകമായ ആവശ്യമുയരുമ്പോൾ അതിനെ എതിർത്തു തോൽപ്പിക്കാനുള്ള ശ്രമങ്ങൾക്ക് നേതൃത്വം നൽകുന്ന രാജ്യമാണ് ജർമ്മനി. പക്ഷേ ആംഗെലാ മെർക്കലിന് ഭയങ്കര സഹാനുഭൂതിയാണത്രേ.

ദശകങ്ങളായി യു.എസിന്റെ വക ഉപരോധം മൂലം സ്വന്തമായി ഉത്പാദിപ്പിക്കാൻ സാധിക്കാത്ത അവശ്യസാധനങ്ങൾ വാങ്ങാൻ ബുദ്ധിമുട്ടുന്ന ക്യൂബയിൽ മരണസംഖ്യ 83. കൊറോണയെ പ്രതിരോധിക്കാൻ യൂറോപ്പിലും ആഫ്രിക്കയിലും ലാറ്റിൻ അമേരിക്കയിലുമായി 24 രാജ്യങ്ങളിലേയ്ക്ക് 1800 ആരോഗ്യ പ്രവർത്തകരെ അയച്ചു ക്യൂബ. എന്നിട്ട് ക്യൂബയ്ക്ക് കാര്യക്ഷമതയോ സഹാനുഭൂതിയോ ഉണ്ടോ? എവിടെ!

യു.എസ്., ഉപരോധവും പരോക്ഷമായ യുദ്ധവും പ്രത്യക്ഷമായ അട്ടിമറി ശ്രമങ്ങളും വഴി നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന വെനിസ്വേലയിൽ മരണസംഖ്യ 23. അപ്പോൾ വെനിസ്വേലയുടെ പ്രതിരോധ നടപടികൾ ഫലപ്രദമാണോ? നോ, സൈലൻസ് പ്ലീസ്. ഇവിടെ ഞങ്ങൾ വലതു മാധ്യമങ്ങൾ വെനിസ്വേല പരാജയമാണെന്ന് സ്ഥാപിക്കാൻ വർഷങ്ങളായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന കാര്യമറിയില്ലേ? ?? വെനിസ്വേലയെ ആക്രമിക്കാൻ യു.എസ്. പിന്തുണയോടെ പട്ടാളത്തെ അതിർത്തിയിൽ വിന്യസിച്ചിരിക്കുന്ന കൊളൊംബിയയിൽ ആകെയുണ്ടായിരുന്ന ടെസ്റ്റിംഗ് മെഷീൻ കേടായപ്പോൾ രണ്ട് മെഷീനുകൾ കൊടുക്കാമെന്ന് ഓഫർ ചെയ്തു വെനിസ്വേല. (ജനങ്ങളുടെ ജീവനെക്കാൾ പ്രാധാന്യം ഇടതുവിരുദ്ധതയ്ക്ക് കൊടുക്കുന്ന കൊളൊംബിയൻ പ്രസിഡന്റ് ഓഫർ നിരസിച്ചു.) എന്നിട്ട് വെനിസ്വേലയ്ക്ക് സഹാനുഭൂതിയുണ്ടോ? ഹേയ്, അങ്ങനെ



യൊക്കെ പറയുന്നത് മോശമല്ലേ.

യു.എസ്. 30 ലക്ഷം പേരെ കൊന്നൊടുക്കിയ വിയറ്റ്നാമിന് ജർമ്മനിയെക്കാളും ജനസംഖ്യയുണ്ട്, 9.7 കോടി. ചൈനയുമായി 1400 കിലോമീറ്റർ അതിർത്തിയുണ്ട് വിയറ്റ്നാമിന്. ബസ്സിൽ ആളുകൾ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്ന അതിർത്തിയാണിത്. എന്നിട്ട് വിയറ്റ്നാമിൽ കൊറോണ കേസുകളുടെ എണ്ണം വെറും 332. മരണസംഖ്യ പൂജ്യം. അതെ, പൂജ്യം! പക്ഷേ മുതലാളിത്ത അനുകൂല മാധ്യമങ്ങൾ ആഘോഷിക്കുമോ? പിന്നേ! ഞങ്ങൾക്ക് വേറെ പണിയില്ലേ. വിയറ്റ്നാം എയർലൈൻസിന്റെ പൈലറ്റുമാരിൽ ഒരാളായ സ്റ്റീവൻ കാമെറോൺ എന്ന ബ്രിട്ടീഷുകാരൻ കൊറോണ ബാധിച്ച് വിയറ്റ്നാമിൽ ഏറ്റവും ഗുരുതരാവസ്ഥയിലുള്ളയാളാണ്. അദ്ദേഹത്തിന്റെ ജീവൻ നിലനിർത്താൻ ഇതുവരെ വിയറ്റ്നാം 2 ലക്ഷം ഡോളർ ചെലവിട്ടു കഴിഞ്ഞു. പക്ഷേ മികവും സഹാനുഭൂതിയും? സോറി, അതൊന്നും സമ്മതിക്കാൻ പറ്റില്ല.

മുതലാളിത്ത അനുകൂല മാധ്യമങ്ങൾ ഏറ്റവുമധികം ആഘോഷിക്കുന്ന ന്യൂസീലൻഡിൽ ജനസംഖ്യ 50 ലക്ഷം. (നമ്മുടെ മലപ്പുറം ജില്ലയിൽ മാത്രമുണ്ട് 41 ലക്ഷം പേർ.) 1504 കേസുകളും 22 മരണങ്ങളും.

(കണക്കു മാത്രം നോക്കിയാൽ ന്യൂസീലൻഡിനെക്കാൾ പലമടങ്ങ് ജനസംഖ്യയുള്ള നേപ്പാളിലും ശ്രീലങ്കയിലും മരണസംഖ്യ ന്യൂസീലൻഡിനെക്കാൾ കുറവാണ് യഥാക്രമം പതിനഞ്ചും പതിനൊന്നും.)

'വിജയഗാഥ"യായ ഐസ്ലൻഡിൽ ആകെ ജനസംഖ്യ 3.4 ലക്ഷം മാത്രം. കൊല്ലം നഗരത്തിന്റെ ജനസംഖ്യയെക്കാൾ (3.97 ലക്ഷം) കുറവ്. പക്ഷേ 1807 കേസുകളും 10 മരണങ്ങളും. ഇത് ഭയങ്കര പരാജയമാണെന്നല്ല. പക്ഷേ താരതമ്യം എന്തിനോടാണ് എന്നത് മനസ്സിലാക്കണ്ടേ?

ചൈന, വിയറ്റ്നാം, ക്യൂബ, വെനിസ്വേല, കേരളം ഇവ തമ്മിൽ പൊതുവായുള്ളത് എന്താണ് എന്നു തിരിച്ചറിയാൻ റോക്കറ്റ് സയൻസൊന്നും പഠിക്കേണ്ടല്ലോ. എന്തുകൊണ്ട് താരതമ്യം ഈ രാജ്യങ്ങളും/പ്രദേശങ്ങളും മറ്റുള്ളവയും തമ്മിലാകുന്നില്ല?

മറ്റു രാജ്യങ്ങളിലെ ജനങ്ങളെ പട്ടിണിയിലേയ്ക്കും ദുരിതത്തിലേയ്ക്കും തള്ളിവിട്ട ആംഗെലാ മെർക്കലിനെപ്പോലെയും, നോർവേയിലെ ഏർണാ സൂൾബേർഗിനെപ്പോലെയും ഉള്ള വലതുപക്ഷ നേതാക്കളെ വെളുപ്പിച്ചെടുക്കുന്ന റിപ്പോർട്ടുകൾ പടച്ചുക വഴി യഥാർത്ഥ വിഷയങ്ങളിലേയ്ക്ക് ജനശ്രദ്ധ തിരിയുന്നത് തടയുകയാണ് മുതലാളിത്ത അനുകൂല മാധ്യമങ്ങൾ ചെയ്യുന്നത്.

അതായത് സോഷ്യലിസ്റ്റ് ചായ്വുള്ള രാജ്യങ്ങളുടെ വിജയത്തെപ്പറ്റി ആരും അറിയാൻ പാടില്ല. മുതലാളിത്ത രാജ്യങ്ങൾ പിന്തുടരുന്ന നയങ്ങളും സോഷ്യലിസ്റ്റ് ചായ്വുള്ള രാജ്യങ്ങൾ പിന്തുടരുന്ന നയങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളെപ്പറ്റി ചർച്ചയുണ്ടാവാൻ പാടില്ല.

തയ്യാറെടുപ്പുകൾ നേരത്തെ തന്നെ ആരംഭിച്ചത്, പൊതു ആരോഗ്യ സംവിധാനങ്ങൾ വികസിപ്പിച്ചത്, പൊതുമേഖലയ്ക്ക് (പൊതുമേഖലാ സ്ഥാപനങ്ങളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ഉൾപ്പെടെ) പ്രാധാന്യം കൊടുത്തത്, ജനങ്ങളെ വലിയ തോതിൽ സംഘടിപ്പിച്ച് പ്രതിസന്ധിയെ നേരിടുന്നത്, ഇവയൊക്കെയാണ് ഇതുവരെയുള്ള നമ്മുടെ വിജയത്തിന്റെ അടിസ്ഥാനം.

ഇവയെപ്പറ്റിയും മനുഷ്യ ജീവൻ രക്ഷിക്കുന്നതിൽ മുതലാളിത്ത ലോകത്തിന്റെ ദയനീയമായ പരാജയത്തെപ്പറ്റിയും ചർച്ച നയിക്കുന്നതിനു പകരം വലതുപക്ഷ പ്രൊപ്പഗാൻഡയ്ക്കു കീഴിൽ തലവച്ചുകൊടുക്കുന്നത് തികഞ്ഞ അബദ്ധമാണ്. ■





# ലോകം ഇന്നുവരെ കാണാത്തതരത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയിലേക്ക് ഐ.എം.എഫ്.

ഏപ്രിൽ മാസത്തിൽ ഐഎംഎഫ് കണ്ടതിലും വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് ലോകം നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് ഐഎംഎഫ് മുഖ്യ സാമ്പത്തിക ശാസ്ത്രജ്ഞ ഗീതാ ഗോപിനാഥ് പറഞ്ഞു.

യൂറോപ്പിൽ ലോക്ഡൗൺ തുടങ്ങിയ ആഴ്ചകളിൽ ഐഎംഎഫ് പ്രതീക്ഷിച്ചത് ആഗോള സമ്പദ്‌രംഗം മൂന്നു ശതമാനം ചുരുക്കം നേരിടുമെന്നാണ്.ലോക സമ്പത്ത്‌വ്യവസ്ഥ 2020ൽ 4.9 ശതമാനം തളരുമെന്ന് ജൂൺ 24ന് പ്രസിദ്ധീകരിച്ച ഐഎംഎഫിന്റെ വേൾഡ് ഇക്കണോമിക് ഔട്ട്‌ലുക്ക് വിലയിരുത്തി അമേരിക്കയുടെ സമ്പത്ത്‌വ്യവസ്ഥ(GDP) 8 ശതമാനം ഇടിയും.

1930 കളിലെ തകർച്ചയെക്കാൾ രൂക്ഷമായിരിക്കും കോവിഡ് 19 മൂലമുണ്ടാകുന്ന തകർച്ചയെന്നും ഐഎംഎഫ് പ്രവചിക്കുന്നു. 1930 നു ശേഷം ആദ്യമായാണ് വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും ഒരേ സമയത്ത് സാമ്പത്തിക മാന്ദ്യത്തിലേക്ക് പതിക്കുന്നത്.

കോവിഡ് 19 ആദ്യം ഒരു ആരോഗ്യരംഗത്തെ വിഷയമായി തുടങ്ങിയെങ്കിലും പിന്നീട് ആഗോള സമ്പദ്‌രംഗത്തെയാകെ പിടിച്ചുലച്ചുകൊണ്ടിരിക്കുന്ന വിഷയമായി രൂപം പ്രാപിച്ചു.

സേവന വ്യവസായ രംഗത്തെ (Service Industry) ഉല്പാദനരംഗത്തെക്കാൾ രൂക്ഷമായി കോവിഡ് 19 പിടികൂടി എന്നാണ് ഐഎംഎഫ് കണ്ടെത്തിയത്. ഇതിനു മുമ്പ് ഇങ്ങനെ സംഭവിച്ചിട്ടില്ല. ആരോഗ്യ പ്രതിസന്ധിയെ നേരിടാൻ ജനങ്ങൾ ചിലവുകൾ കുറച്ച് മിച്ചം വയ്ക്കുന്ന രീതിയിലേക്കു മാറാം. ഈ സാഹചര്യത്തിൽ ലോകം ഇന്നു വരെ കാണാത്ത രൂപത്തിലുള്ള ഒരു സാമ്പത്തിക പ്രതിസന്ധിയിലിലേക്കു വഴുതി വീഴും എന്നും ഐഎംഎഫ് പ്രവചിക്കുന്നു. വരുമാനംകുറഞ്ഞവിഭാഗങ്ങളെ കോവിഡ് പ്രതിസന്ധി ഗുരുതരമായി ബാധിക്കുന്നത് ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യങ്ങൾക്ക് വലിയ തിരിച്ചടിയാകുമെന്നും ഐഎംഎഫ് പറഞ്ഞു.



# തൊഴിൽ നിയമങ്ങളിൽ വെള്ളം ചേർക്കുന്നത് കുട്ടികൾക്ക് ദ്രോഹകരമാകും

11 സംസ്ഥാനങ്ങൾ തൊഴിൽ നിയമങ്ങളിൽ അയവു വരുത്തിയതും സ്കൂളുകൾ അടഞ്ഞുകിടക്കുന്നതും കുടിയേറ്റ തൊഴിലാളികൾ അവരുടെ നാടുകളിലേക്കു മടങ്ങിയതും മൂലം രാജ്യത്ത് ബാലവേല വലിയ തോതിൽ ഉയരാൻ കാരണമാകുമെന്ന് തൊഴിൽ നിയമ വിദഗ്ധരും ഈ രംഗത്തെ പ്രവർത്തകരും പറഞ്ഞു.

സംസ്ഥാനങ്ങൾ തൊഴിൽ നിയമങ്ങളിൽ വരുത്തിയ മാറ്റങ്ങൾ രണ്ടു തരത്തിലാണ്. ഒന്ന് പല തൊഴിലവകാശങ്ങളും ഇല്ലാതാകുന്ന രൂപത്തിലുള്ളത്. രണ്ടാമത്തേത് തൊഴിൽ സമയം വർധിപ്പിക്കുന്നതും ഈ മാറ്റങ്ങൾ തൊഴിലാളികൾക്ക് വലിയ ദ്രോഹമാകുന്നതോടൊപ്പം കുട്ടികൾക്കും കൗമാരക്കാർക്കും വലിയ ഭീഷണിയാണ്.

ലോകത്തെ ബാലവേലയുടെയും കൗമാരപ്രായക്കാരുടെ വേലയുടെയും 15% ഇന്ത്യയിലാണ് നടക്കുന്നത്. ഇന്ത്യയിൽ ഒരു കോടിയോളം കുട്ടികളും 2 കോടി 29 ലക്ഷത്തോളം കൗമാരക്കാരും പണിയെടുക്കുന്നുണ്ടെന്നാണ് കണക്ക്.

ഇന്നത്തെ പുതിയ സാഹചര്യത്തിൽ കൂടുതൽ കൗമാരക്കാർ സ്കൂളുകൾ വിട്ട് കുടുംബത്തിന്റെ വരുമാനം വർധിപ്പിക്കാൻ പണിയെടുക്കാൻ നിർബന്ധിതരാകും.

അതുപോലെ കൂടുതൽ കുഞ്ഞുങ്ങളും പണിയെടുക്കാൻ നിർബന്ധിതരാകും എന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്നവർ പറഞ്ഞു.

നേരത്തെ തന്നെ ജോലി ചെയ്യാൻ നിർബന്ധിതരായ കുഞ്ഞുങ്ങളുടെയും കൗമാരക്കാരുടെയും ജോലി സമയം കൂടാനും ഇപ്പോഴത്തെ സ്ഥിതി കാരണമാകും.






# ' ദി ഇക്കണോമിസ്റ്റ് 'ന്റെ വിലാപം

**ലണ്ടനിൽ നിന്നും നിന്നും പ്രസിദ്ധീകരിക്കുന്ന ' ദി ഇക്കണോമിസ്റ്റ് ' ലോകത്ത് ഏറ്റവും പ്രചാരമുള്ള ആധികാരിക സാമ്പത്തിക ആഴ്ചപതിപ്പാണ്. അവർ നവലിബറൽ നയങ്ങളുടെ വക്താക്കളുമാണ്. എന്നാൽ കോവിഡ് 19 പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ അവരുടെ മെയ് 16ന് പ്രസിദ്ധീകരിച്ച പതിപ്പിന്റെ കവർ പേജാണ് 'Goodbye globalisation'. അവരുടെ മെയ് 16ന്റെ എഡിറ്റോറിയൽ തലക്കെട്ടും ആഗോളവത്കരണത്തിന് വിട എന്നാണ്.കോവിഡ് 19 പൊട്ടിപുറപ്പെട്ടതോടെ പതിറ്റാണ്ടുകളായി വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന ആഗോളവത്കരണത്തിന് പരിസമാപ്തിയായി എന്ന് അവർ പരിതപിക്കുന്നു.**

## എഡിറ്റോറിയലിലെ ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

"മഹാമാരി പൊട്ടിപുറപ്പെടുന്നതിന് മുൻപ് തന്നെ ആഗോളവത്കരണം പ്രതിസന്ധിയിലായിരുന്നു. പതിറ്റാണ്ടുകളായി ലോക സമ്പദ് വ്യവസ്ഥ ഒരു തുറന്ന കമ്പോള വ്യാപാര വ്യവസ്ഥയിലായിരുന്നു.

എന്നാൽ സാമ്പത്തിക തകർച്ചയും,ചൈനഅമേരിക്ക വ്യാപാര യുദ്ധവും ആ സംവിധാനത്തെ പ്രതിസന്ധിയിലാക്കി. കോവിഡ് 19 അതിന് മൂന്നാമത്തെ ശക്തമായ അടിയായി. ലോക്ഡൗൺ മൂലം രാജ്യങ്ങൾ തങ്ങളുടെ അതിർത്തികൾ അടച്ചിട്ടത് വാണിജ്യ തകർച്ചയ്ക്ക് കാരണമായി. ലണ്ടൻ ഹീത്രൂ വിമാനത്താവളത്തിലെ യാത്രക്കാരുടെ എണ്ണം 97% ഇടിഞ്ഞു.മെക്സിക്കോയിൽ നിന്നുമുള്ള കാർ കയറ്റുമതി ഏപ്രിൽ മാസത്തിൽ 90% ഇടിഞ്ഞു. ലോകം പെട്ടെന്ന് തന്നെ ഒരു സ്വതന്ത്ര വ്യാപാര സംവിധാനത്തിലേക്ക് തിരിച്ചുവരും എന്ന് കരുതാൻ കഴിയില്ല.അതുകൊണ്ട് സാമ്പത്തിക ഉയർത്തെഴുന്നേൽപ്പ് വളരെ മെല്ലെയായിരിക്കും.

ലോകത്തെ രാഷ്ട്രീയ അനിശ്ചിതാവസ്ഥ വർധിക്കും.ലോകത്തെ ചരക്ക് വ്യാപാരം ഈ വർഷം 10% മുതൽ 30% വരെ ഇടിയും. രാഷ്ട്രീയമായ സംഘർഷങ്ങൾ രാജ്യങ്ങൾ തമ്മിൽ കൂടി വരികയാണ്. ആൾക്കാരുടെ അന്തർദേശീയ സഞ്ചാരം, ചരക്കുകളുടെയും, മൂലധനത്തിന്റെയും നീക്കങ്ങളെല്ലാം തടയപ്പെട്ടിരിക്കുകയാണ്.

ട്രംമ്പ് ഭരണകൂടം കുടിയേറ്റ നിയമങ്ങൾ കൂടുതൽ കർക്കശമാക്കി. മറ്റ് രാജ്യങ്ങളും അത് പിന്തുടരും. ലോകത്തെ 90% ജനങ്ങളും ഇപ്പോൾ ജീവിക്കുന്നത് അതിർത്തികൾ അടച്ച രാജ്യങ്ങളിലാണ്. അത് എന്ന് തുറക്കുമെന്ന് പറയാനാകില്ല. എല്ലാ രാജ്യങ്ങളും സ്വയം പര്യാപ്തമാകാനും, സ്വന്തം രാജ്യത്തെ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാനുമാണ് ശ്രമിക്കുന്നത്. മൂലധനത്തിന്റെ ഒഴുക്കും വലിയ രീതിയിൽ കുറഞ്ഞു. അമേരിക്ക അവരുടെ പെൻഷൻ ഫണ്ടുകളോട് ചൈനീസ് ഷെയറുകൾ വാങ്ങരുതെന്നു പറഞ്ഞുകഴിഞ്ഞു. ലോകസമ്പദ് വ്യവസ്ഥയുടെ 59% ഉം അവരുടെ വിദേശ നിക്ഷേപത്തിന് കൂടുതൽ കർക്കശ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുകയാണ്. ഇത്തരമൊരു വ്യാപാര സംവിധാനം ഏറ്റവും ദോഷകരമായി ബാധിക്കാൻ പോവുന്നത് ദരിദ്ര രാജ്യങ്ങളെയാണ്.പ്രശ്നങ്ങൾ പരിഹരിക്കാൻ തകർന്നു വിണ്ടുകീറിയ ഒരു ലോകത്തിനാവില്ല.

വാക്സിൻ കണ്ടുപിടിക്കുന്നതിനും,സാമ്പത്തിക വീണ്ടെടുപ്പിനും വിണ്ടുകീറിയ ഒരു ലോക വ്യവസ്ഥയ്ക്ക് ആവില്ല.

ദുഃഖകരമെന്നു പറയട്ടെ ഈ യുക്തി ഇന്നൊരു ഫാഷനല്ല. സാമ്പത്തിക തകർച്ച, വ്യാപാര തർക്കം, മഹാമാരി എന്നീ മൂന്ന് പ്രഹരങ്ങൾ മൂലം ആഗോളവത്കരണത്തിന് വിട പറയുന്ന ഒരു സ്ഥിതിയാണ്.എന്ത് സംഭവിക്കുമെന്ന് ആകുലപ്പെടുക മാത്രമേ വഴിയുള്ളൂ.'

ഇന്നുവരെ തുടർന്നുവന്ന ആഗോളവത്കരണം ഈ പ്രതിസന്ധിയിൽ തുടരില്ല എന്ന് ഇക്കണോമിസ്റ്റ് തന്നെ പറഞ്ഞത് വളരെ ശ്രദ്ധേയമാണ്. ലോകമിന്ന് നേരിടുന്ന ഏറ്റവും വലിയ ചോദ്യമിതാണ്, ഇനി എന്ത് എന്നതുമാണ്.



# കറന്റ് ബിൽ കൂടിയതിന്റെ പേരിലുള്ള വ്യാജ പ്രചരണം തിരിച്ചറിയുക

ജയപ്രകാശ്. കെ.

കോവിഡിനെതിരായ പ്രതിരോധത്തിന്റെ ഭാഗമായി മാർച്ച് 24 മുതൽ ഏതാണ്ട് 75 ദിവസം നമ്മുടെ നാട് ലോക്ഡൗണിലായിരുന്നല്ലോ. ഒന്നാം ഘട്ട ലോക്ഡൗൺ കാലയളവിൽ മാർച്ച് 24 മുതൽ ഏപ്രിൽ 20 വരെ മീറ്റർ റീഡിംഗ് കാഷ് കളക്ഷൻ, ലൈൻ മെയിന്റനൻസ്, പുതിയ കണക്ഷൻ കൊടുക്കുക തുടങ്ങിയ ജോലികൾ എല്ലാം നിർത്തിവെച്ചിരുന്നു. ഈ കാലയളവിൽ റീഡിംഗ് എടുക്കേണ്ട വീടുകളിലും സ്ഥാപനങ്ങളിലുമൊക്കെ ശരാശരി ബിൽ തുക ഈടാക്കുകയാണ് ചെയ്തത്. കാഷ് കൗണ്ടർ തുറന്നില്ലെങ്കിലും വളരെയേറെ പേർ ഓൺലൈൻ ആയി ബിൽ അടച്ചിരുന്നു. ഏപ്രിൽ 20 ന് റീഡിംഗ് പുനരാരംഭിച്ചതോടെ ലോക്ക്ഡൗൺ ആയതിനാൽ എടുക്കാൻ കഴിയാതിരുന്നത് ഉൾപ്പെടെ നാല് മാസത്തെ റീഡിംഗ് ആണ് എടുത്തത്. നാല് മാസത്തെ റീഡിംഗ് ആണെങ്കിലും നിരക്ക് നിശ്ചയിക്കുന്നത് പ്രതിമാസ റീഡിംഗ് കണക്കാക്കിയാണ്. ഭൂരിഭാഗം ഗാർഹിക ഉപഭോക്താക്കൾക്കും ബിൽതുക വർധിച്ചിട്ടുണ്ട് എന്നത് യഥാർത്ഥമാണ്. ഇത് സ്വാഭാവികമായി ഉണ്ടായ വർധനവാണ്. ഉപഭോഗം കൂടിയതിനാൽ വൈദ്യുതിബിൽ തുകയും കൂടി. എന്നാൽ കെഎസ്ഇബി, വൈദ്യുതി ചാർജ് വർധിപ്പിച്ചതിനാലാണ് ബിൽ തുക കൂടിയതെന്ന വ്യാജപ്രചരണം ഒരു ഒരു വിഭാഗം ആളുകൾ സോഷ്യൽ മിഡിയയിലൂടെ നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രതിപക്ഷ രാഷ്ട്രീയ പാർടികൾ കെഎസ്ഇബിക്കും ഗവൺമെന്റിനുമെതിരെ സമരം നടത്തുന്നതിനും ഈ അവസരത്തെ ഉപയോഗിക്കുകയാണ്.

യഥാർത്ഥത്തിൽ നിലവിലുള്ള നിയമപ്രകാരം കെഎസ്ഇബിക്കോ സംസ്ഥാന സർക്കാരിനോ കറന്റ് ചാർജ് വർധിപ്പിക്കാൻ യാതൊരു അധികാരവുമില്ല. 2003 ൽ പാർലമെന്റ് പാസാക്കിയ ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരം വൈദ്യുതി ചാർജ് വർധിപ്പിക്കാനുള്ള അധികാരം സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനുകൾക്കാണ്. ഈ വസ്തുത മറച്ചുവെച്ചുകൊണ്ടാണ് രാഷ്ട്രീയ ലക്ഷ്യത്തോടെ ചിലർ പ്രക്ഷോഭരംഗത്ത് വന്നിട്ടുള്ളത്.

എന്നാൽ എന്തുകൊണ്ടാണ് ഭൂരിഭാഗം ഉപഭോക്താക്കളുടെയും കറന്റ് ബില്ല് വർധിക്കാൻ ഇടയായത് എന്ന കാര്യം വസ്തുനിഷ്ഠമായി പരിശോധിക്കാം. കെഎസ്ഇബി വൈദ്യുതിയുടെ ബിൽ തയ്യാറാക്കുന്നത് പ്രത്യേക രീതിയിലാണ്. നമ്മൾ കടയിൽ നിന്ന് ഒരു ഉൽപന്നം വാങ്ങുമ്പോൾ ഒന്നിന് 10 രൂപയാണെങ്കിൽ പത്തെണ്ണത്തിന് നൂറ് രൂപ, ഇരുപതെണ്ണത്തിന് 200 രൂപ എന്ന രീതിയിലാണ് കണക്ക് കൂട്ടുന്നത്. എന്നാൽ കറന്റ് ചാർജ് കൂട്ടുന്നത് അങ്ങനെയല്ല. കുറച്ച് കറന്റ് ഉപയോഗിക്കുന്നവരിൽ നിന്ന് കുറഞ്ഞ നിരക്കും കൂടുതൽ കറന്റ് ഉപയോഗിക്കുന്നവരിൽ നിന് കൂടിയ നിരക്കുമാണ് ഈടാക്കുന്നത്. ക്രോസ് സബ്സിഡിയിലൂടെ പാവപ്പെട്ട ജനങ്ങൾക്കും കൃഷി, വ്യവസായം തുടങ്ങിയ മേഖലകൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്നതിനാണ് ഈ വിധത്തിലുള്ള താരിഫ് നിശ്ചയിച്ചിട്ടുള്ളത്. ഇതിനാണ് ക്രോസ് സബ്സിഡി എന്ന് പറയുന്നത്. പ്രതിമാസം 250 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളുടെ ബില്ല് നിശ്ചയിക്കുന്നത് ടെലിസ്കോപ്പിക് രീതിയിലാണ്.

| | |
|---|---|
| ആദ്യ 50 യൂണിറ്റ് വരെ | 3.15 രൂ |
| 51 മുതൽ 100 വരെ | 3.70 രൂ |
| 101 മുതൽ 150 വരെ | 4.80 രൂ |
| 151 മുതൽ 200 വരെ | 6.40 രൂ |
| 201 മുതൽ 250 വരെ | 7.60 രൂ |

10% തീരുവ ,ഫിക്സഡ് ചാർജ്ജ്, മീറ്റർ വാടക, മീറ്റർ വാടകയുടെ 18% ജി.എസ്.ടി എന്നിവയും കൂട്ടും

അതായത് മേൽകൊടുത്ത പട്ടികയിൽ പറഞ്ഞതു പ്രകാരം അമ്പത് യൂണിറ്റുകളുടെ ഘടകങ്ങളാക്കിയിട്ടാണ് താരിഫ് കണക്കാക്കുന്നത്. ദ്വൈമാസ റീഡിംഗ് 500 യൂണിറ്റാണെങ്കിൽ പ്രതിമാസ റീഡിംഗ് 250 ആയിരിക്കും. ഈ 250 ൽ ആദ്യ അമ്പത് യൂണിറ്റിന് 3.15 രൂപയും (50 * 3.15= 157.5 രൂപ) അടുത്ത 50 യൂണിറ്റിന് 3.70 രൂപയും (50 * 3.70= 185 രൂപ) അതിനടുത്ത 50 യൂണിറ്റിന് 4.80 രൂപയും (50 * 4.80= 240 രൂപ) അതിനടുത്ത 50 യൂണിറ്റിന് 6.40 രൂപയും (50 * 6.40= 320 രൂപ) അതിനടുത്ത 50 യൂണിറ്റിന് 7.60 രൂപയും (50 * 7.60= 380 രൂപ) വീതമാണ് നിരക്ക് നിശ്ചയിക്കുക. ഇത് മൊത്തം കൂട്ട്യാൽ 250 യൂണിറ്റിന്റെ കറന്റ് ചാർജായി. ഇതിനോടൊപ്പം 10 ശതമാനം തീരുവ, ഫിക്സഡ് ചാർജ്, മീറ്റർ റെന്റ്, മീറ്റർ റെന്റിന്റെ ജിഎസ്ടി, ഫ്യൂവൽ സർചാർജ്, ഫ്‌ളഡ് സെസ് എല്ലാം കൂട്ടി ലഭിക്കുന്നതുകയാണ് ഒരുമാസത്തെ കറന്റ് ചാർജ്. ഇതിന്റെ ഇരട്ടിയാണ് ദ്വൈമാസ ബിൽ തുക. പ്രതിമാസം 120 യൂണിറ്റ് വരെ മാത്രം ഉപയോഗിക്കുന്നവർക്ക് താഴെ പറയും പ്രകാരം ഗവണ്മെന്റ് സബ്സിഡിയുണ്ട്. അതായത് ദ്വൈമാസ റീഡിംഗ് 240 വരെയുള്ളവർക്ക് മാത്രം. രണ്ട് മാസം കൂടുമ്പോൾ വൈദ്യുതി ഉപഭോഗം 241 യൂണിറ്റായാൽ ഗവൺമെന്റ് സബ്സിഡി ലഭിക്കില്ല.

## ഗവൺമെന്റ് സബ്സിഡി

**പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക്**

| | |
|---|---|
| 21 യൂണിറ്റ് മുതൽ 25 വരെ | 1.50 രൂപ |
| 26 മുതൽ 40 വരെ | 35 പൈസ |
| 41 മുതൽ 120 വരെ | 50 പൈസ |

പ്രതിമാസം 250 യൂണിറ്റിലധികം ഉപയോഗിച്ചാൽ അതായത് ദ്വൈമാസ റീഡിംഗ് 500 യൂണിറ്റ് കടന്നാൽ മൊത്തം യൂണിറ്റിനും താഴെ പറയും പ്രകാരമുള്ള നിരക്ക് നിശ്ചയിക്കും. അപ്പോൾ ബിൽതുക ഗണ്യമായി വർദ്ധിക്കും. ലോക്ക്ഡൗൺ കാലത്ത് വൈദ്യുതി ഉപഭോഗം കൂടുകയും കുറഞ്ഞ നിരക്കുള്ള സ്ലാബിൽനിന്നും കൂടിയനിരക്കുള്ള സ്ലാബിലേക്ക് മാറിയതാണ് പലരുടേയും ബിൽതുക കൂടാൻ ഇടയാക്കിയത്.

| | |
|---|---|
| 251 യൂണിറ്റ് മുതൽ 300 വരെ | 5.80 രൂപ |
| 301 മുതൽ 350 വരെ | 6.60 രൂപ |
| 351 മുതൽ 400 വരെ | 6.90 രൂപ |
| 401 മുതൽ 500 വരെ | 7.10 രൂപ |
| 501 മുതൽ മുകളിലേക്ക് | 7.90 രൂപ |

പ്രതിമാസ ഉപഭോഗം 250 യൂണിറ്റിൽ അധികമായാൽ നോൺ ടെലസ്കോപ്പിക് രീതിയിലാണ് തുക നിശ്ചയിക്കുക. മൊത്തം യൂണിറ്റിനും മേൽ കൊടുത്ത രീതിയിൽ ഒരേ നിരക്കിൽ ചാർജ് നിശ്ചയിക്കും. ഇത് സൂചിപ്പിക്കുന്നത് ലൈറ്റും ഫാനും മിക്സിയും മോട്ടോർ പമ്പും ഉൾപ്പെടെ ഉപയോഗിക്കുന്ന സാധാരണക്കാരായ ഉപഭോക്താക്കൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കും. എന്നാൽ ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, എയർ കണ്ടിഷണർ, വാട്ടർ കൂളർ അടക്കമുള്ള ആഡംബര ഉപകരണങ്ങൾ യഥേഷ്ടം ഉപയോഗിക്കുന്നവർ കൂടുതൽ ഉയർന്ന നിരക്ക് നൽകേണ്ടിവരും. പാവപ്പെട്ടവർക്കും സാധാരണക്കാർക്കും താങ്ങാവുന്ന വിലയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് ക്രോസ്സബ്സിഡി നൽകുന്നത് ഈ രീതിയിലാണ്.

കെഎസ്ഇബി ഒരു യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചോ വാങ്ങിയോ പ്രസരണ വിതരണ ലൈനുകളിലൂടെ ഉപഭോക്താവിന് എത്തിക്കുന്നതിന് റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ചെലവ് 6.14 രൂപയാണ്. ഇത്രയും വിലയുള്ള വൈദ്യുതിയാണ് 50 യൂണിറ്റ് വരെ ഉപയോഗിക്കുന്നവർക്ക് 3.15, 3.70, 4.80 രൂപ നിരക്കിൽ നൽകുന്നത്. ഇങ്ങനെ വില കുറച്ച് നൽകുന്നതിലൂടെ ഉണ്ടാകുന്ന നഷ്ടം നികത്തുന്നത് കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്ന് 5.80, 6.60, 6.90, 7.10, 7.90 രൂപ നിരക്കിൽ ഈടാക്കിക്കൊണ്ടാണ്. 70 ലക്ഷത്തിൽപരം ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ വൈദ്യുതി നൽകുന്നുണ്ട്.

## എന്താണ് ഡിഎൽ അഡ്ജസ്റ്റ്മെന്റ്?

കറന്റ് ബില്ലിൽ കാണുന്ന ഡിഎൽ അഡ്ജസ്റ്റ്മെന്റ് തുക ഏറെ തെറ്റിദ്ധരിപ്പിക്കപ്പെട്ട ഒന്നാണ്. ഏതെങ്കിലും കാരണവശാൽ റീഡിംഗ് എടുക്കാൻ കഴിയാതെ വരുന്ന അവസരങ്ങളിൽ ശരാശരി ബിൽ തുക ഈടാക്കുകയാണ് ചെയ്യുക. തൊട്ട് മുമ്പുള്ള മൂന്ന് ബില്ലുകളുടെ ശരാശരി റീഡിംഗിന് തുല്യമായ തുകയാണ് ആവറേജ് ബില്ലിൽ നൽകുക. മാർച്ച് 24 മുതൽ ഏപ്രിൽ 20 വരെ ലോക്ക്ഡൗൺ കാരണം റീഡിംഗ് എടുക്കാൻ കഴിയാതെ വന്നപ്പോൾ ശരാശരി തുക ഈടാക്കുകയാണ് ചെയ്തത്. എന്നാൽ കടുത്ത വേനൽകാലമായ മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ഉയർന്ന ഉപഭോഗവും ലോക്ക്ഡൗൺകാലത്തെ ഏറ്റവും കൂടിയ ഉപഭോഗവും ചേർന്ന് ശരാശരി നൽകിയതിനേക്കാൾ വളരെ കൂടിയ യൂണിറ്റായിരുന്നു യഥാർത്ഥ ഉപഭോഗം. ഇത്തരത്തിൽ മിക്കഗാർഹിക ഉപഭോക്താക്കൾക്കും കൂടുതൽ ഉപഭോഗം ഉണ്ടായിട്ടുണ്ട്. അടുത്ത റീഡിംഗ് എടുത്തത് മെയ്മാസത്തിന് ശേഷമാണ്. ഇങ്ങനെ നാല് മാസത്തെ റീഡിംഗ് ഒരുമിച്ച് എടുത്തതുകൊണ്ടാണ് ഉയർന്ന സ്ലാബിലേക്ക് മാറിയത്. എന്നാണ് ചിലർ ആക്ഷേ

പിക്കുന്നത്. എന്നാൽ ഈ ആക്ഷേപത്തിന് അടിസ്ഥാനമില്ല. കാരണം നാലുമാസത്തെ റീഡിംഗ് ഒരുമിച്ചെടുത്തുകൊണ്ടല്ല സ്ലാബ് തീരുമാനിക്കുന്നത്. മറിച്ച് നാല് മാസത്തെ റീഡിങ്ങിനെ നാലുകൊണ്ട് ഹരിച്ച് ഒരുമാസത്തെ റീഡിംഗ് കണക്കാക്കി അതിനനുസരിച്ചുള്ള കുറഞ്ഞ സ്ലാബിന്റെ അടിസ്ഥാനത്തിലാണ് ബിൽ തുക കണക്കാക്കുന്നത്. ഈ വിധത്തിൽ ആദ്യരണ്ട് മാസത്തെ ബിൽ തുക തീരുമാനിച്ചതിന് ശേഷം അതിൽ നിന്ന് ശരാശരി നൽകിയ ബിൽ തുക കഴിച്ചാൽ ലഭിക്കുന്ന തുകയാണ് ഡിഎൽ അഡ്ജസ്റ്റ്മെന്റ് ആയി അടുത്ത ബിൽ തുകയോയൊപ്പം കൂട്ടിയിട്ടുള്ളത്. ശരാശരി അടച്ച തുക യഥാർത്ഥത്തിലുള്ള തുകയേക്കാൾ കൂടുതലാണെങ്കിൽ അത് ഡിഎൽ അഡ്വാൻസായി കണക്കാക്കി അടുത്ത ബിൽ തുകയിൽ നിന്ന് കുറച്ചുകൊടുക്കുകയും ചെയ്യും. ഇങ്ങനെയാണ് ബിൽ തയാറാക്കിയിട്ടുള്ളത്. അതായത് ആദ്യത്തെ രണ്ട് മാസത്തെ റീഡിംഗ് എടുക്കാത്തതിന്റെ പേരിൽ ഉപഭോക്താവ് ഒരു നയാപൈസയും അധികമായി കൊടുക്കേണ്ടതില്ല. കടുത്ത വേനൽ കാലമായതിനാലും ലോക്ഡൗൺ കാലമായതിനാലും എല്ലാ വീടുകളിലും ഉണ്ടായ വർധിച്ച ഉപഭോഗത്തിന്റെ ഭാഗമായാണ് കറന്റ് ബിൽ തുക വർധിച്ചത്. ഇത് കേരളത്തിൽ മാത്രമല്ല എല്ലായിടത്തും ഉണ്ടായിട്ടുള്ളതാണ്. മറ്റൊരു പ്രശ്നം വന്നത് അറുപത്തി ഒന്നാമത്തെ ദിവസം റീഡിംഗ് എടുക്കേണ്ടതിനുപകരം കൂടുതൽ ദിവസങ്ങൾക്ക്ശേഷം 61,62,63 തുടങ്ങി കൂടുതൽ ദിവസങ്ങൾക്കുശേഷം എടുത്ത റീഡിംഗ് ഉയർന്ന സ്ലാബിലേക്ക് മാറിയിട്ടുണ്ട്. അത് പലപ്പോഴും സംഭവിക്കാറുണ്ട്. എന്തെങ്കിലും അവിചാരിതമായ കാരണങ്ങളാൽ റീഡിംഗ് വൈകിയാൽ ഇങ്ങനെ സംഭവിക്കാറുണ്ട്. അങ്ങനെ റീഡിംസ് വൈകിയതിന്റെ പേരിൽ കൂടുതൽ യൂണിറ്റ് വന്നവരുടെ ബിൽ സെക്ഷൻ ഓഫീസുകളിനിന്ന് തിരുത്തി നൽകുകയാണ് ചെയ്യുക. ഉദാഹരണത്തിന് എഴുപതാമത്തെ ദിവസമാണ് റീഡിംഗ് എടുത്തതെങ്കിൽ അങ്ങനെ ലഭിച്ച യൂണിറ്റിനെ എഴുപതുകൊണ്ട് ഹരിച്ചാൽ ഒരു ദിവസത്തെ ഉപഭോഗം ലഭിക്കും.

അങ്ങനെ ലഭിക്കുന്ന ഒരു ദിവസത്തെ യൂണിറ്റ് ഉപയോഗിച്ച് ഒരു മാസത്തെ യൂണിറ്റ് കണക്കാക്കാം. എന്നിട്ട് അതിനനുസരിച്ചുള്ള സ്ലാബിൽ നിരക്ക് നിശ്ചയിക്കും. അതായത് റീഡിംഗ് എടുക്കാൻ വൈകിയതിന്റെ പേരിലും ആരും നയാപൈസ അധികം നൽകേണ്ടതില്ല.

അടച്ചിട്ടിരുന്നതിനാൽ തീരേ ഉപയോഗിക്കാത്ത വാണിജ്യസ്ഥാപനങ്ങൾക്കും മറ്റും വലിയബിൽ വന്നതിനെക്കുറിച്ചും വിമർശനം ഉയർന്നിട്ടുണ്ട്. മീറ്റർ റീഡിംഗ് ലഭിക്കാത്തതുകൊണ്ട് തൊട്ടുമുമ്പുള്ള മൂന്ന് ബില്ലിന്റെ ശരാശരി റീഡിംഗ് കണക്കാക്കിയാണ് ബിൽതുക നിശ്ചയിക്കുന്നത്. എന്നാൽ കടതുറന്നുകൊടുത്ത് മീറ്റർ പരിശോധിച്ച് റീഡിംഗ് ഒന്നുമില്ലെങ്കിൽ മിനിമം തുകയായി കുറച്ചുകൊടുക്കും. ബിൽ അടച്ചുപോയിട്ടുണ്ടെങ്കിൽ അധികം അടച്ചതുക അടുത്ത ബില്ലിൽ നിന്ന് കിഴിച്ചുകൊടുക്കും. ഈ നിലയിൽ തികച്ചും സുതാര്യമായാണ് കെ. എസ്. ഇ. ബി. ബിൽ തയ്യാറാക്കുന്നത്. തികച്ചും അസാധാരണമായ ഒരു സാഹചര്യത്തിൽ രണ്ട് മാസത്തിലേറെക്കാലം മുഴുവൻ കുടുംബാംഗങ്ങളും പുറത്തൊന്നും പോകാതെ വീട്ടിൽതന്നെ കഴിഞ്ഞതിനാലും കടുത്ത വേനൽക്കാലം ആയതിനാലും പതിവിലേറെ വൈദ്യുതി ഉപഭോഗം വരുന്നതിന്റെ ഭാഗമായി മാത്രമാണ് കറന്റ് ബിൽ കൂടിയത്. സ്വാഭാവികമായും ഉണ്ടായതും അനിവാര്യമായതുമായ ഈ വർദ്ധനവിന്റെ പേരിൽ, ഇന്ന് രാജ്യത്ത് തന്നെ മികച്ച നിലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി. ക്കെതിരെ ദുഷ്പ്രചരണം നടത്തുന്നതും രാഷ്ട്രീയ മുതലെടുപ്പിന് ശ്രമിക്കുന്നതും അങ്ങേയറ്റം അപഹാസ്യവും അപലപനീയവുമാണ്. ലോക്ഡൗൺ കാരണം തൊഴിലും വരുമാനവുമില്ലാത്തതിനാൽ കൂടിയ തുകയ്ക്കുള്ള ബിൽ അടക്കുവാൻ ബുദ്ധിമുട്ടുന്ന ഉപഭോക്താക്കളെ സഹായിക്കുവാൻ സംസ്ഥാന സർക്കാർ 200 കോടി രൂപയുടെ സബ്സിഡി നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എൽഡിഎഫ് ഗവണ്മെന്റ് കൈക്കൊണ്ട ജനപക്ഷ നിലപാട് സ്വാഗതാർഹമാണ്. ■



# “ബേസിക് സേവിംഗ് ഡെപ്പോസിറ്റ് അക്കൗണ്ട് {BSBDA}” “ജൻ ധൻ അക്കൗണ്ട്” ആയ കഥ

**പ്രശാന്ത്**

ജൻധൻ അക്കൗണ്ടുകൾ കോവിഡ് കാലത്ത് വീണ്ടും ചർച്ചാ വിഷയം ആയിരിക്കുകയാണല്ലോ. രോഗവ്യാപനത്തെത്തുടർന്ന് തൊഴിലില്ലാതായ പാവപ്പെട്ട ജനങ്ങളുടെ അക്കൗണ്ടുകളിൽ കേന്ദ്ര സർക്കാർ നേരിട്ട് പണം നിക്ഷേപിക്കണം എന്ന് രാഷ്ട്രീയ കക്ഷികളും സാമ്പത്തിക വിദഗ്ദരും ആവശ്യപ്പെടുകയും ചെയ്തു. ബി.ജെ.പിയുടെ വക്താക്കളിൽ പലരും ചാനൽ ചർച്ചകളിൽ അവകാശപ്പെടുന്നത് ജൻ ധൻ അക്കൗണ്ടുകൾ അവരുടെ തനത് ആശയമാണെന്നാണ്. ചർച്ചയിൽ പങ്കെടുക്കുന്ന എതിർ ഭാഗക്കാരിൽ പലരും ഇത് സമ്മതിച്ച് കൊടുക്കുന്ന കാഴ്ചയും കാണാം. പ്രധാൻ മന്ത്രി ജൻ ധൻ യോജനയിലൂടെ വലിയൊരു ഭാഗം അക്കൗണ്ടുകൾ തുറക്കപ്പെട്ടു എന്നത് യാഥാർത്ഥ്യം ആണെങ്കിലും വർഷങ്ങളായി ട്രാൻസാക്ഷൻ നടക്കാത്തതിനാൽ ഇവയിൽ പലതും ഇപ്പോ പ്രവർത്തിക്കാത്ത അവസ്ഥയിലാണ്. ഭരണകക്ഷി ജൻ ധൻ യോജനയെപ്പറ്റി അതിരു കവിഞ്ഞ അവകാശവാദങ്ങളാണ് ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. അതെല്ലാം യാഥാർത്ഥ്യബോധമില്ലാത്ത കാര്യങ്ങളാണെന്ന് വീണ്ടും വീണ്ടും തെളിയിക്കപ്പെട്ടിട്ടുണ്ട്. നമുക്ക് ജൻ ധൻ അക്കൗണ്ടുകളുടെ ചരിത്രം ഒന്ന് പരിശോധിക്കാം. ജൻ ധൻ അക്കൗണ്ടുകളെക്കുറിച്ച് മനസിലാക്കുന്നതിന് മുൻപ് അല്പം ചില കാര്യങ്ങൾ റിസർവ് ബാങ്ക് മുൻകൈയെടുത്ത് നടപ്പിലാക്കിയതും പിന്നീട് അവസാന ഘട്ടം എത്തിയപ്പോൾ കേന്ദ്ര ഗവർമ്മെണ്ടിനാൽ ഹൈജാക്ക് ചെയ്യപ്പെട്ടതുമായ സാമ്പത്തികമായ ഉൾച്ചേർക്കലിനെക്കുറിച്ച്( financial inclusion) മനസിലാക്കേണ്ടതുണ്ട്.

ഗ്രാമീണ ജനവിഭാഗങ്ങൾക്കിടയിൽ പണം മിച്ചം വെയ്ക്കുക എന്നത് ഒരു സംസ്കാരമായി വളർത്തുക, അവരുടെ തന്നെ പങ്കാളിത്തത്തോടെ ആ വിഭാഗം ജനങ്ങളുടെ സാമ്പത്തിക വളർച്ച ഉറപ്പാക്കുക എന്നിവ ഉറപ്പാക്കി നമ്മുടെ സമ്പദ്ഘടനയുടെ സാമ്പത്തികാടിത്തറ വിപുലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സാമ്പത്തിക ഉൾച്ചേർക്കൽ എന്ന ആശയം രൂപപ്പെട്ടത്. വിദൂരപ്രദേശങ്ങളിൽ താമസിക്കുന്നവർ അടക്കമുള്ള എല്ലാ ജനങ്ങളെയും നമ്മുടെ സമ്പദ്ഘടനയുടെ ഭാഗമാക്കുക എന്നതാണ് ലക്ഷ്യം വെയ്ക്കുന്നത്. പണം നിക്ഷേപിക്കുന്നതിനായി പ്രയാസമില്ലാതെ ബാങ്ക് അക്കൗണ്ടുകൾ തുറക്കുവാൻ അവസരം ഒരുക്കുക, ദരിദ്ര ജനവിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ഉചിതമായ വായ്പകൾ ലഭ്യമാക്കുക, ഇൻഷുറൻസ് ഉൾപ്പെടെയുള്ള എല്ലാ സാമ്പത്തിക ഉല്പന്നങ്ങൾക്കും അവരെ പ്രാപ്യരാക്കുക എന്നിവയൊക്കെ ഈ പദ്ധതിയുടെ ഭാഗമാണ്.



റിസർവ് ബാങ്ക് നടത്തിയ വിവിധ പഠനങ്ങളിൽ നിന്ന് വ്യക്തമായത് രാജ്യത്തെ പകുതിയിലധികം പേർക്കും ബാങ്ക് അക്കൗണ്ട് ഇല്ല, നാലിൽ മൂന്ന് പേർക്ക് ഒരു തരത്തിലുള്ള ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാകുന്നില്ല എന്നാണ്. ബാങ്ക് ദേശസാൽക്കരണം, വാണിജ്യ, സഹകരണ, ഗ്രാമീണ ബാങ്ക് ശാഖകളുടെ ശൃംഖല വികസിപ്പിക്കൽ, മുൻഗണനാ വിഭാഗങ്ങൾക്ക് നിർബന്ധമായും നൽകേണ്ട വായ്പകൾ, ലീഡ് ബാങ്ക് സ്കീം, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം,




വീട്ടുമുറ്റത്ത് ബാങ്കിങ്ങ് സേവനം എത്തിക്കുന്നതിനായി ബാങ്കിങ്ങ് കറസ്പോണ്ടന്റുമാരെയും ബാങ്കിങ്ങ്/ബിസിനസ് ഫസിലിറ്റേറ്റർമാരെയും നിയമിക്കൽ, സീറോ ബാലൻസ് അക്കൗണ്ടുകൾ എന്നിവയാണ് കഴിഞ്ഞ അഞ്ച് ദശകങ്ങളിൽ സാമ്പത്തിക ഉൾച്ചേർക്കൽ ലക്ഷ്യമിട്ട് നടപ്പിലാക്കിയ വിവിധ നടപടികൾ.

2005 നവംബർ മാസത്തിൽ മിനിമം ബാലൻസ് നിബന്ധനയില്ലാത്ത അക്കൗണ്ടുകൾ സാധാരണക്കാർക്ക് ലഭ്യമാക്കുവാൻ ആർ.ബി.ഐ ബാങ്കുകൾക്ക് നിർദ്ദേശം നൽകി. ബാങ്കിങ്ങ് സേവനം അപ്പോഴും ലഭ്യമല്ലാതിരുന്ന കുടുംബങ്ങൾക്ക് ഇത്തരത്തിലുള്ള അക്കൗണ്ടുകൾ നിലനിർത്താൻ അനുവദിക്കുക, മാസത്തിൽ ഒരു നിശ്ചിത എണ്ണം ഇടപാടുകൾ മാത്രം നടത്തുവാൻ അനുവദിക്കുക എന്നതായിരുന്നു ഇതിലൂടെ ഉദ്ദേശിച്ചത്. കുറച്ച് കാലം കഴിഞ്ഞപ്പോൾ സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികളിലൂടെ നൽകേണ്ട തുക എത്തിക്കുക, തൊഴിലുറപ്പ് പദ്ധതിയുടെ കൂലി എത്തിക്കുക തുടങ്ങിയവ സുരക്ഷിതമായും വേഗത്തിലും എത്തിക്കുവാനുള്ള ഇത്തരം അക്കൗണ്ടുകളുടെ സാധ്യത തെളിഞ്ഞ് വന്നു. സർക്കാരിന്റെ സമ്മർദ്ദ ഫലമായി നോഫ്രിൽസ് അക്കൗണ്ടുകളുടെ എണ്ണം 2006ൽ 5 ലക്ഷം മാത്രം ആയിരുന്നത് 2009 മാർച്ച് 31ന് 33 ദശലക്ഷം ആയി വർദ്ധിച്ചു.

2010ൽ റിസർവ് ബാങ്ക് സാമ്പത്തിക ഉൾച്ചേർക്കലിനായി കൃത്യമായ ഘടനയും ആസൂത്രണവും ഉള്ള ഒരു സമീപനം സ്വീകരിക്കുവാനും ഉന്നതതലത്തിൽ ഇക്കാര്യത്തിലുള്ള പ്രതിബദ്ധത ഉറപ്പുവരുത്താനുമായി Board approved Financial Inclusion Plans(FIPS) നടപ്പിലാക്കുവാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകി. ബോർഡ് ത്രിവർഷ പദ്ധതികൾ അംഗീകരിച്ചു. ഏപ്രിൽ 2010 മുതൽ മാർച്ച് 2013 വരെയും 2013 ഏപ്രിൽ മുതൽ 2016 മാർച്ച് വരെയും. ആർ.ബി.ഐ FIP കളെ ബാങ്കുകൾ അവരുടെ സാമ്പത്തിക ഉൾച്ചേർക്കൽ പദ്ധതി നിർവഹിക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തുവാൻ ഉപയോഗിച്ചു. ബാങ്കുകളുടെ ടാർജറ്റും അവരുടെ പ്രകടനവും നിരീക്ഷിക്കുന്നതിനായി റിസർവ് ബാങ്ക് സമഗ്രമായൊരു സംവിധാനവും ഒരുക്കി. ഗ്രാമീണ മേഖലയിൽ പുതിയതായി ശാഖകൾ ആരംഭിക്കുന്നതിന് ബാങ്കുകൾ സ്വയം നിശ്ചയിക്കുന്ന ടാർജറ്റ്, വിനിയോഗിക്കപ്പെട്ട ബിസിനസ് കറസ്പോണ്ടൻന്റുമാരുടെ എണ്ണം, രണ്ടായിരത്തിൽ താഴെ/രണ്ടായിരത്തിനു മുകളിൽ ജനസംഖ്യ ഉള്ളതും ബാങ്കിംഗ് സംവിധാനം ഇല്ലാത്തതുമായ ഗ്രാമങ്ങളിൽ ബാങ്ക് ശാഖകൾ തുറക്കുക വഴിയോ മറ്റ് സംവിധാനങ്ങൾ വഴിയോ ബാങ്കിംഗ് സൗകര്യം എത്തിച്ചതിന്റെ

കണക്ക്, പുതിയതായി തുടങ്ങിയ ഉപാധി രഹിത അക്കൗണ്ടുകൾ(nofrills accounts), കിസാൻ ക്രെഡിറ്റ് കാർഡ്, ജനറൽ ക്രെഡിറ്റ് കാർഡ് എന്നിവ നൽകിയതിന്റെ കണക്ക്, സാമ്പത്തിക സംവിധാനങ്ങൾ ലഭ്യമല്ലാതിരുന്നവർക്കായി രൂപീകരിക്കപ്പെട്ട പുതിയ ഉല്പന്നങ്ങൾ എന്നിവയെല്ലാം ഈ പ്ലാനിൽ ഉൾപ്പെടുന്നു. FIPയെ അവരുടെ ബിസിനസ് പ്ലാനുമായി സംയോജിപ്പിക്കുവാനും സാമ്പത്തിക ഉൾച്ചേർക്കലിൽ വഹിച്ച പങ്ക് ജീവനക്കാരുടെ പ്രവർത്തനക്ഷമത വിലയിരുത്താനുള്ള അളവുകോലായി കണക്കാക്കുവാനും റിസർവ് ബാങ്ക് നിർദ്ദേശിച്ചു. ഇതിന്റെയെല്ലാം നടത്തിപ്പിന്റെ കാര്യക്ഷമത മാസ/ത്രൈമാസ അവലോകന റിപ്പോർട്ടുകളിലൂടെ റിസർവ് ബാങ്ക് സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്യു. 2011 മാർച്ചോടെ 7 കോടി ഉപാധിരഹിത അക്കൗണ്ടുകളാണ് തുറക്കപ്പെട്ടത്. 2013ൽ ഇടപാടുകാർക്ക് അടിസ്ഥാന തലത്തിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ നൽകുവാൻ റിസർവ് ബാങ്ക് നിർദ്ദേശം നൽകി. ഇത്തരം അക്കൗണ്ടുകളിലൂടെ താഴെ പറയുന്ന സൗകര്യങ്ങൾ ഉറപ്പ് വരുത്താനും നിർദ്ദേശം നൽകി.

●ഈ അക്കൗണ്ടുകൾ എല്ലാവർക്കും ലഭ്യമാകുന്ന ക്രമാനുസാരമായ ബാങ്കിംഗ് സേവനം ആയി പരിഗണിക്കണം. മിനിമം ബാലൻസ് നിബന്ധനകൾ പാടില്ല

●ഇത്തരം അക്കൗണ്ടുകളിലൂടെ എല്ലാ ബാങ്ക് ശാഖകളിൽ നിന്നും എ.ടി.എമ്മുകളിൽ നിന്നും പണം നിക്ഷേപിക്കുവാനും പിൻവലിക്കുവാനും കഴിയണം. ഇലക്ട്രോണിക്ക് മാർഗത്തിലൂടെ പണം സ്വീകരിക്കുവാനും അയയ്ക്കുവാനും കഴിയണം.

●എ.ടി.എം കാർഡും ഡെബിറ്റ് കാർഡും ഇത്തരത്തിലുള്ള സേവനങ്ങൾക്ക് ഒരു തരത്തിലുള്ള സർവീസ് ചാർജും ഈടാക്കാൻ പാടില്ല.

●അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമെയുള്ള മറ്റ് മൂല്യവർദ്ധിത സേവനങ്ങൾ നൽകുവാനും അവയ്ക്ക് നിശ്ചിത വില ഈടാക്കുവാനും ബാങ്കുകൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കും.

●ഇത്തരം അടിസ്ഥാന അക്കൗണ്ടുകൾ റിസർവ് ബാങ്ക് അതാത് സമയത്ത് നിർദ്ദേശിക്കുന്ന കെ.വൈ.സി നിബന്ധനകളും കള്ളപ്പണം വെളുപ്പിക്കുന്നതിനെതിരെയുള്ള നിബന്ധനകൾ പാലിച്ച് കൊണ്ട് വേണം അനുവദിക്കുവാൻ.

●ഇത്തരം അടിസ്ഥാന അക്കൗണ്ട് ഉടമകൾക്ക് മറ്റ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആ ബാങ്കിൽ തുടങ്ങുവാൻ അനുവാദം ഉണ്ടായിരിക്കില്ല.

2013ൽ Direct Benefit Transfer സൗകര്യത്തിനായി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളെ ആധാറുമായി ബന്ധിപ്പിച്ചു.

പ്രധാൻ മന്ത്രി ജൻ ധൻ യോജന(PMJDY) ആരംഭിച്ചത് 2014 ആഗസ്റ്റ് 28 നാണ്. ഇത് സാമ്പത്തിക ഉൾച്ചേർക്കലിന്റെയും സാമ്പത്തിക സാക്ഷരതയുടെയും കാര്യത്തിൽ റിസർവ് ബാങ്ക് തുടക്കം കുറിച്ച് പദ്ധതികൾക്ക് ഊർജ്ജം നൽകിയിട്ടുണ്ട്. 2015ലെ റിസർവ് ബാങ്കിന്റെ വാർഷിക റിപ്പോർട്ടിൽ പറയുന്നത് സാമ്പത്തിക ഉൾച്ചേർക്കൽ പരിശ്രമങ്ങൾക്ക് PMJDYയും റിസർവ് ബാങ്കിന്റെ യോജിച്ച പ്രവർത്തനങ്ങളും വലിയൊരു പ്രോൽസാഹനമായി എന്നാണ്. അതേ റിപ്പോർട്ടിൽ തന്നെ PMJDYയുടെ പ്രത്യേകതയായി പറയുന്നത് ഇവയാണ്.

- **ഏത് ബാങ്ക് ബ്രാഞ്ച് ശാഖകളിലും അടിസ്ഥാന സൗകര്യ അക്കൗണ്ടുകൾ(BSBD) തുറക്കാനുള്ള അവസരം**
- **ഒരു ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ്, 30,000 രൂപയുടെ ലൈഫ് ഇൻഷുറൻസ്**
- **ഓവർ ഡ്രാഫ്റ്റ് സൗകര്യം(നിബന്ധനകളോടെ)**

ഈ പദ്ധതി നടപ്പിൽ വരുത്തിയതിന് ശേഷം 2015 ജൂൺ 30 വരെ 16.57 കോടി അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.



**സംഗ്രഹം**

സാധാരണക്കാർക്ക് അടിസ്ഥാന ബാങ്കിംഗ് സൗകര്യം ലഭ്യമാക്കുന്ന തരത്തിലുള്ള ഉപാധി രഹിത അക്കൗണ്ടുകൾ (No Frills account) 2005ൽ തന്നെ ആരംഭിച്ചതാണ്. പിന്നീട് അതിനെ Basic Savings Deposit Accounts എന്ന് പേര് മാറ്റുകയും ചെയ്യു. തുടർന്ന് 2014 ൽ അധികാരത്തിൽ എത്തിയവർ ജൻ ധൻ അക്കൗണ്ടുകൾ എന്ന പേര് നൽകുകയും ചെയ്യു. പേര് മാറ്റുന്നതിൽ എന്നും ഒരു പടി മുന്നിൽ.

# സിഐടിയു സ്ഥാപക ദിനം കേരളത്തിൽ




















